# 7

# മൽക്കിസെദേക്കിന്റെ അത്ഭുത പൗരോഹിത്യം

## (7:1- 28)

മൽക്കിസെദേക്കിനെ ആദ്യം പരിചയപ്പെടുത്തിയ ശേഷം (5:6, 10; 6:20), ലേഖകൻ, മൽക്കിസെദേക്കും ക്രിസ്തുവും തമ്മിലുള്ള സമാനതകൾ വിവരിക്കുകയാണ്. എങ്ങനെയായാലും, ഊന്നൽ മൽക്കിസെദേക്കിനല്ല, ക്രിസ്തുവിനാണ്. ക്രിസ്തു മൽക്കിസെദേക്കിനെയല്ല, മറിച്ച് മൽക്കിസെദേക്ക് ആണ് "കർത്താവായ യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നത്."[1]

മൽക്കിസെദേക്ക് അസാധാരണമായി ദൈവ മുൻപാകെ നിൽക്കുന്നത് ഉൽപത്തി 14:17-20 ലും, അവന്റെ പൗരോഹിത്യത്തെ സങ്കീർത്തനങ്ങൾ 110:4 ലും വിവരിച്ചിരിക്കുന്നു. മറ്റു പഴയനിയമ പുസ്തകങ്ങളിലൊന്നിലും ആ ശ്രദ്ധേയ വ്യക്തിയെ കുറിച്ച് പറയുന്നില്ല, പുതിയ നിയമത്തിൽ എബ്രായ ലേഖനത്തിൽ മാത്രമാണ് പറയുന്നത്.

പഴയ നിയമം ക്രിസ്തുവിനെ കേന്ദ്രീകരിച്ചതാണെന്ന് തെളിയിക്കുന്നതാണ് എബ്രായ പുസ്തകത്തിലെ പഴയനിയമ ഉദ്ധരണികൾ.[2] ക്രിസ്തുവിന്റെ പൗരോഹിത്യ പങ്കിന്റെ ഉൾക്കാഴ്ച്ച നൽകുന്നതാണ് മൽക്കിസെദേക്കിന്റെ പൗരോഹിത്യം. മർമ്മമായിരുന്ന, പുരാതന പുരോഹിതനും/രാജാവുമായിരുന്ന മൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നാണ് പുതിയ പൗരോഹിത്യത്തെ പറഞ്ഞിരിക്കുന്നത്. രണ്ട് പുരോഹിതന്മാരും തമ്മിലുള്ള സാമ്യത്തെയാണ് ലേഖകൻ എടുത്തു പറയുവാൻ ആഗ്രഹിക്കുന്നത്.[3] "നിഴലില്ലാത്ത ഒന്ന് നിത്യമാണ്, അപ്പോൾ പിന്നെ യഥാർത്ഥത്തിലുള്ളതിന് നിഴലുമില്ല."[4] പഴയ നിയമ പിന്തുണയില്ലാതെ, എബ്രായരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ലേഖകന് കഴിയുമായിരുന്നില്ല.

തന്റെ വായനക്കാരുടെ ആത്മിയ മാന്ദ്യം തരണം ചെയ്യുവാനായി കർത്താവായ യേശുവിനെ കുറിച്ചുള്ള "കട്ടിയായ ആഹാരം" നൽകുവാൻ ആഗ്രഹിച്ചു. 5:11-6:8 ലെ ശാസന, ക്രിസ്തുവിന്റെ പൗരോഹിത്യ വിഷയം ശ്രദ്ധയോടെ മനസിലാക്കുവാനുള്ളതായിരുന്നു. രണ്ട് വിവരണങ്ങളും-ഉൽപത്തി 14 ഉം സങ്കീർത്തനങ്ങൾ 110:4 ഉം പൂർണ്ണമായി താരതമ്യം ചെയ്യുവാൻ ലേഖകന് ആവശ്യമായിരുന്നു.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് മുന്നോടിയായിരുന്ന മൽക്കിസെദേക്കിനെക്കാൾ കുറഞ്ഞവനായിരുന്നു അബ്രഹാം. ക്രിസ്തു അബ്രഹാമിനേക്കാളും ലേവി വംശത്തെക്കാളും, അഹരോനേക്കാളും വലിയവനാണ് എന്ന് ആ വസ്തുത സ്ഥിരീകരിക്കുന്നു. ഇതിനു മുൻപ് എബ്രായ ലേഖന വായനക്കാർ ക്രിസ്തുവിന്റെ പൗരോഹിത്യത്തെ കുറിച്ച് ദൈവശ്വാസിയ പ്രാസംഗികർ പ്രസംഗിച്ചതായോ അല്ലെങ്കിൽ, എഴുതിയതായോ കേട്ടിരിക്കുവാനിടയില്ല. 7:1 ലെ പ്രയോഗം ശ്രദ്ധിക്കുക. അവർക്ക് അറിയാവുന്ന സങ്കീർത്തനങ്ങൾ 110 ലെ മശിഹയെ ഇത്തരത്തിൽ ബന്ധിപ്പിച്ചിരിക്കുന്നത് അറിഞ്ഞിരിക്കയില്ല.

എങ്ങനെയായാലും, രണ്ട് പൗരോഹിത്യവും-ക്രിസ്തുവിന്റേതും മൽക്കിസെദേക്കിന്റേതും-അവരുടെ അവസാനിക്കാത്ത പ്രകൃതവും, നീതിയും സമാധാനവും സ്വഭാവവിശേഷതകളാണ്.

## അബ്രഹാമും മൽക്കിസെദേക്കും
## (7:1-10)

**[1]ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈ മൽക്കിസെദേക്ക് രാജാക്കന്മാരെ ജയിച്ച് മടങ്ങി വരുന്ന അബ്രഹാമിനെ എതിരേറ്റ് അനുഗ്രഹിച്ചു. [2]അബ്രഹാം അവന്നു സകലത്തിലും പത്തിലൊന്ന് കൊടുത്തു. അവന്റെ പേരിന്ന് ആദ്യം നീതിയുടെ രാജാവ് എന്നും പിന്നെ ശാലേം രാജാവ് എന്നു വെച്ചാൽ സമാധാനത്തിന്റെ രാജാവ് എന്നും അർത്ഥം. [3]അവന്നു പിതാവില്ല മാതാവില്ല വംശാവലിയില്ല ജീവാരംഭവും ജീവാവസാനവും ഇല്ല. അവൻ ദൈവപുത്രന് തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു.**

**[4]ഇവൻ എത്ര മഹാൻ എന്നു നോക്കുവിൻ. ഗോത്രപിതാവായ അബ്രഹാം കൂടെയും അവന് കൊള്ളയുടെ വിശേഷ സാധനങ്ങളിൽ പത്തിലൊന്ന് കൊടുത്തുവല്ലൊ. [5]ലേവിപുത്രന്മാരിൽ പൗരോഹിത്യം ലഭിക്കുന്നവർക്ക് ന്യായപ്രമാണപ്രകാരം ജനത്തോട് ദശാംശം വാങ്ങുവാൻ കൽപന ഉണ്ട്; അത് അബ്രഹാമിന്റെ കടിപ്രദേശത്ത് നിന്ന് ഉത്ഭവിച്ച സഹോദരന്മാരോട് ആകുന്നു വാങ്ങുന്നത്. [6]എന്നാൽ അവരുടെ വംശാവലിയിൽ ഉൾപ്പെടാത്തവൻ അബ്രഹാമിനോടു തന്നെ ദശാംശം വാങ്ങിയും വാഗ്ദത്തങ്ങൾ പ്രാപിച്ചവനെ അനുഗ്രഹിച്ചിരിക്കുന്നു. [7]ഉയർന്നവൻ താണവനെ അനുഗ്രഹിക്കുന്നു എന്നതിന് തർക്കം ഏതുമില്ലല്ലൊ. [8]ഇവിടെ മരിക്കുന്ന മനുഷ്യർ ദശാംശം വാങ്ങുന്നു. അവിടെയോ ജീവിക്കുന്നു എന്നു സാക്ഷ്യം പ്രാപിച്ചവൻ തന്നെ. [9]ദശാംശം വാങ്ങുന്ന ലേവിയും അബ്രഹാം മുഖാന്തരം ദശാംശം കൊടുത്തിരിക്കുന്നു എന്ന് ഒരുവിധത്തിൽ പറയാം. [10]അവന്റെ പിതാവിനെ മൽക്കിസെദേക്ക് എതിരേറ്റപ്പോൾ, ലേവി അവന്റെ കടിപ്രദേശത്ത് ഉണ്ടായിരുന്നുവല്ലൊ.**

**വാക്യം 1. ശാലേം രാജാവിനെ** കുറിച്ചാണ് വാക്യം 1 ലും 2 ലും ചുരുക്കി പറയുന്നത്. ഉൽപത്തി 14 ൽ അവനെ ശരിക്ക് പരിചയപ്പെടുത്തുകയോ, അവന്റെ പശ്ചാത്തലം പറയുകയോ, സങ്കീർത്തനങ്ങൾ 110:4 ഉദ്ധരിച്ചതൊഴിച്ച് ഈ അദ്ധ്യായത്തിലെ വിശദീകരണത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല. രാജാവും/**പുരോഹിതനുമായിരുന്നവൻ** അവൻ മാത്രമായിരുന്നോ അതോ വേറെ ആരെങ്കിലും അതുപോലെ ഉണ്ടായിരുന്നോ? മൽക്കിസെദേക്കിന്റേയും അബ്രഹാമിന്റേയും കാലത്ത് മിക്കവാറും ദേശങ്ങൾ വിഗ്രഹാരാധികളും അധാർമ്മികരും ആയിരുന്നു. ശാലേമിലുണ്ടായിരുന്നതുപോലെയുള്ള നീതിമാന്മാർ മറ്റു സ്ഥലങ്ങളിലും ഉണ്ടായിരുന്നു.

എബ്രായ ലേഖനത്തിൽ, "മൽക്കിസെദേക്ക്" എന്നതിന്റെ അക്ഷരികമായ അർത്ഥം "എന്റെ രാജാവ് നീതിയുള്ളവൻ" എന്നാണ് (വാക്യം 2 ലെ "നീതിയുടെ രാജാവ്" നോക്കുക). *മെലേക്ക്* എന്ന വാക്കിൽനിന്നാണ് മൽക്കി വരുന്നത്, അർത്ഥം, "രാജാവ്" എന്നാണ്, സെദേക്ക് വരുന്നത് *സാഡിയാ*

*യിൽ* നിന്നാണ്, അർത്ഥം, "നീതി."[5] സെഖര്യാവ് 9:9, 10 ക്രിസ്തുവിൽ നിറവേറുകയാണ്, അവിടെ പറയുന്നത് "അവൻ ജാതികളോട് സമാധാനവും നീതിയും സംസാരിക്കും," എന്നത് അവന്റെ നീതിയുള്ള വാഴ്ച്ചയെയാണ് അന്തർലീനമാക്കുന്നത്. "അവൻ ആയിരുന്നു നീതിയുള്ള മുളയായി," വരുന്നവനും "രാജാവായി വാണ് ബുദ്ധിയോടെ പ്രവർത്തിച്ച് ദേശത്ത് നീതിയും ന്യായവും നടത്തുന്നവനും." അവൻ രാജാവും പുരോഹിതനുമായി സിംഹാസനത്തിലിരുന്ന് യെഹൂദയെ രക്ഷിക്കും (യിരെ. 23:5, 6; സെഖ. 6:12, 13).

"ശാലേം" എന്ന വാക്ക് എബ്രായ ഭാഷയിൽ "സമാധാനം" എന്നതിനു തുല്യമാണ് (വാ. 2 നോക്കുക), അത് സങ്കീർത്തനങ്ങൾ 76:2 ൽ സീയോൻ എന്ന് തിരിച്ചറിയിക്കുന്നു. ആ പട്ടണത്തെ ജോസെഫസും ചാവുകടൽ ചുരുളും അവതരിപ്പിച്ചിരിക്കുന്നത് യെരുശലേം ആയിട്ടാണ്. വാസ്തവതത്തിലുള്ള സമാധാനം കൊണ്ടുവരുന്ന ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നവനായിരുന്നു മൽക്കിസെദേക്ക്-യുദ്ധം അവസാനിപ്പിക്കുക മാത്രമല്ല, ദൈവത്തിൽനിന്ന് ആന്തരിക സമാധാനം നൽകുകയും ചെയ്യും. യേശു പറഞ്ഞു, "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത്" (യോഹ. 14:27).

മൽക്കിസെദേക്ക് സാധാരണ മനുഷ്യനിൽനിന്നും അപ്പുറമായിരുന്നു എന്നു പറയുന്ന പഴയ നിയമ തെളിവുകൾ ഒന്നുമില്ല. അത് അവനെ കുറിച്ചുള്ള എല്ലാ ഊഹാപോഹങ്ങൾക്കും അറുതി വരുത്തുന്നു. അവന്റെ ചരിത്രത്തെ കുറിച്ച് പരിശുദ്ധാത്മാവ് ഒരു മൂടുപടമിട്ടിരിക്കുകയാവാം. അവന്റെ ജനനവും മരണവും ക്രിസ്തുവിന്റെ ജനനത്തിനും മരണത്തിനും മാതൃകയായിരുന്നു എന്നു പറയാം. ഈ പുരോഹിതൻ ക്രിസ്തുവിന് അലങ്കാരമോ/മാതൃകയോ ആയിരിക്കുമെന്ന് ഉൽപത്തി 14 സൂചന ഒന്നും നൽകുന്നില്ല. ആലങ്കാരികമായി അവൻ പ്രവാചകനായിരിക്കുമെന്ന് സങ്കീർത്തനങ്ങൾ 110:4 വെളിപ്പെടുത്തുന്നു. ക്രിസ്തു പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്ന് വാഴുന്നത് പ്രവചന നിവർത്തീകരണമാണെന്ന് സങ്കീർത്തനങ്ങൾ 110:1 ഉദ്ധരിച്ച് പറയുന്നു (പ്രവൃ. 2:34).

**വാക്യം 2. അബ്രഹാം** മൽക്കിസെദേക്കിനെ വലിയ രീതിയിൽ ബഹുമാനിച്ചിരുന്നു, സകലത്തിലും അവന് ദശാംശം നൽകുവാൻ അവൻ യോഗ്യനും ആയിരുന്നു (**സകല വേലയുടെയും ഫലത്തിലെ പത്തിലൊന്ന്**). എബ്രായരുടെ പിതാവ് എന്തിനാണ് മൽക്കിസെദേക്കിന് അങ്ങനെ ചെയ്തത്? താൻ ദൈവത്തോട് ഉടമ്പടി ചെയ്തതിനാൽ, ഒന്നും തനിക്കായി എടുക്കുകയില്ല എന്ന് അബ്രഹാം നിശ്ചയിച്ചിരുന്നതായി ഉൽപത്തി 14:22-24 ൽ രേഖപ്പെടുത്തിയിരിക്കുന്നു. മൽക്കിസെദേക്കിന് നൽകുന്നത് ദൈവത്തിനു നൽകുന്നതാണെന്ന് അവൻ വിശ്വസിച്ചിരുന്നു. ഒരു നിയമവും ആവശ്യപ്പെടാതെയായിരുന്നു അബ്രഹാം അങ്ങനെ ചെയ്തത്. എങ്ങനെയായാലും, അവൻ പിതാക്കന്മാരുടെ കാലത്തെ ദൈവേഷ്ടം അനുസരിച്ചായിരുന്നു അങ്ങനെ ചെയ്തത്.[6] അന്ന് ഒരു ആരാധനാ വ്യവസ്ഥ ഉണ്ടായിരുന്നു എന്നും ആരാധന നയിക്കുവാൻ പുരോഹിതന്മാരെ ദൈവം നിയോഗിച്ചിരുന്നു എന്നും ആ വസ്തുത സൂചിപ്പിക്കുന്നു. ഇയ്യോബിനെയും യിത്രോയെയും അത്തരം സേവനത്തിൽ ഉൾപ്പെടുത്തിയിരിക്കുവാൻ സാധ്യതയുണ്ട് (മോശെയുടെ അമ്മായി-അപ്പൻ-ആയിരുന്ന-ആൾ; പുറ. 3:1; 18:1-27). അത്തരം ആരാധന ഭൂമിയിൽ എപ്പോഴാണ് നിന്നു പോയത് എന്ന് തീർച്ചയില്ല, എന്നാൽ ക്രിസ്തു വരുന്നതിനു മുൻപ് എപ്പോഴോ അത് സംഭവിച്ചിരുന്നു. ഏ. ഡി. ഒന്നാം നൂറ്റാണ്ട് ആയപ്പോ

ഴേക്ക്, ചെറിയ തോതിലെങ്കിലും, മോശെയുടെ ന്യായപ്രമാണം എഴുതുകയോ ചില ആളുകളുടെ ഹൃദയത്തിൽ അത് നൽകുകയോ ചെയ്തിരിക്കാം, പക്ഷെ ഭൂരിഭാഗം ജനങ്ങളും ദൈവത്തെ ഉപേക്ഷിച്ചിരുന്നു; തൽഫലമായി, ദൈവം അവരെയും ഉപേക്ഷിച്ചിരുന്നു (റോമ. 1:18, 24, 28; 2:14, 15 നോക്കുക).

**വാക്യം 3**. വംശാവലിയുടെ പിന്തുടർച്ചയും നീതിയുള്ള ജീവിതവുമായിരുന്നു യെഹൂദ വ്യവസ്ഥയിൽ പുരോഹിതനായി നിയമിതനാകുവാനുള്ള യോഗ്യത (എബ്രാ. 5:4–6). അക്കാലത്ത് കൃത്യമായ രേഖ സൂക്ഷിച്ചിരുന്നതിനാൽ വംശത്തിന്റെ പിന്തുടർച്ചാവകാശം കണ്ടു പിടിക്കുക എളുപ്പമായിരുന്നു. എസ്രാ 2:62, 63 ഉം നെഹ. 7:63–65 ഉം അനുസരിച്ച്, ഒരാളുടെ വംശാവലി രേഖ കൃത്യമായി തെളിയിക്കപ്പെടുന്നതുവരെ അയാൾ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കാൻ പാടില്ലായിരുന്നു. എങ്ങനെയായാലും, മൽക്കിസെദേക്കിന് ലേവ്യാ വംശമോ അല്ലെങ്കിൽ അഹരോന്റെ പിൻഗാമി എന്നോ ഉള്ള യാതൊരു അവകാശവും ഇല്ലായിരുന്നു. തിരുവെഴുത്തിൽ രേഖപ്പെടുത്താത്തത് തെളിവായി സ്വീകരിക്കുവാനോ അനുസരിക്കുവാനോ നാം ബാദ്ധ്യസ്ഥരല്ല എന്ന് ഉറപ്പിക്കുന്നതാണ് മൽക്കിസെദേക്കിന്റെ ഉദാഹരണം. ആ പോയിന്റ് ഉറപ്പിക്കുവാനാണ് ലേഖകൻ **വംശാവലി കൂടാതെ**, *എനെജെനെയോളജി* എന്നു പറഞ്ഞിരിക്കുന്നത്, ഗ്രീക്ക് ഭാഷയിൽ അത്തരം പ്രയോഗം മറ്റെങ്ങും കാണുന്നില്ല. ലേവ്യാ പൗരോഹിത്യത്തിന് വംശാവലി ആവശ്യമാണ്, എന്നാൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് ആവശ്യമില്ല എന്ന പോയിന്റ് വ്യക്തമാക്കുവാനായിരിക്കാം ലേഖകൻ ആ വാക്ക് ഉപയോഗിച്ചത്, പുരോഹിതന്മാരെ സംബന്ധിച്ച് അത് ഉത്തമമായ കാര്യമാണ്.

അതുകൊണ്ട്, *പുരോഹിതനായിരുന്ന* മൽക്കിസെദേക്കിന് **മാതാവില്ല പിതാവില്ല**. ഒരാളുടെ അപ്പന്റെ രേഖകളൊന്നുമില്ലാതെ വന്നാൽ റോമാക്കാർ അങ്ങനെയുള്ളവനെ "അപ്പൻ ഇല്ലാത്തവൻ" എന്നാണ് വിളിച്ചിരുന്നത്. അപ്പന്റെയോ അമ്മയുടെയോ വംശാവലി രേഖകളില്ലാത്ത ആളെ "അപ്പനും അമ്മയും ഇല്ലാത്തവൻ" എന്നാണ് യെഹൂദന്മാർ വിളിച്ചിരുന്നത്.[7] ജാതിയിൽനിന്ന് പരിവർത്തനം ചെയ്ത ആളെ റബ്ബിമാർ അപ്പൻ ഇല്ലാത്തവൻ എന്നാണ് വിളിച്ചിരുന്നത്.[8] താൻ പൗരോഹിത്യ കുടുംബത്തിൽ ജനിച്ചവനാണെന്നും അത് പൊതുരേഖകളാൽ തെളിയിക്കുവാൻ കഴിയുമെന്നും ജോസെഫസ് തന്റെ വായനക്കാരോട് പറഞ്ഞിരുന്നു.[9]

പഴയ നിയമത്തിൽ ആദ്യം പറഞ്ഞിരിക്കുന്ന പുരോഹിതനാണ് മൽക്കിസെദേക്ക്. ക്രിസ്തു മനുഷ്യരൂപത്തിൽ വന്നവനായിരുന്നു അവൻ എന്ന ആശയത്തെ ദൂരീകരിക്കുന്ന പ്രസ്താവനയാണ് അവൻ **ദൈവപുത്രനെ പോലെ ആയിരുന്നു** എന്നത്, അവനെ *പോലെ* ആയിരുന്നു, അല്ലാതെ അവൻ ആയിരുന്നില്ല. അവൻ വെറും ഒരു "മനുഷ്യൻ" ആയിരുന്നു (വാ. 4). മൽക്കിസെദേക്ക് ദൈവപുത്രനു തുല്യനായിരുന്നു, പക്ഷെ അവൻ ദൈവപുത്രൻ ആയിരുന്നില്ല. പൗരോഹിത്യത്തിന് മൽക്കിസെദേക്കിന് രേഖയിൽ ഒരു മുൻഗാമി ഇല്ലാത്തതിനാൽ, നമ്മുടെ കർത്താവിന്റെ പൗരൊഹിത്യത്തിന് മാതൃകയാകുവാൻ അവനു കഴിഞ്ഞു എന്നതാണ് പോയിന്റ്. അവൻ ലേവിയുടെ വംശാവലിയിൽ പെടാത്തവനാകയാൽ, അബ്രഹാം നേരിട്ട് അവന്റെ പൗരോഹിത്യത്തെ ആദരിച്ചു. മൽക്കിസെദേക്ക് അങ്ങനെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് മാതൃകയായി. പിന്നെ അനേക വർഷങ്ങൾക്ക് ശേഷം, സങ്കീർത്തനങ്ങൾ 110:4 ൽ അവന്റെ ക്രമം അനുസരിച്ച് മറ്റൊരാൾ പുരോഹി

തനാകുവാനിരിക്കുന്നതായി പറയുന്നു. നമ്മുടെ കർത്താവിന് പൗരോഹിത്യ വംശാവലി ഇല്ലെങ്കിലും അത് മഹാപുരോഹിതനാകുവാനുള്ള അവന്റെ യോഗ്യതക്ക് കുറവ് ആകുന്നില്ല.

അവൻ നിരന്തരമായി പുരോഹിതൻ ആയിരിക്കുന്നു. "എന്നേക്കും" (7:17, 21) "നിരന്തരമായി" (7:3), പഴയനിയമത്തിലേതുപോലെ, നിശ്ചിത കാലയളവ് വരെ എന്നാണ് ആ വാക്കിന്റെ അർത്ഥം. സാധാരണ ഒരു സ്വേഛാധിപതി ആയിരിക്കുന്നതിനേക്കാൾ ഉയർന്ന റോമൻ പദവിയെ സൂചിപ്പിക്കുന്ന വാക്കാണ് "ഡിക്ടേറ്റർ പെർപെച്വസ്"[10] സാധാരണ ഒരു ചക്രവർത്തിയോ കൈസറോ എന്നേക്കും ജീവിക്കുകയില്ല എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു; ഭരണാധികാരി എന്നേക്കും ജീവിക്കുകയില്ലെങ്കിലും, പറയുന്നത് "എന്നേക്കുമുള്ള" വാഴ്ച്ച എന്നാണ്.

**വാക്യങ്ങൾ 4-7.** കിഴക്കുള്ള രാജാക്കന്മാരെ തോൽപിച്ച ശേഷം, ലോത്തിനെയും കുടുംബത്തെയും മോചിപ്പിച്ച്, യെരുശലേം എന്ന പ്രദേശം വഴി **അബ്രഹാം** ഹെബ്രോനിലേക്ക് തിരിച്ച് പോയി (ഉല്. 14). യുദ്ധം ജയിച്ച് **നഷ്ടപ്പെട്ടത്** തിരിച്ച് കൊണ്ടുവരുമ്പോൾ, വിടുവിച്ചവരിൽനിന്നുള്ള നന്ദിയെക്കാളും മാന്യതയെക്കാളും അത് കുറവുള്ളതായി തോന്നിയേക്കാം (വാ. 4). ആ പ്രദേശത്തെ അക്കാലത്തെ ഏറ്റവും ആദരണീയനായ വ്യക്തി അവനായിരുന്നു. ഏറ്റവും നല്ല രീതിയിൽ ദൈവത്തിന് നന്ദി ചെലുത്തുവാൻ അബ്രഹാം തയ്യാറായി-അവന് അറിയാവുന്ന വിധത്തിൽ അത് ചെയ്യുകയും ചെയ്തു. യഹോവയുടെ പ്രതിനിധിയായിരുന്ന-"ശാലേം രാജാവും" അത്യുന്നതനായ ദൈവത്തിന്റെ മഹാപുരോഹിതനും ആയ മൽക്കിസെദേക്കിന് നല്ലൊരു സംഖ്യ ദൈവവേലക്കായി നൽകി.[11] ദൈവസന്നിധിയിൽ തന്നേക്കാൾ വലിയവനാണ് പുരോഹിതനും/രാജാവുമായ വ്യക്തി എന്നാണ് ആ പ്രവൃത്തിയിൽ കൂടെ തെളിയിച്ചത് (വാ. 7 നോക്കുക). അവൻ മൽക്കിസെദേക്കിന് ദശാംശം നൽകിയതും, മൽക്കിസെദേക്ക് അവനെ അനുഗ്രഹിച്ചതും അതാണ് തെളിയിക്കുന്നത്. ആ മനുഷ്യന്റെ മഹത്വം അബ്രഹാം എങ്ങനെ മനസിലാക്കി എന്ന് നമുക്ക് ഊഹിക്കുവാനേ കഴിയു. ഒന്നുകിൽ അവന് ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചിരിക്കാം, അല്ലെങ്കിൽ മൽക്കിസെദേക്ക് തന്റെ പൗരോഹിത്യ സേവനം പൊതുവിൽ അറിയത്തക്കവണ്ണം ആയിരിക്കാം പ്രവർത്തിച്ചിരുന്നത്.

അബ്രഹാം കൊടുക്കുവാൻ തീരുമാനിച്ചത് **പത്തിലൊന്ന്** ആയിരുന്നു (ദശാംശം), ആരംഭം മുതൽ ദൈവത്തിന് സാധാരണ നൽകിയിരുന്നതായിരിക്കാം അത്.[12] മൽക്കിസെദേക്ക് പത്തിലൊന്ന് ആവശ്യപ്പെട്ടില്ല, എങ്കിലും അത് അവൻ സ്വീകരിക്കുകയും അബ്രഹാമിനെ കൃപയാൽ അനുഗ്രഹിക്കുകയും ചെയ്തു. അത് ചെയ്യുവാൻ ദൈവത്തിൽനിന്ന് അവന് അധികാരവും ശക്തിയും ഉണ്ടായിരുന്നു. തന്റെ ജനത്തിൽനിന്ന് മാത്രമല്ല, എല്ലാ സത്യാരാധകരിൽനിന്നും പത്തിലൊന്ന് സ്വീകരിക്കുവാൻ ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്ക് മൽക്കിസെദേക്കിന് അവകാശം ഉണ്ടായിരുന്നു. എന്നാൽ ലേവ്യാ പുരോഹിതന്മാർക്ക് സ്വന്ത ജനത്തിൽനിന്നു മാത്രമെ ദശാംശം വാങ്ങുവാൻ അവകാശം ഉണ്ടായിരുന്നുള്ളു.[13] അഹരോന്റെ പൗരോഹിത്യത്തിൽനിന്നും ഉയർന്ന പൗരോഹിത്യമായിരുന്നു മൽക്കിസെദേക്കിന്റേത് എന്നതിന്റെ ഒരു സൂചന അതാണ്. പത്തിലൊന്നിന്റെ അവകാശം **ലേവിയുടെ മക്കൾക്ക്** ആയിരുന്നു (ലേവ്യാവംശം) കാരണം അതായിരുന്നു ദൈവത്തിന്റെ ന്യായപ്രമാണം കൽപിച്ചിരുന്നത് (വാ. 5). അതുകൊണ്ട് അത് വ്യക്തികൾക്ക് തിര

ഞ്ഞെടുക്കാവുന്ന ഒന്നായിരുന്നില്ല; അത് ദൈവത്താൽ ആവശ്യപ്പെട്ടതാണ്. അബ്രഹാം പത്തിലൊന്ന് ദൈവത്തിന് നൽകുവാനായി അവന് പ്രത്യേക നിയമം നൽകിയിരുന്നതായി നാം കാണുന്നില്ല; ഒരു പ്രത്യേക ശതമാനം ദൈവത്തിന് നൽകണമെന്നതാണ് ദൈവേഷ്ടം എന്ന് അവൻ അറിഞ്ഞിരുന്നു.

**ഉയർന്നവൻ താഴ്ന്നവനെ അനുഗ്രഹിക്കണമെന്ന കാര്യത്തിൽ തർക്കം ഒന്നും ഇല്ലല്ലോ** (വാ. 7) എന്ന വാക്കുകൾ സൂചിപ്പിക്കുന്നത് മൽക്കിസെദേക്ക് അബ്രഹാമിനെക്കാൾ വലിയവനായിരുന്നു എന്നാണ്. കുറവുള്ള ഇയ്യോബിനെ പോലെയുള്ള ഒരാൾ "രാജാവിനെ അനുഗ്രഹിച്ചു" എന്നു പറയുന്നത് (2 ശമു. 14:22) വ്യക്തമാക്കുന്നത്, അവൻ രാജാവിനെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു എന്നാണ്. അബ്രഹാം **പിതാവ്** (*പാട്രിയർക്കെസ്*; വാ. 4) ആയിരുന്നു എങ്കിലും, അവൻ മൽക്കിസെദേക്കിനേക്കാൾ താഴ്ന്നവനാണെന്ന് തന്റെ വായനക്കാർ മനസിലാക്കിയോ എന്ന് ലേഖകൻ അവരോട് ചോദിക്കുന്നില്ല. "പിതാവ്" എന്ന പദവി അബ്രഹാമിന് കൊടുത്തിരിക്കുന്നത് കാണിക്കുന്നത് അവന്റെ ശ്രേഷ്ഠതയെയാണ്; യെഹൂദ ജനത്തെ കണ്ടെത്തിയവൻ എന്ന നിലയിൽ അബ്രഹാമിന്റെ പ്രാധാന്യത്തെയാണ് അത് കാണിക്കുന്നത്.[14] "പിതാവിനേക്കാൾ" മൽക്കിസെദേക്കിന്റെ പൗരോഹിത്യം (ക്രിസ്തുവിന്റേതടക്കം) അബ്രഹാമിന്റെ പിന്തുടർച്ചക്കാരായവരുടേതിൽനിന്നും ശ്രേഷ്ഠതയുള്ളതാണ്. അതുകൊണ്ട്, എബ്രായ കേൾവിക്കാർ ലേവ്യാ പൗരോഹിത്യത്തേക്കാൾ യേശുവിന്റേ പൗരോഹിത്യത്തെയാണ് നോക്കി കാണേണ്ടത്.

അബ്രഹാം മൽക്കിസെദേക്കിൽനിന്ന് അനുഗ്രഹം സ്വീകരിച്ചതിനാൽ, അബ്രഹാമും അവന്റെ പിൻഗാണികളും മൽക്കിസെദേക്കിനേക്കാൾ സ്ഥാനം കുറഞ്ഞവരായിരുന്നു എന്നു വ്യക്തമാക്കുന്നു. ആ അനുഗ്രഹം അബ്രഹാമിന് ആഗ്രഹിക്കാവുന്ന ക്ഷേമ-ത്തിലപ്പുറമായിരുന്നു, കാരണം ഉയർന്ന ഏതൊരാൾക്കും അത് നൽകാവുന്നതായിരുന്നു. ദൈവം നൽകുവാനുദ്ദേശിക്കുന്ന അനുഗ്രഹം അധികാരപ്പെടുത്തിയ വ്യക്തിക്കേ അത് കൈമാറുവാൻ കഴിയു. പിതാക്കന്മാരുടെ കാലത്ത് അത്തരം അധികാരമുള്ളതിനാലാണ്, യിസഹാക്കും, യാക്കോബും ദൈവികാധികാരമുള്ള പ്രവചന ദിശയിലേക്ക് അവന്റെ മക്കളെ അനുഗ്രഹിച്ചത് (11:20, 21; ഉല്. 27; 49 നോക്കുക). ന്യായപ്രമാണത്തിൻ കീഴിലുണ്ടായിരുന്ന പുരോഹിതന്മാർക്കും അനുഗ്രഹിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നു. അബ്രഹാമിനെ അനുഗ്രഹിച്ചത് അതിനോട് താരതമ്യം ചെയ്യാവുന്നതാണ്. വെറുതെ ദൈവത്തിന് സ്തുതി അർപ്പിക്കുന്നതിനേക്കാൾ വലുതായി യേശു ശിഷ്യന്മാരെ അനുഗ്രഹിച്ചതുപോലെ ആണ് അത് (ലൂക്കൊ. 24:50, 51).[15] മൽക്കിസെദേക്കിനെ പോലെ യേശുവിന്റെ അനുഗ്രഹം ഉയർന്ന വ്യക്തിയിൽ നിന്നുള്ളതായിരുന്നു, വലിയവനായ മൽക്കിസെദേക്ക്, കുറഞ്ഞവനായ അബ്രഹാമിനെ അനുഗ്രഹിച്ചതുപോലെയായിരുന്നു (വാ. 7).

**വാക്യം 8.** പുരോഹിതനായിരുന്ന മൽക്കിസെദേക്കിന്റെ മരണത്തെ സംബന്ധിച്ച വിവരം ഒന്നും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം ലേഖകൻ പറയുന്നത് **അവൻ ജീവിക്കുന്നു** എന്നാണ്. **സാക്ഷ്യം പ്രാപിച്ചവൻ** (*മർച്ചുറി*) എന്നത് ഉൽപത്തിയിലേക്ക് വിരൽ ചൂണ്ടുന്ന വേദഭാഗമാണ്. എബ്രായ ലേഖനത്തിൽ അതേ പ്രയോഗം ഏഴു പ്രാവശ്യം കാണാം, അതിൽ രണ്ടെണ്ണം പഴയ നിയമ പ്രസ്താവനകളാണ് (7:17; 10:15). അത് ഇവിടെയും വാസ്തവമാണ്. "ആധികാരിക ഉറവിടം എടുത്ത് ലേഖകൻ മൃദുവായ ഒരു പ്രസ്താവന ഓർമ്മിപ്പിക്കുകയാണ്."[16]

ലേവ്യാ വ്യവസ്ഥക്ക് വിരുദ്ധമാണ് മൽക്കിസെദേക്കിന്റെ മരണ വിവരം രേഖപ്പെടുത്താതിരിക്കുന്നത്. മൽക്കിസെദേക്കിനെ കുറിച്ചുള്ള വിവരണം പറയുന്നത് അവൻ എന്നേക്കും ജീവിക്കുന്നു എന്നാണ്. അഹരോന്റെ പിൻഗാമികളായി പൗരോഹിത്യ ശുശ്രൂഷ ചെയ്തിരുന്നവരെല്ലാം മരിച്ചു പോയ വിവരം രേഖപ്പെടുത്തിയിരുന്നു; പക്ഷെ മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ളവരുടേത് (വേറെയും ഉണ്ടായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു) അങ്ങനെയല്ല. ന്യായപ്രമാണത്തിൻ കീഴിലുണ്ടായിരുന്ന മഹാപുരോഹിതന്മാരുടെ മരണമടക്കം ഉള്ള രേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിരുന്നു (1 ദിന. 6:50–53). പൗരോഹിത്യത്തിന് അഹരോന്റെ വംശാവലിയും ലേവി വംശത്തിന്റെ കുടുംബപരമായ വിവരണങ്ങളും സൂക്ഷിക്കേണ്ടത് ആവശ്യമായിരുന്നു. എന്നാൽ, മൽക്കിസെദേക്കിന്റെ വംശാവലി ഒന്നുമില്ല.

ലേഖകൻ ഇവിടെ പുരോഹിതന്മാരുടെ ഭൗതിക ജീവിതത്തെയല്ല, മറിച്ച് അവരുടെ ഔദ്യോഗിക കാലയളവിനെയാണ് പറയുന്നത് എന്ന് നാം ഓർക്കണം. **ജീവിക്കുന്ന മനുഷ്യരാണ് ദശാംശം വാങ്ങുന്നത്**. മൽക്കിസെദേക്കിന്റെ മരണം രേഖപ്പെടുത്താത്തതിനാൽ, അവന്റെ പൗരോഹിത്യം, മരിച്ച് ഉയർത്തെഴുന്നേറ്റു തന്റെ പൗരോഹിത്യം ഉദ്ഘാടനം ചെയ്ത ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്നു അടയാളമായിരുന്നു. അവൻ ജീവിക്കുന്നു എന്ന് തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു! അവനിൽ നിത്യജീവൻ ഉള്ളതിനാൽ, ക്രിസ്തുവിന്റെ പൗരോഹിത്യം തുടർന്നുകൊണ്ടിരിക്കുന്നു.

ഇതുവരെ, മൽക്കിസെദേക്കിന്റെ പൗരോഹിത്യവും ലേവ്യാ പൗരോഹിത്യവും തമ്മിൽ താരതമ്യം ചെയ്തതായി നാം കണ്ടില്ല. അബ്രഹാം മല്ക്കിസെദേക്കിൽനിന്നും കുറവുള്ളവനായിരുന്നു എങ്കിൽ, ലേവ്യാ പൗരോഹിത്യവും മൽക്കിസെദേക്കിന്റേതിൽനിന്ന് കുറവുള്ളതായിരുന്നു. "അവന്റെ വാദം ബോധ്യമാക്കുവാൻ, ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു എബ്രായ ആശയം ലേഖകൻ വ്യക്തമാക്കുന്നു, അബ്രഹാം മുഖേന ലേവ്യർ ... ദശാംശം നൽകിയിരിക്കുന്നു."[17]

**വാക്യങ്ങൾ 9, 10**. തെറ്റിദ്ധാരണ ഒഴിവാക്കുവാനായി ഗ്രീക്ക് എഴുത്തുകാർ സാധാരണ പ്രയോഗിക്കുന്ന പ്രയോഗമാണ് **ഇങ്ങനെ സംസാരിക്കുന്നു** എന്നത് (വാ. 9).[18] തീർച്ചയായും ലേവ്യർ അക്ഷരികമായി **അബ്രഹാമിന്റെ കടിപ്രദേശത്തിൽനിന്നും** ഉത്ഭവിച്ചവരായിരുന്നില്ല; അത് ലേവ്യർ അബ്രഹാമിന്റെ പിൻഗാമികൾ ആണെന്ന് വ്യക്തമാക്കുന്ന പ്രയോഗമാണ്. "അവൻ ജനിക്കുവാനിരിക്കുന്നതേയുള്ളു"[19] എന്നാണ് ശരിയായി തർജിമ ചെയ്യേണ്ടിയിരുന്നത്. അബ്രഹാം യെഹൂദ കുടംബത്തിന്റെ തലവനും ദൈവത്തിന്റെ പ്രതിനിധിയും ആയിരുന്നതിനാൽ, ഒരർത്ഥത്തിൽ അവൻ തന്റെ പിൻഗാമികൾക്ക് ഏറെ ഗുണങ്ങൾ സംഭാവന ചെയ്തിരുന്നു. റോമർ 5:12–14 ലും, 1 കൊരിന്ത്യർ 15:22 ലും ആദാമുമായുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത് ഈ അർത്ഥത്തിലാണെന്ന് തോന്നുന്നു. ഇംഗ്ലീഷ് പൊതു നിയമത്തിൽനിന്ന് ആൽബെർട്ട് ബാർണെസ് ഈ ചിത്രീകരണം നൽകിയിരിക്കുന്നു: "ഒരു അകന്ന പൂർവ്വികനെ ആദരിക്കുന്നതോ അല്ലെങ്കിൽ, മറ്റൊരു പൂർവ്വികന്റെ ജനനത്തെ വിശ്വസ്തതയോടെ കാണുന്നതോ കുടുംബത്തിലെ കുറഞ്ഞ അവസ്ഥയെയും, ഒരു വാദത്തിലെ ഔചിത്യത്തെയും ശക്തമായി തെളിയിക്കുന്നതാണ്."[20] ഒരു അപ്പൻ തന്റെ വസ്തു വിൽക്കുകയാണെങ്കിൽ, അയാളുടെ അവകാശം തന്നേയാണ് വിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

അഹരോൻ കുറഞ്ഞ പിൻഗാമിയാകയാൽ, ഇവിടെ **മൽക്കിസെദേക്കിന്റെ** പൗരോഹിത്യവും ലേവ്യാ പൗരോഹിത്യവും തമ്മിലുള്ള ഒരു യഥാർത്ഥ താരതമ്യമാണ് നടത്തുന്നത്. എബ്രായ ലേഖനത്തിലെ പ്രധാന പോയിന്റ് മൽക്കിസെദേക്കിന്റെ പൗരോഹിത്യ/രാജത്വമല്ല, മറിച്ച് ദൈവ പദ്ധതിയിലെ ക്രിസ്തുവും അവന്റെ പങ്കുമാണ്.

ദൈവത്തോട് നിരന്തരം സംസാരിക്കുകയും യാഗം അർപ്പിക്കുകയും ചെയ്യുന്ന ഒരു പുരോഹിതനായിരുന്നു അബ്രഹാം. എങ്കിലും, മൽക്കിസെദേക്ക് തന്നേക്കാൾ വലിയവനാണെന്ന് അവൻ കണക്കാക്കിയിരുന്നു. മറ്റു ജനങ്ങൾക്കും ദൈവത്തിനും മദ്ധ്യേ മദ്ധ്യസ്ഥനായി അബ്രഹാം തീർന്നു എന്ന് യിസ്രായേലിന്റെ പുരോഹിതന്മാരുടെ പ്രവൃത്തികൾ വെച്ച് നമുക്ക് ഊഹിക്കാം. തന്റെ സഹോദരനായിരുന്ന ലോത്തിനു വേണ്ടി അവൻ അപേക്ഷിക്കുന്നത് തെളിയിക്കുന്നത് അതാണ് (ഉല്. 18:22-33).

പുതിയ നിയമത്തിൽ, ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ രാജ്യത്തിൽ "ആത്മിയ യാഗം കഴിക്കുന്ന" പുരോഹിതന്മാരാണ് (1 പത്രൊ. 2:5; വെളി. 1:6; 5:10 നോക്കുക). വിശുദ്ധന്മാരായതുകൊണ്ട്, എല്ലാ ക്രിസ്ത്യാനികളും തുല്യരാണ്, ആരും ആരെക്കാളും വലിയവനല്ല; ദൈവ സന്നിധിയിൽ വലിയ സേവനം ചെയ്യുന്നവനാണ് വലിയവൻ (മത്താ. 20:25-28). നാം എല്ലാവരും പുരോഹിതന്മാരാണെങ്കിലും, നമ്മുടെ പ്രാർത്ഥന ഫലപ്രദമാകുവാൻ, നമ്മുടെ മദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ സഹായം നമുക്ക് ആവശ്യമാണ് (എബ്രാ. 4:14-16; 7:25).

## മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള ക്രിസ്തുവിന്റെ മഹാ പൗരോഹിത്യം (7:11-22)

**11ലേവ്യ പൗരോഹിത്യത്താൽ സമ്പൂർണ്ണത വന്നെങ്കിൽ-അതിൻ കീഴല്ലോ
ജനം ന്യായപ്രമാണം പ്രാപിച്ചത്-അഹരോന്റെ ക്രമപ്രകാരം എന്നു പറയാ
തെ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതൻ വരുവാൻ
എന്തൊരാവശ്യം? 12പൗരോഹിത്യം മാറിപ്പോകുന്നപക്ഷം ന്യായപ്രമാണ
ത്തിനും കൂടെ മാറ്റം വരുവാൻ ആവശ്യം. 13എന്നാൽ ഇത് ആരെക്കുറിച്ചു പ
റഞ്ഞിരിക്കുന്നുവോ അവൻ വേറൊരു ഗോത്രത്തിൽ ഉള്ളവൻ; ആ ഗോത്ര
ത്തിൽ ആരും യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്തിട്ടില്ല. 14യെഹൂദായിൽ
നിന്നു നമ്മുടെ കർത്താവ് ഉദിച്ചു എന്ന് സ്പഷ്ടമല്ലോ; ആ ഗോത്രത്തോടു
മോശെ പൗരോഹിത്യം സംബന്ധിച്ച് ഒന്നും കല്പിച്ചിട്ടില്ല. 15ജഡസംബന്ധ
മായ കല്പനയുടെ പ്രമാണത്താൽ അല്ല, 16അഴിഞ്ഞു പോകാത്ത ജീവന്റെ
ശക്തിയാൽ ഉളവായ വേറേ ഒരു പുരോഹിതൻ മൽക്കിസെദേക്കിന്റെ സദൃ
ശ്യനായി ഉദിക്കുന്നു എങ്കിൽ അത് ഏറ്റവും അധികം തെളിയുന്നു.
"17നീ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതൻ"
എന്നല്ലോ സാക്ഷീകരിച്ചിരിക്കുന്നത്.
18മുൻപിലത്തെ കല്പനയ്ക്ക് അതിന്റെ ബലഹീനതയും നിഷ്പ്രയോജന
വും നിമിത്തം നീക്കവും-ന്യായപ്രമാണത്താൽ ഒന്നും പൂർത്തിപ്രാപി
ച്ചിട്ടില്ലല്ലോ-19നാം ദൈവത്തോട് അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാ
ശയ്ക്കു സ്ഥാപനവും വന്നിരിക്കുന്നു. 20അവർ ആണ കൂടാതെ പുരോഹി
തന്മാരായിത്തീർന്നു. 21(ഇവനോ**

**"നീ എന്നേക്കും പുരോഹിതൻ എന്ന് കർത്താവ് സത്യം ചെയ്തു, അനുതപിക്കുകയുമില്ല"**

**എന്ന് തന്നോട് അരുളിചെയ്തവൻ ഇട്ട ആണയോടുകൂടെ തന്നെ.)**
**22ആണ കൂടാതെയല്ല എന്നതിന് ഒത്തവണ്ണം വിശേഷമേറിയ നിയമത്തിന് യേശു ഉത്തരവാദിയായിത്തീർന്നിരിക്കുന്നു.**

ക്രിസ്തുവിന് പൗരോഹിത്യ വംശാവലിയുടെ പൂർവ്വികത്വം ഇല്ല എന്നു പറഞ്ഞ് അവന്റെ പൗരോഹിത്യത്തെ എതിർക്കുന്നതിനെ പ്രതിരോധിച്ച് ചർച്ച ചെയ്യുന്ന വേദഭാഗമാണ് എബ്രായർ 7:11-22. പുതിയ നിയമത്തിന്റെ ഭാഗമായി ഒരു പുതിയ പൗരോഹിത്യം വരുമെന്ന് പ്രവചിക്കുന്ന ഒരു പഴയ നിയമ വേദ ഭാഗം എബ്രായ ലേഖകൻ ഉദ്ധരിച്ചിരിക്കുന്നു: സങ്കീർത്തനങ്ങൾ 110:4. പഴയ നിയമ പൗരോഹിത്യത്തോടുകൂടെ പുതിയ നിയമ പൗരോഹിത്യവും യോജിച്ച് പോകുമെന്ന തെറ്റിദ്ധാരണ ഒന്നാം-നൂറ്റാണ്ടിലെ വായനക്കാർക്കിടയിൽ ഉണ്ടായിരുന്നു. പഴയ നിയമ പൗരോഹിത്യം ക്രിസ്തുവിന്റെ പൗരോഹിത്യം വരുമ്പോൾ നീങ്ങി പോകുമെന്ന് എബ്രായ ലേഖനം എഴുതുന്നതുവരെ അവർ മനസിലാക്കിയിരുന്നില്ല.

**വാക്യങ്ങൾ 11, 12. പൗരോഹിത്യം മാറും** എന്ന ആശയം (വാ. 12), പല യെഹൂദന്മാർക്കും ക്രിസ്ത്യാനിത്വത്തോട് വിരോധം ഉണ്ടാക്കി. വളരെക്കാലമായി തങ്ങൾ ബഹുമാനിച്ചു വന്ന **ന്യായപ്രമാണം** മാറുന്നു എന്ന ആശയം അവർക്ക് സഹിക്കുവാൻ കഴിയുന്നതിനപ്പുറമായിരുന്നു.

പഴയ നിയമത്തിന് പകരം നൽകുവാൻ പുതിയ നിയമത്തിന് കഴിഞ്ഞു, പഴയതിന് കഴിയാതിരുന്നത് നൽകുവാൻ പുതിയ നിയമത്തിന് കഴിഞ്ഞു-പൂർത്തീകരിക്കുവാൻ (വാ. 11). ക്രിസ്തു മുഖാന്തരം മനുഷ്യർക്ക് ദൈവത്തോട് അടുക്കുവാൻ കഴിയുന്നതും അതിൽ ഉൾപ്പെടുന്നു. ഇവിടെ നാം എബ്രായ ലേഖനത്തിന്റെ മുഖ്യ പോയിന്റ് കാണുന്നു: ദൈവത്തിലേക്ക് മറ്റൊരു വഴി ഇല്ല (യോഹ. 14:6).

"പൂർത്തീകരിക്കൽ" (*ടെലെയിയോസിസ്*) എന്നതിൽ തികവും അന്തർലീനമായിരിക്കുന്നു-ആഗ്രഹിച്ച് നേടുന്നതിന്റെ അവസാനം, അത് പഴയനിയമത്തിൻ കീഴിൽ ആളുകൾക്ക് കഴിഞ്ഞിരുന്നില്ല. **ലേവ്യാപൗരോഹിത്യത്താൽ** പൂർത്തീകരിക്കപ്പെടുവാൻ കഴിയുമെന്നായിരുന്നു യെഹൂദന്മാർ വിശ്വസിച്ചിരുന്നത്, അതുകൊണ്ട് അവർക്ക് അത് ഒഴിച്ചുകൂടാൻ പറ്റാത്തതായിരുന്നു. തീർച്ചയായും, ന്യായപ്രമാണത്തിന്റെ അടിസ്ഥാനം ആയിരുന്നു പൗരോഹിത്യം. പഴയ നിയമ യാഗ വ്യവസ്ഥകളെ കുറിച്ചുള്ള അവരുടെ ആശയം തെറ്റായിരുന്നു എന്ന് നമ്മുടെ വേദഭാഗം തെളിയിക്കുന്നു-ന്യായപ്രമാണപ്രകാരം "ആട്ടുകൊറ്റന്മാരുടേയും കാളക്കിടാങ്ങളുടേയും രക്തത്തിന്" പാപങ്ങളെ മോചിപ്പാൻ കഴിഞ്ഞിരുന്നില്ല (10:4).

"സമ്പൂർണ്ണത" എന്നതിനർത്ഥം പാപത്തെ മുഴുവൻ കീഴ്പ്പെടുത്തുന്ന ഒന്നല്ല, എന്നാൽ പാപങ്ങളിൽനിന്നുള്ള പൂർണ്ണമായ മോചനം, അഥവാ പൂർണ്ണമായ പാപക്ഷമാപണം. ലേവ്യാ വ്യവസ്ഥയാൽ രക്ഷ വരുമെങ്കിൽ, മറ്റൊരു പൗരോഹിത്യം വരുന്നു എന്ന് ദാവീദിന്റെ കാലത്തു തന്നെ ദൈവം പറയേണ്ട സാഹചര്യം എന്താണ് (സങ്കീ. 110:4)? അത് യെഹൂദ പൗരോഹിത്യത്തിന്റെ അപര്യാപ്തതയാണ് വെളിപ്പെടുത്തുന്നത്. യെഹൂദ മതത്തിലെ വിശ്വാസത്തിന് വലിയ ഒരു പ്രഹരമായിരുന്നു പുതിയ പൗരോഹിത്യം!

"പൗരോഹിത്യ നിയമങ്ങൾ നിത്യമാണെന്നായിരുന്നു" ആളുകളുടെ വിശ്വാസം.[21]

പൗലൊസും അതുപോലെ ന്യായപ്രമാണത്തിന് ജീവിപ്പിക്കുവാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞിരിക്കുന്നു (ഗലാ. 3:21; 2:21 നോക്കുക). വാസ്തവത്തിൽ, യിസ്രായേലിന്റെ ചരിത്രത്തിൽ ഏറ്റവും നല്ല നീതിമാന്മാരായിരുന്നവർക്ക് പോലും തങ്ങളെത്തന്നെ പൂർണ്ണമാക്കുവാൻ കഴിഞ്ഞിരുന്നില്ല (എബ്രാ. 11:40). ആ പ്രശ്നത്തിന് ഏക പരിഹാരം ക്രിസ്തു ആണ് (റോമ. 7:7–25). ന്യായപ്രമാണത്തിൽ ആ പ്രശ്നത്തിന് പരിഹാരം ഇല്ലായിരുന്നു, കാരണം ന്യായപ്രമാണത്തിന് പാപത്തെ ചൂണ്ടി കാണിക്കുവാൻ മാത്രമെ കഴിഞ്ഞിരുന്നുള്ളു, അല്ലാതെ പാപങ്ങളിൽനിന്നുള്ള മോചനം ഇല്ലായിരുന്നു (ഗലാ. 3:19).

ലേവ്യാ പൗരോഹിത്യം ന്യായപ്രമാണത്തിൽനിന്നു വേർപെടുത്തുവാൻ കഴിയാതിരുന്നതിനാൽ, ഒന്നിനെ ശക്തമായി ബാധിക്കാത്ത വിധത്തിൽ മറ്റൊന്നിനെ നീക്കുവാൻ കഴിയുമായിരുന്നില്ല. ന്യായപ്രമാണത്തിന് പൗരോഹിത്യം ആവശ്യമായിരുന്നു; "[പൗരോഹിത്യം] കൂടാതെ ന്യായപ്രമാണം പ്രാവർത്തികമാക്കുക അസാധ്യമായിരുന്നു."[22] വാസ്തവത്തിൽ, ലേവ്യാ പൗരോഹിത്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ന്യായപ്രമാണം കൊടുത്തിരുന്നത് (വാ. 11), കാരണം സിനായ് പർവ്വതത്തിൽ വെച്ച് ന്യായപ്രമാണം നൽകുന്നതിനു മുൻപ് തന്നെ പൗരോഹിത്യ വ്യവസ്ഥ സ്ഥിരീകരിച്ചിരുന്നു.

ദൈവത്തിന് തന്റെ ന്യായപ്രമാണത്തെയും പൗരോഹിത്യത്തെയും മാറ്റി മറ്റൊരു വ്യവസ്ഥ കൊണ്ടുവരുവാൻ കഴിയും എന്ന് മാനുഷികമായി ആളുകൾ ചിന്തിക്കണമായിരുന്നു. എങ്ങനെയായാലും, ദൈവത്തിന്റെ വ്യവസ്ഥ വാക്യം 14 ൽ കാണാം. പുതിയ പൗരോഹിത്യത്തിന് താത്വികമായി ഒരു പുതിയ നിയമം അനിവാര്യമാണ്. പൗരോഹിത്യം ന്യായപ്രമാണത്തിന്റെ അടിസ്ഥാന ഘടനയായതിനാൽ അവ യോജിച്ചു നിൽക്കണമായിരുന്നു (വാ. 12). യെഹൂദ മതവും അതിലെ നീതീകരണ വ്യവസ്ഥയും മാറുന്നതിനെ പുതിയ നിയമത്തിൽ വളരെ വ്യക്തമായി പറയുന്ന വേദഭാഗമാണ് ഇത്. സഭ ആരംഭിച്ചത് മുതൽ അത് തീർച്ചയാക്കുകയും, ന്യായാധിപസഭയുടെ ആരോപണം അംഗീകരിക്കുകയും ചെയ്തത് അപ്പോഴാണ്: "ആ നസ്രായനായ യേശു ഈ സ്ഥലം നശിപ്പിച്ച് മോശെ നമുക്ക് ഏല്പിച്ച മര്യാദകളെ മാറ്റിക്കളയും എന്ന് അവൻ പറയുന്നത് ഞങ്ങൾ കേട്ടു എന്ന് പറയിച്ചു" (പ്രവൃ. 6:14). ന്യായപ്രമാണ സമ്പ്രദായങ്ങൾ മാറേണ്ടിയിരുന്നു. എന്നാൽ പുരോഹിതന്മാരിൽ പലരും വിശ്വാസത്തിന് അധീനരായി തീർന്നു (പ്രവൃ. 6:7), സുവിശേഷത്തിന്റെ ഈ പ്രാഥമിക സത്യം കൈക്കൊള്ളുവാൻ അവർക്ക് ബുദ്ധിമുട്ടു നേരിട്ടിരുന്നു.

ഈ മാറ്റത്തിൽ എന്താണ് ഉൾപ്പെട്ടിരുന്നത്? ചിലർ ശഠിക്കുന്നത്, ന്യായപ്രമാണത്തിലെ ആഘോഷങ്ങൾ, ഉദാഹരണമായി പുരോഹിതന്മാരുടെ ചടങ്ങുകളും യാഗങ്ങളും ആണ്, അല്ലാതെ പത്ത് കല്പനകൾ അല്ല എന്നാണ്. ആദ്യത്തേത് നീങ്ങിയെങ്കിലും, "ധാർമ്മികവും" "ആഘോഷപരവും" എന്ന് രണ്ടായി അതിനെ വിഭജിക്കുകയാണ് ചെയ്തത്. ന്യായപ്രമാണത്തിലെ ഒരു ഭാഗം നീങ്ങുകയും മറ്റൊരു ഭാഗം നിലനില്ക്കുകയും ചെയ്യുന്നു എന്ന ആശയം ബൈബിൾ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല. ന്യായപ്രമാണത്തിൽ ധാർമ്മികം, ആഘോഷപരം, നിയമപരം എന്നിങ്ങനെ തിരുവെഴുത്തോ, ആദിമസഭയോ വിഭജിച്ചിരുന്നില്ല. എഫ്. എഫ്.ബ്രൂസ് ശരിയായി പറഞ്ഞു, "ധാർമ്മികവും ആഘോഷപരവുമായി ന്യായപ്രമാണത്തെ വേർതിരിച്ചത്

ക്രിസ്തീയ പണ്ഡിതന്മാരാണ്, അല്ലാതെ ന്യായപ്രമാണം മുഴുവൻ ദൈവേഷ്ടമാണെന്ന് വിശ്വസിച്ചവർ ആയിരുന്നില്ല, പുതിയനിയമ എഴുത്തുകാരും അതു ചെയ്തില്ല."[23] ചിലപ്പോൾ സങ്കീർത്തനങ്ങൾ "ന്യായപ്രമാണത്തിന്റെ" ഭാഗമായി തിരുവെഴുത്ത് പറയുന്നു (യോഹ. 10:34; സങ്കീ. 82:6 നോക്കുക). ന്യായപ്രമാണത്തിന്റെ ചില ഭാഗങ്ങൾ ആഘോഷപരമെന്ന് വേർതിരിക്കാമെങ്കിലും, ഒരാൾക്ക് അതിലെ ഒരു ഭാഗം നീങ്ങിയെന്നും മറ്റൊരു ഭാഗം നിലനില്ക്കുന്നു എന്നും പറയുവാൻ അവകാശമില്ല. ജെയിംസ് ബർട്ടൻ കോഫ്മാൻ പറഞ്ഞു, "ഈ ലേഖനത്തിൽ ഒരിക്കൽ പോലും 'ന്യായപ്രമാണത്തിലെ' വേർതിരിവ് മോശെയുടെ ന്യായപ്രമാണത്തിൽ പൊതുവായിട്ട് പറയുന്നില്ല."[24] **ന്യായപ്രമാണം മാറിയപ്പോൾ** മോശെയുടെ വ്യവസ്ഥ പൂർണ്ണമായി മാറിയെന്ന് നിസ്സംശയം പറയാം.

ന്യായപ്രമാണം ക്രിസ്തുവിൽ നീങ്ങിയതായി എബ്രായ ലേഖനം 7:12 ൽ ആരംഭിച്ച് മൂന്ന് പ്രാവശ്യം പറഞ്ഞിരിക്കുന്നു (7:18; 10:9 നോക്കുക). യെഹൂദ ക്രിസ്ത്യാനികളെ അതിൽ നിന്ന് "മോചിപ്പിച്ചതായി" പൗലൊസ് റോമർ 7 ൽ പറഞ്ഞിരിക്കുന്നു (വാ. 6) "മരിപ്പിച്ചു" (വാ. 4) മോഹത്തിനെതിരായ ന്യായപ്രമാണം അടക്കം (വാ. 7). ആ പ്രത്യേക നിയമം ആഘോഷപരമല്ല ധാർമ്മികമാണ്; അത് ന്യായപ്രമാണത്തിന്റെ ഭാഗമാണെന്ന് തർക്ക രഹിതമായി പറയാം. ക്രിസ്തു ക്രൂശിൽ തറച്ച് മായ്ച്ച് കളഞ്ഞ ന്യായപ്രമാണത്തിൽ ശബ്ബത്തും ഉൾപ്പെട്ടിരുന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു (കൊലൊ. 2:14-17). കല്ലിൽ എഴുതപ്പെട്ടിരുന്ന കല്പനകൾ ആയ "മരണ ശുശ്രൂഷ" അടക്കം (2 കൊ. 3:1-11). ന്യായപ്രമാണം ആവശ്യപ്പെടുന്നതെല്ലാം യേശു നിറവേറ്റിയ ശേഷമാണ് ന്യായപ്രമാണത്തെ അവൻ നീക്കിയത് (മത്താ. 5:17, 18 നോക്കുക).

**വാക്യം 13**. യേശു ശരിയല്ലാത്ത **ഗോത്രത്തിൽ** നിന്നുള്ളവൻ ആയതുകൊണ്ട്, അവന് പാപത്തിന് വേണ്ടി യാഗം കഴിക്കുവാനോ, പുരോഹിതനാകുവാനോ കഴിയുകയില്ല എന്ന് യഹൂദ മതവിശ്വാസികളും പരീശന്മാരും വാദിച്ചേക്കാം. മോശയുടെ ന്യായപ്രമാണം അനുസരിച്ച് ലേവി ഗോത്രത്തിൽ പെട്ടവർക്ക് മാത്രമേ പുരോഹിതൻ ആകുവാൻ കഴിയുമായിരുന്നുള്ളു, അഹരോന്റെ കുടുംബത്തിൽപ്പെട്ടവർക്ക് മാത്രമേ മഹാപുരോഹിതൻ ആകുവാൻ കഴിഞ്ഞിരുന്നുള്ളു. യേശു യെഹൂദാ ഗോത്രത്തിൽനിന്നുള്ളവനാണെന്ന് എല്ലാവർക്കും അറിയാം, അത് രാജകീയ ഗോത്രം ആയിരുന്നു, അല്ലാതെ പൗരോഹിത്യ ഗോത്രം ആയിരുന്നില്ല. അത്തരം രേഖകൾ യെരുശലേം ദൈവാലയം നശിപ്പിക്കുന്നതുവരെ (ഏ. ഡി. 70 ൽ), യെഹൂദവിരോധികൾക്ക് പോലും എതിർക്കുവാൻ കഴിയാത്ത വിധത്തിൽ ലഭ്യമായിരുന്നു. യേശു ദാവീദിന്റെ പുത്രനായിരുന്നു എന്ന കാര്യത്തിൽ, ആരും തർക്കിച്ചിരുന്നില്ല എന്നാണ് നാം കരുതുന്നത്. ആ പൂർവ്വികത്വം അനുസരിച്ച്, യേശു ദാവീദിന്റെ പട്ടണമായ ബേത്ലഹേമിലായിരുന്നു ജനിച്ചത് എന്നാണ് മത്തായി 2:5, 6 സൂചിപ്പിക്കുന്നത്. അവൻ ദാവീദിന്റെ സന്തതിയാണെന്ന് തെളിയിക്കുന്നതാണ് ലൂക്കൊസ് 3:23-31 ലേയും മത്തായി 1:6-16 ലേയും വംശാവലി വിവരണങ്ങൾ. അവൻ "ദാവീദിന്റെ വേര്" എന്നാണ് വെളിപ്പാട് 5:5 പറയുന്നത്. യേശു യോസേഫിന്റെ ദത്തുപുത്രൻ ആയിരുന്നു എന്നായിരിക്കാം മത്തായി അന്തർലീനമാക്കുന്നത്, എന്നാൽ ലൂക്കൊസിന്റെ വംശാവലിയിൽ അവൻ മറിയ മുഖാന്തരമാണ് വരുന്നത്. യോസേഫിനെ യേശുവിന്റെ "വളർത്തപ്പൻ" എന്ന് വിളിച്ചിരുന്നു, എന്നാൽ യേശു യോസേഫിന്റെ ദത്തുപുത്രൻ ആയിരിക്കുവാനാണ് കൂടു

തൽ സാധ്യത. എങ്ങനെയായാലും, "ദാവീദിന്റെ പുത്രൻ" എന്നു വിളിച്ചതിൽ രാജകീയ പൂർവ്വികത്വം അന്തർലീനമാക്കിയിരിക്കുന്നു.[25]

**വാക്യം 14. സ്പഷ്ടമല്ലോ** എന്നതിന്റെ അർത്ഥം "അത് ഉറപ്പാണ്," അല്ലെങ്കിൽ "ആളുകൾക്കെല്ലാം അറിയാം" എന്നത്രെ (ജെബി). "അത് ഒരു ചരിത്ര സംഭവമാണ്" എന്നാണ് ഫിലിപ്സ് പറഞ്ഞത്. ഈ "തെളിവായ" വസ്തുതയെ ഏസ്എവി പ്രകടമാക്കുന്നത് "യെഹൂദയിൽനിന്നുള്ള മുള" ആയിട്ടാണ്. "യിശ്ശായിയുടെ കുറ്റിയിൽനിന്നുള്ള ... മുള" ആയിട്ടാണ് പ്രവചനം പറഞ്ഞിരിക്കുന്നത്, "നീതിയുള്ളോരു മുളയായവനെ"(യെശ. 11:1) "ദൈവം ഉയർത്തും" എന്നു പ്രവചിച്ചതും അതേ ആശയത്തിലാണ് (യിരെ. 23:5, 6). "അതിന്റെ ഫലമായിട്ടായിരുന്നു നമ്മുടെ കർത്താവ് യെഹൂദയിൽ നിന്നു മശിഹാ ബന്ധത്തോടുകൂടെ വരുന്നത്."[26] വ്യത്യസ്തമായ പൗരോഹിത്യത്തെ കുറിച്ച് പറയുന്ന കാരണങ്ങളെല്ലാം സങ്കീർത്തനങ്ങൾ 110:4 ന്റെ നിവർത്തീകരണമായിരുന്നു, സങ്കീർത്തനങ്ങൾ 110:1 അനുസരിച്ച് അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുവാൻ ക്ഷണിച്ചിരിക്കുന്നു. യേശുവിന്റെ പൗരോഹിത്യ വിശ്വാസിയതകളെല്ലാം സ്ഥാപിച്ചു കഴിഞ്ഞു എന്നാണ് നമ്മുടെ ലേഖകൻ അസന്നിഗ്ദ്ധമായി തെളിയിക്കുന്നത്.[27]

**യെഹൂദ ഗോത്രത്തെ** കുറിച്ച് **പൗരോഹിത്യപരമായി മോശെ ഒന്നും പറഞ്ഞിട്ടില്ല** എന്ന വാദമായിരുന്നു പഴയനിയമമനുസരിച്ച് യേശുവിന് പുരോഹിതൻ ആകുവാൻ സാധ്യമല്ല എന്നു വാദിക്കുവാൻ കാരണം. "യെഹൂദാ ഗോത്രത്തിൽനിന്ന് പുരോഹിതന്മാരെ എടുക്കരുത്" എന്നു ദൈവം പറഞ്ഞിരുന്നില്ല, തീർച്ചയായും, അവന്റെ പുത്രന് ഗോത്ര പരിഗണന കൂടാതെ ഏതവകാശവും നൽകുവാൻ ദൈവത്തിനു കഴിയും, അധികാരപ്പെടുത്തിയ ഗോത്രത്തിൽ പെടുന്നില്ലെങ്കിലും പുത്രനെ പുരോഹിതനാക്കുവാൻ ദൈവത്തിനു കഴിയും. യേശു ഒരു ലേവ്യൻ ആയിരുന്നില്ല, പക്ഷെ അവൻ ന്യായപ്രമാണം മുഴുവൻ പ്രമാണിച്ചിരുന്നു, ആകയാൽ അതിലെ ചടങ്ങുകൾ അവനെ ബാധിക്കുന്നില്ല.

**വാക്യം 15**. അപ്പോഴും **എന്താണ് സ്പഷ്ടമായത്**? ഇതിനെ കുറിച്ച് മറ്റ് അഞ്ചു വീക്ഷണം നൽകിയശേഷം, റോബർട്ട് മില്ലിഗൺ തന്റേതായ ആശയം നൽകിയിരിക്കുന്നു. 7:11–22 മൊത്തത്തിലാണ് ഈ ഭാഗം പറയുന്നത്, അത് താഴെ കാണുന്നതുപോലെ ചുരുക്കിയിരിക്കുന്നു: "അവിടെ പറഞ്ഞിരിക്കുന്ന ന്യായപ്രമാണവും, അതിലെ ലേവ്യാ പൗരോഹിത്യ വ്യവസ്ഥയും മാറിപ്പോകുമെന്ന് സൂചിപ്പിച്ചത് നിറവേറണം"[28] പൗരോഹിത്യം മാറിപ്പോകുവാനിരിക്കുന്നു എന്നു മുന്നറിയിച്ചതിനാൽ (സങ്കീ. 110:4) ന്യായപ്രമാണവും മാറിപ്പോകുമെന്ന് യെഹൂദ ജനം തിരിച്ചറിയേണ്ടിയിരുന്നു. എങ്ങനെയായാലും പുതിയ **പുരോഹിതൻ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം** ആയിരിക്കും, ക്രിസ്തുവിന്റേതുപോലെ, മൽക്കിസെദേക്ക് ദൈവപുത്രനെപ്പോലെ ആയിരിക്കുമെന്നതിനാൽ, എന്നേക്കുമുള്ളതായിരിക്കും എന്നർത്ഥം (7:2, 3). ഏലിയാവ് യോഹന്നാൻ സ്നാപകന് മുന്നോടി ആയിരുന്നതുപോലെ, മൽക്കിസെദേക്ക് യേശുവിന് മുന്നോടിയായിരുന്നു. മൽക്കിസെദേക്കിന്റെ പൗരോഹിത്യ മാതൃകയിൽ കണ്ട ആവശ്യമായതെല്ലാം യേശു നിറവേറ്റിയിരിക്കുന്നു: "മൽക്കിസെദേക്കിൽ മുൻനിഴലായിരുന്നത് യഥാർത്ഥത്തിൽ ക്രിസ്തു ആണ്. ..."[29]

**വാക്യം 16**. ഒരു ശ്രേഷ്ഠ വ്യക്തിയെയും ആശ്രയിച്ചുള്ളതായിരുന്നില്ല ലേവ്യാ പൗരോഹിത്യം, അതിന് **ഭൗതികമായ ആവശ്യങ്ങളായിരുന്നു** വേണ്ടത്

(അക്ഷരികമായി, *സാർക്കിനോസ്*, അർത്ഥം “ജഡികമായ,” അല്ലെങ്കിൽ “ജഡ സംബന്ധമായ” എന്നാണ്). ആ അവശ്യം പൂർവ്വികരുമായി ബന്ധപ്പെട്ടതായിരുന്നു; അത് “ഭൂമിയിൽ മാത്രം കെട്ടപ്പെട്ട നിയമമായിരുന്നു” (എൻഈബി). പഴയ വ്യവസ്ഥ ബാഹ്യമതവുമായി ബന്ധപ്പെട്ടതായിരുന്നു, ഉദാഹരണമായി പുരോഹിതന്മാർ ഭൗതിക പിൻഗാമികൾ ആയിരിക്കണം, സമാഗമന കൂടാരവും, മൃഗബലിയും ഭൗതികമായിരുന്നു. ആ വ്യവസ്ഥ പുതിയനിയമ ക്രിസ്ത്യാനിത്വത്തിന് അന്യമാണ്, കാരണം പുതിയനിയമം മനുഷ്യനിലെ ആന്തരിക വ്യക്തിയെയും ആത്മാവിനേയും ആണ് കരുതുന്നത്.

“അവസാനിക്കാത്ത ജീവിതത്തെ” ആസ്പദമാക്കിയുള്ളതാണ് യേശുവിന്റെ അധികാരവും ശക്തിയും (കെജെവി), അല്ലെങ്കിൽ **നശിപ്പിക്കുവാൻ കഴിയാത്ത** ജീവിതമായിരുന്നു അവന്റേത് (എൻഏഎസ്ബി; ആർഎസ്വി; ഐഎസ്വി). മനുഷ്യന് കൊല്ലുവാൻ കഴിവുള്ള നമ്മെ പോലെയുള്ള ശരീരത്തിൽ അവൻ വസിച്ചിരുന്നതിനാൽ, അവന് നമ്മോട് സഹതപിപ്പാൻ കഴിയുന്നു (2:14, 15; 4:15; 5:7, 8). എങ്കിലും അവന്റെ ആത്മാവിനെ നശിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അവന്റെ ശരീരം കല്ലറയിൽ അടക്കിയെങ്കിലും, അവൻ പാതാള ലോകത്തിൽ ജീവിച്ചു, മരണത്തിന് അവനെ പിടിച്ചുവെക്കുന്നത് അസാധ്യമായിരുന്നു (പ്രവൃ. 2:31). അവൻ ദൈവത്തിന്റെ വലത്തു ഭാഗത്ത് നമ്മുടെ പ്രതിനിധിയായി ഇരിക്കുന്നു (സങ്കീ. 110:1). നിയമപരമായ അവകാശം ലഭിച്ച വെറും ഒരു പുരോഹിതൻ ആയിരുന്നില്ല അവൻ, അവന് ശക്തിയും അധികാരവും ഉണ്ടായിരുന്നു. അവനിൽ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും വസിക്കുന്നു (കൊലൊ. 2:9). “നിത്യമായി രക്ഷിക്കുവാനുള്ള” ശക്തി അഥവാ, “അവസാനത്തോളം” രക്ഷിക്കുവാൻ അവൻ ശക്തനാണ് (കെജെവി; ഏഎസ്വി; എൻകെജെവി), താൻ മുഖാന്തരം ദൈവത്തോട് അടുക്കുന്നവരെയാണ് രക്ഷിക്കുന്നത് (7:25). ലേവ്യാ പൗരോഹിത്യം സ്ഥിരീകരിച്ച കൽപന ബാഹ്യവും ഇല്ലാതാകുന്നതുമായിരുന്നു. ദൈവം ആഗ്രഹിച്ച സമയത്ത് അതിന് മാറ്റം സംഭവിക്കും. അതിൽനിന്നു വ്യത്യസ്തമായി, “ക്രിസ്തുവിന്റെ ജീവിതം എന്നേക്കുമുള്ളതും നശിക്കാത്തതുമാണ്.”[30]

**വാക്യം 17.** ഒരാൾക്ക് അമ്പതു വയസ് കഴിഞ്ഞാൽ ചെയ്യുവാൻ പറ്റാത്ത ജോലിയായിരുന്നു സമാഗമന കൂടാരത്തിലേത് എന്നാണ് ജെയിംസ് മാക്നൈറ്റ് പറഞ്ഞത് (സംഖ്യ. 4:2, 3). എന്നാൽ യേശുവിൽ അങ്ങനെയല്ല.[31] ക്രിസ്തുവിന്റെ പൗരോഹിത്യ ശ്രേഷ്ഠത തെളിയിക്കപ്പെട്ടതാണ്. അവനെ **സാക്ഷീകരിച്ചിരിക്കുന്നു** എന്നതിന്റെ അർത്ഥം ഈ തെളിവ് “തിരുവെഴുത്തിന്റെ” അധികാരത്തിൽനിന്നാണ് (“സാക്ഷ്യപ്പെടുത്തി”; 7:8; “സാക്ഷീകരിക്കുന്നു”; 10:15). ആളുകളെ ദൈവത്തോട് അടുപ്പിക്കുന്ന ഉദ്ദേശമാണ് അവന്റെ പൗരോഹിത്യം നിറവേറ്റിയത്. അത് തികവുള്ളതും, എന്നേക്കുമുള്ളതും, മാറ്റമില്ലാത്തതുമാണ്.

**വാക്യം 18. മുമ്പിലത്തെ കൽപന** എന്നതിന്റെ അർത്ഥം ചിലർ ലേവ്യാ പൗരോഹിത്യ നിയമാവലികളാക്കി ചുരുക്കിയിരിക്കുകയാണ്. എങ്ങനെയായാലും, പൗരോഹിത്യം നീങ്ങപ്പെട്ടതോടുകൂടെ ന്യായപ്രമാണവും **മാറേണ്ടത്** ആവശ്യമായിരുന്നു. ദൃശ്യമനോഹരവും ചടങ്ങുകളുമായിരുന്ന അവക്കൊന്നിനും മനസാക്ഷിയിൽ സമാധാനം വരുത്തുവാൻ ഉതകുന്നവയായിരുന്നില്ല.[32] ആരാധകരെ ദൈവത്തോട് അടുപ്പിക്കുവാൻ കഴിഞ്ഞില്ല എന്നതായിരുന്നു അവയുടെ ഏറ്റവും വലിയ പരാജയം.[33] ന്യായപ്രമാണത്തിന്റെ

പ്രധാനപ്പെട്ട ഉദ്ദേശം, ജനങ്ങളെ പാപത്തിനെതിരായി ബോധവൽക്കരണം നടത്തുകയും അവരെ ക്രിസ്തുവിലേക്ക് നടത്തുകയും ചെയ്യുക എന്നതായിരുന്നു (ഗലാ. 3:24). ''ലംഘനം നിമിത്തം'' കൂട്ടി ചേർത്തതായിരുന്നു ന്യായപ്രമാണം (ഗലാ. 3:19) വിശുദ്ധിക്ക് വിപരീതമായ പാപസ്വഭാവത്തെ അത് ചൂണ്ടി കാണിക്കുക തന്നെ ചെയ്തു (റോമ. 7:12). ന്യായപ്രമാണം തികവുള്ളതായിരുന്നു (സങ്കീ. 19:7) പാപത്തെ കുറിച്ച് അത് യെഹൂദന്മാരെ വിജയകരമായി അറിയിക്കുകയും ചെയ്തു (റോമ. 7:7). എങ്ങനെയായാലും, അത് ''ജഡം മൂലം ... ബലഹീനമായിരുന്നു'' (റോമർ 8:3). മനുഷ്യന് അതിനാൽ പാപത്തെ അതിജീവിക്കുവാനോ, അല്ലെങ്കിൽ പാപത്തിൽ നിന്നു മോചനം പ്രാപിക്കുവാനോ കഴിഞ്ഞില്ല.

**വാക്യം 19.** വിജയവും പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യവും ലഭിക്കുന്നത് ക്രിസ്തുവിൽ മാത്രമാണ്, അല്ലാതെ ന്യായപ്രമാണം മുഖാന്തരം അല്ല. വേറൊരു വാക്കിൽ പറഞ്ഞാൽ **ന്യായപ്രമാണത്താൽ ഒന്നും പൂർത്തീകരിച്ചില്ല**. ന്യായപ്രമാണം അതിൽ തന്നെ തികവുള്ളതായിരുന്നു, എന്നാൽ മനുഷ്യരുടെ കുറവുകൾ നികത്തുവാൻ ഉതകുന്ന രീതിയിൽ ഒരു പൂർണ്ണ പ്രായശ്ചിത്തം നടത്തുവാൻ അതിന് കഴിഞ്ഞില്ല. പഴയ നിയമത്തിൽ പുതിയ നിയമത്തെ താരതമ്യം ചെയ്തത് കാണുവാൻ വിഷമമാണ്. വീണ്ടെടുപ്പുകാരനായി നോക്കിയിരിക്കുവാൻ മാത്രമെ പഴയനിയമത്തിൻ കീഴിലുള്ളവർക്ക് കഴിഞ്ഞിരുന്നുള്ളു. പുതിയ നിയമത്തിലുള്ളവരായ നമുക്ക് പഴയനിയമ കാലത്ത് നമുക്ക് വേണ്ടി ചെയ്തതു നോക്കി അതിൽ സന്തോഷിക്കുവാൻ കഴിയും. ന്യായപ്രമാണത്താൽ ജീവിക്കുവാനോ, പാപങ്ങളെ പൂർണ്ണമായി മോചിപ്പിക്കുവാനോ കഴിഞ്ഞിരുന്നെങ്കിൽ ക്രിസ്തു മരിച്ചത് വ്യർത്ഥം (ഗലാ. 2:21; 3:21). പാപത്തിലുപരിയായി ജീവിക്കുവാൻ മതിയായ പ്രചോദനം നൽകുവാൻ കഴിയാത്ത നിയമാവലികളും കൽപനകളും അടങ്ങിയിരുന്ന ഒന്നായിരുന്നു ന്യായപ്രമാണം.

ന്യായപ്രമാണത്തിൻ കീഴിൽ, ആരാധകൻ തന്റെ വഴിപാടുമായി ഹൃദയത്തിൽ മാനസാന്തരത്തോടും ആശ്രയത്തോടും കൂടെ വരുമ്പോൾ, ദൈവം "വിശ്വാസികൾ തങ്ങളുടെ വിശ്വാസ പ്രവൃത്തികളാൽ, ക്രിസ്തുവിന്റെ മരണത്തിലേക്ക് നോക്കുന്നതായിട്ടും, 'അബ്രഹാമിന്റേതുപോലെ, നീതിയായി കണക്കിടും' "[34] യാഗങ്ങൾ മാത്രം പോരാ എന്നാണ് ന്യായപ്രമാണം വ്യക്തമാക്കിയത് (സങ്കീ. 51:16, 17; ആമോ. 5:21).

ഒരാളുടെ പാപം വാസ്തവത്തിൽ ക്ഷമിക്കപ്പെടുമ്പോൾ മാത്രമാണ് അയാൾ അനുഗ്രഹിക്കപ്പെടുന്നത് (സങ്കീ. 32:1, 2). അവരെയും വീണ്ടെടുക്കുവാനായി യേശു മരിക്കുമ്പോഴാണ് പഴയ നിയമത്തിൻ കീഴിൽ വിശ്വസ്തരായി ജീവിച്ചവർക്കും "സമ്പൂർണ്ണത" ലഭിക്കുന്നത് (എബ്രാ. 9:15). പഴയ നിയമത്തിൻ കീഴിലുള്ളവരും രക്ഷിക്കപ്പെടുന്നത് കൃപയാൽ വിശ്വാസം മൂലമത്രെ, അല്ലാതെ അവരുടെ വ്യക്തിപരമായ പൂർണ്ണതയാലോ, അല്ലെങ്കിൽ അവരുടെ നീതി പ്രവൃത്തികളാലുള്ള യോഗ്യതയാലോ അല്ല. അബ്രഹാമിന്റെ "വിശ്വാസം ... അവന്നു നീതിയായി കണക്കിട്ടു" (ഉല്. 15:6). അതുകൊണ്ട്, പഴയനിയമത്തിൻ കീഴിലുള്ളവരെല്ലാം അങ്ങനെയാണ് "രക്ഷിക്കപ്പെട്ടത്."

*ഗലാത്യർ* 3:24 ൽ, ന്യായപ്രമാണം നമ്മുടെ "*ശിശുപാലകൻ*" (*പെയിഡഗോഗോസ്*) എന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു കുട്ടിയെ അടിമ അദ്ധ്യാപകന്റെ അടുക്കലേക്ക് കൊണ്ടുപോകയും തിരിച്ചു കൊണ്ടുവരികയും ചെയ്യുന്ന ആശ

യമാണ് അക്ഷരികമായി അത് വ്യക്തമാക്കുന്നത്; നമ്മെ ക്രിസ്തുവിലേക്ക് നടത്തുന്ന *പെഡഗോഗോസ്* ആണ് ന്യായപ്രമാണം.

പാപ ഹൃദയത്തെ ശുദ്ധീകരിപ്പാൻ പുതിയ നിയമത്തിന് കഴിവുള്ളതുകൊണ്ട്, ഇപ്പോൾ നമുക്ക് ദൈവത്തോട് അടുത്തു ചെല്ലുവാൻ കഴിയും. പഴയനിയമത്തിൻ കീഴിലുള്ള പുരോഹിതന്മാർക്ക് വിശുദ്ധ സ്ഥലത്ത് ചെല്ലുമ്പോൾ മാത്രമായിരുന്നു **ദൈവത്തോട് അടുത്തു ചെല്ലുവാൻ** കഴിഞ്ഞിരുന്നത്. നാം പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഓരോ സമയത്തും നമുക്ക് അതിനു കഴിയുന്നു. യേശുവിന്റെ രക്തം മുഖാന്തരം അതെങ്ങനെ സധ്യമാകുന്നു എന്ന് എബ്രായർ 10:19–22 വ്യക്തമാക്കുന്നു. പഴയ നിയമ യാഗങ്ങളെ വിലയുള്ളതാക്കുകയാണ് യേശുവിന്റെ രക്തയാഗം. നമുക്ക് ദൈവത്തോട് അടുക്കുവാൻ ശ്രേഷ്ഠമായ ഒരു പ്രത്യാശ നമ്മുടെ പുതിയ മഹാപുരോഹിതൻ ഒരുക്കിയിരിക്കുന്നു. വാസ്തവത്തിൽ അവനാണ് നമ്മുടെ പ്രത്യാശ (1 തിമൊ. 1:1).

തന്റെ പൗരോഹിത്യ യാഗത്താൽ നമുക്ക് ക്രിസ്തു നേടി തന്നതിനെയാണ് എബ്രായ ലേഖനത്തിൽ ശ്രദ്ധിക്കുന്നത്. ലേഖനത്തിന്റെ പ്രധാന സ്വഭാവമാണ് പ്രത്യാശ (3:6; 6:11, 18, 19; 7:19; 10:23). നമുക്ക് യേശുവിൽ ലഭിക്കുന്ന സമാധാനം ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടാത്തവർക്ക് കാണുകയില്ല (റോമ. 5:1, 2). സ്നാനത്തിൽ നാം ക്രിസ്തുവിനെ അനുസരിക്കുമ്പോൾ, അവനിലുള്ള നമ്മുടെ വിശ്വാസം, പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (പ്രവൃ. 22:16). ഈ രീതിയിൽ ശുദ്ധീകരിക്കപ്പെട്ടവർക്കാണ് ദുർമ്മനസാക്ഷിയിൽനിന്ന് മോചനം പ്രാപിച്ച് “ധൈര്യത്തോടെ കൃപാസനത്തോട്” അടുത്തു ചെല്ലുവാൻ കഴിയുന്നത് (4:16).

**വാക്യം 20.** ലേവ്യാ പൗരോഹിത്യത്തേക്കാൾ ക്രിസ്തുവിന്റെ പൗരോഹിത്യം എന്തുകൊണ്ടാണ് വലുത് ആയത്? ആ ചോദ്യത്തിനുള്ള ഉത്തരമായി പുസ്തകത്തിന്റെ കേന്ദ്രഭാഗമായ ഈ വേദഭാഗത്തിന്റെ പ്രതികരണം കണക്കാക്കാം. അത് ഇന്ന് നമുക്ക് കാര്യമായതാണോ? അതെ. കാരണം ക്രിസ്തുവിന് പുറത്തുള്ളവർ നഷ്ടപ്പെട്ടവരാണ്. ക്രിസ്തുവിൽ ആകാതെ, പാപത്തിൽ തന്നെ കഴിയുന്നവർക്ക് പാപവും വെച്ച് ക്രിസ്തു ആയിരിക്കുന്നേടത്ത് എത്തുവാൻ സാധ്യമല്ല (യോഹ. 8:21, 24). മഹാപുരോഹിതനായി പ്രവർത്തിക്കുന്ന യേശുവിന് മാത്രമെ ആ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളു.

ദൈവം ഒരു “പുതിയ നിയമം” വാഗ്ദാനം ചെയ്ത്, **ആണയോടെ** ഉറപ്പിച്ചിരിക്കുന്നു. പ്രതിജ്ഞ ചെയ്തതിന്റെ പ്രാധാന്യം കണക്കാക്കി ദൈവം വളരെ അപൂർവ്വമായി മാത്രമെ ആണയിട്ടിട്ടുള്ളു. “ഒരു കാര്യം ഇളകാത്ത രീതിയിൽ ഉറപ്പിച്ച് പറയുന്നതിനാണ് ദൈവം ആണയിടുന്നത്.”[35] പ്രധാനപ്പെട്ട കാര്യങ്ങൾ ദൈവം പഴയ നിയമത്തിൽ ആണയിട്ട് പറഞ്ഞിരിക്കുന്നതിന് ഉദാഹരണമായി (1) അബ്രഹാം മുഖാന്തരം സകല ജാതികളെയും അനുഗ്രഹിക്കുമെന്ന് പറഞ്ഞപ്പോൾ (ഉല്. 22:16–18); (2) ദൈവത്തിന്റെ വിശ്രമത്തിൽ, പ്രവേശിക്കയില്ല എന്ന് അവൻ യിസ്രായേലിനോടു പറഞ്ഞപ്പോൾ (ആവ. 1:34, 35); (3) കനാനിൽ പ്രവേശിക്കയില്ല എന്ന് മോശെയോട് ദൈവം പറഞ്ഞപ്പോൾ (ആവ. 4:21); (4) അവന്റെ സന്തതിയും സിംഹാസനവും എന്നേക്കും ഇരിക്കും എന്ന് ദാവീദിനോട് പറഞ്ഞപ്പോൾ (സങ്കീ. 89:3, 4).

താൻ വാഗ്ദാനം ചെയ്തത് സംഭവിക്കുക തന്നെ ചെയ്യുമെന്ന് ഊന്നി

പറയുവാനാണ് ദൈവം ആണയിടുന്നത്. പഴയ നിയമ പൗരോഹിത്യം നൽകിയപ്പോൾ അത് ആണയാൽ സ്ഥാപിച്ചിരുന്നില്ല. ലേവ്യാ പൗരോഹിത്യം ആണയാൽ അധികാരപ്പെടുത്തിയിരുന്നില്ല. ദൈവത്തിന്റെ ദൂര-വ്യാപകമായ പദ്ധതികളിൽ ലേവ്യാ പൗരോഹിത്യം ഉൾപ്പെടുത്താതിരുന്നതിനാൽ, അത് മാറുവാനുള്ളതായിരുന്നു. ന്യായപ്രമാണവും പൗരോഹിത്യവും വേർപെടുത്തുവാൻ കഴിയാത്തതാകയാൽ, ന്യായപ്രമാണവും മാറേണ്ടത് അനിവാര്യമായിരുന്നു.

**വാക്യം 21**. ഈ വാക്യത്തിൽ സങ്കീർത്തനങ്ങൾ 110:4 ന്റെ ആദ്യഭാഗം ഉദ്ധരിച്ചിരിക്കുകയാണ്, അത് വാക്യം 17 ൽ ഒഴിവാക്കിയിരിക്കുന്നു: **"നീ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം 'എന്നേക്കും പുരോഹിതൻ' എന്നല്ലോ സാക്ഷീകരിച്ചിരിക്കുന്നത്."** ക്രിസ്തുവിന്റെ പൗരോഹിത്യം ദൈവം മൽക്കിസെദേക്കിന്റെ ക്രമപ്രകാരമാണ് ആണയിട്ട് ഉറപ്പിച്ചത്. ന്യായപ്രമാണവും പൗരോഹിത്യവും മാറുമെന്ന് ആണയിട്ട് ഉറപ്പിച്ച ശേഷം, ദൈവം "തന്റെ മനസ് മാറ്റുകയില്ല." രക്ഷയും പക്ഷവാദവും ലഭിക്കുന്ന ഈ പുതിയ പൗരോഹിത്യ വ്യവസ്ഥയേക്കാൾ ആത്മിയമായി വലുതായി പ്രതീക്ഷിക്കാവുന്ന മറ്റൊന്നില്ല.

ദൈവം എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, അത് നന്നായി ചെയ്തതു പോലെയാണ്. യേശു ദൂരത്തുനിന്ന് ഒരു വാക്ക് പറഞ്ഞപ്പോൾ തന്നെ ഒരു ശതാധിപന്റെ ബാലന്നു സൗഖ്യം ലഭിച്ചു എന്നാണ് ലൂക്കൊസ് 7:6–10 പറയുന്നത്. അത് മനസിലാക്കിയ ശതാധിപന്റെ വിശ്വാസം കണ്ടിട്ട്, യിസ്രായേൽ മക്കളുടേതിൽ നിന്നും ഉയർന്നതായിരുന്നു എന്നാണ് യേശു അഭിപ്രായപ്പെട്ടത്. ആ മനുഷ്യൻ വിശ്വാസം അർപ്പിച്ചത് യേശുവിന്റെ വാക്കിൽ ആയിരുന്നു. അതുപോലെ ആയിരിക്കണം നാമും.

എന്തെങ്കിലും ചെയ്യുമെന്ന് ദൈവം സത്യം ചെയ്തു പറഞ്ഞിട്ടുണ്ടെങ്കിൽ, അവൻ തന്റെ മനസ് മാറ്റുകയില്ല. എന്നാൽ അവൻ നിർദ്ദേശിച്ച നിബന്ധനകൾ ചിലത് പാലിച്ചില്ലെങ്കിൽ തന്റെ മനസ് മാറ്റി പ്രവർത്തിക്കും. "അവന്റെ പൗരോഹിത്യം "എന്നേക്കുമുള്ളത്" എന്ന് എബ്രായ ലേഖനം അദ്ധ്യായം 7 മൂന്നു പ്രവശ്യം പറയുന്നു (വാ. 3, 17, 21). ദൈവത്തിന്റെ കൃപയുള്ള അന്ത്യകാലമാണ് ഇത്; ഇനി നിത്യത അല്ലാതെ മറ്റൊരു കാലം ഇല്ല. തീർച്ചയായി അത് ഒരു "കാലം" ആയി കണക്കാക്കാവുന്നതല്ല. ക്രിസ്തീയ കാലത്തിനപ്പുറം ഒരു ആയിരം ആണ്ട് ഇല്ല. ദൈവം ആണയിട്ടതിനാൽ അത് ഇരട്ടി ഉറപ്പുള്ളതായി നമുക്ക് തീർച്ചപ്പെടുത്താം.

**വാക്യം 22**. എബ്രായ പുസ്തകത്തിന്റെ മുഖ്യ വിഷയത്തിലെ ഒരു ഭാഗമാണ് ഈ വാക്യം: **യേശു ... ശ്രേഷ്ടമായ ഒരു നിയമം ... ഉറപ്പിക്കു**[ന്നു]. "ഉറപ്പ്," അല്ലെങ്കിൽ "ഭദ്രത" (*എൻഗുവോസ്*) എന്ന വാക്ക് ഇവിടെ അല്ലാതെ പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തുമില്ല. പുരാതന കാലത്ത് എന്തെങ്കിലും രേഖക്കോ അല്ലെങ്കിൽ ജാമ്യം എടുക്കുന്നതിനോ ഉപയോഗിച്ചിരുന്ന വാക്കാണ് അത്. കൂടാതെ, ഒരു പെൺകുട്ടിയുടെ വിവാഹ സമയത്ത് സ്ത്രീധനം കൊടുക്കാമെന്നതിനും ആ വാക്ക് ഉപയോഗിച്ചിരുന്നു.[36] ക്ലാസിക്കൽ ഗ്രീക്കിൽ, *എൻഗുവോസ്* എന്നത് ഒരു നിയമ നടത്തിപ്പിന് സമർപ്പിക്കപ്പെട്ട ഒരാൾ ആണ്.

യേശുവിന്റെ മരണത്താലും ഉയർപ്പിനാലും, പൂർണ്ണ പാപമോചനവും നിത്യ രക്ഷയും ഉറപ്പാക്കിയിരിക്കുകയാണ്. ക്രിസ്തു മുഖാന്തരം നമ്മുടെ പ്രവേശനം ഉറപ്പാക്കുന്നതാണ് നമ്മുടെ രക്ഷ; അവനാണ് നമ്മുടെ ഉറപ്പ്. ക്രിസ്തു നമുക്ക് വേണ്ടി മറുവില കൊടുത്തതിനാൽ, നമ്മെ വീണ്ടെടുത്തിരിക്കുന്ന

തായി നമുക്ക് ഉറപ്പിക്കാം. വിശ്വാസം മൂലമാണ് നമുക്ക് ധൈര്യം ലഭിക്കുന്നത്. എങ്ങനെയായാലും, ദൈവം പ്രാരംഭ ഉറപ്പ് നൽകിയത് ദൈവത്തിന്റെ ആണയാലാണ് (വാ. 21). ക്രിസ്തുവിൽ ക്രിസ്ത്യാനികൾക്ക് ഒരു ഉറപ്പ് നൽകുന്ന പ്രസ്താവന, കുറവുള്ള ഉടമ്പടിയിലേക്ക്-ന്യായപ്രമാണത്തിലേക്ക് എബ്രായ ക്രിസ്ത്യാനികൾ മടങ്ങി പോകുവാൻ ശ്രമിച്ചതിനാലാകാം സൂചിപ്പിച്ചത്, അത് രക്ഷ ലഭിക്കാത്തതും കുറഞ്ഞ ഉറപ്പുള്ളതുമായ ഒന്നാണെന്ന് വ്യക്തമാക്കുന്നു.

ക്രിസ്തു "ഒരു ശ്രേഷ്ഠ നിയമത്തിന്റെ ഉറപ്പാകുന്നു." "ഉടമ്പടി" (*ഡയാക്കെകേ*) എന്ന വാക്ക് ലേഖനത്തിൽ ആദ്യമായാണ് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ തുടർന്നുള്ള ചർച്ചകളിൽ അതിന് സുപ്രധാന പങ്ക് വഹിക്കുവാനായിട്ടുണ്ട് (9:16, 17 മായുള്ള ബന്ധത്തിൽ "ഉടമ്പടി" എന്ന വാക്ക് ചർച്ച ചെയ്തിരിക്കുന്നത് നോക്കുക). "ഉടമ്പടിയുടെ ലേഖനം" എന്നാണ് എബ്രായ ലേഖനത്തെ വിളിച്ചിരിക്കുന്നത്. അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുവാൻ പോകുന്നതിനെ കുറിച്ച് ഒരു സൂചനയല്ലാതെ ഈ ഭാഗത്ത് മറ്റൊന്നും പറയുന്നില്ല.[37] പുതിയ നിയമത്തിൽ "ശ്രേഷ്ഠം" എന്ന വാക്ക് പതിനാറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതിൽ പതിമൂന്നു പ്രാവശ്യവും എബ്രായ ലേഖനത്തിലാണ്-അത് തീർച്ചയായും ശ്രേഷ്ഠമാണ്. 8:8 ൽ "പുതിയ നിയമം" വന്നിരിക്കുന്നത് "ശ്രേഷ്ഠ നിയമം" ആയിട്ടാണ്.

## ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവൃത്തി പൂർണ്ണവും സ്ഥിരവുമാണ് (7:23-28)

**23മരണം നിമിത്തം അവർക്ക് നിലനില്പ്പാൻ മുടക്കം വരിക കൊണ്ടു പുരോഹിതന്മാർ ആയി തീർന്നവർ അനേകർ ആകുന്നു. 24ഇവനോ, എന്നേക്കും ഇരിക്കുന്നത് കൊണ്ട് മാറാത്ത പൗരോഹിത്യം ആകുന്നു പ്രാപിച്ചിരിക്കുന്നത്. 25അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു.**

**26ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്ക് വേണ്ടിയത്: പവിത്രൻ, നിർദോഷൻ, നിർമലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായി തീർന്നവൻ; 27ആ മഹാപുരോഹിതന്മാരെ പോലെ ആദ്യം സ്വന്തം പാപങ്ങൾക്കായും ദിനം പ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നെ. അത് അവൻ തന്നെത്താൻ അർപ്പിച്ചു കൊണ്ട് ഒരിക്കലായിട്ടു ചെയ്തുവല്ലോ. 28ന്യായപ്രമാണം ബലഹീന മനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു; ന്യായപ്രമാണത്തിനു പിമ്പുള്ള ആണയുടെ വചനമോ എന്നേക്കും തികഞ്ഞവനായിത്തീർന്ന പുത്രനെ പുരോഹിതനാക്കുന്നു.**

വലിയ പൗരോഹിത്യ വേദഭാഗം ആയ 7:22–28 ൽ, ക്രിസ്തുവിനെ കുറിച്ച് മൂന്നു ചിത്രീകരണങ്ങൾ നൽകിയിരിക്കുന്നു. അവൻ "ഒരു ശ്രേഷ്ഠ നിയമത്തിന്റെ ഉറപ്പാണ്" എന്നു നാം കണ്ടുകഴിഞ്ഞു (വാ. 22). അവൻ നമ്മുടെ നിത്യ പുരോഹിതനും ഫലമുള്ള യാഗവുമാണ് എന്നും കാണുന്നു (വാ. 26, 27). ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവൃത്തിയിലും യാഗത്തിലും "സ്ഥിരമായ നേട്ടവും, പരിധിയില്ലാത്ത ശക്തിയും, ഇപ്പോഴുള്ള ശുശ്രൂഷയും, പാപരഹിതമായ

സ്വഭാവവും, തികഞ്ഞ വഴിപാടും" ഉൾപ്പെടുന്നതാണെന്ന് റേമണ്ട് ബ്രൗൺ പറഞ്ഞിരിക്കുന്നു.[38]

**വാക്യങ്ങൾ 23, 24**. ഏ. ഡി. 70 ൽ ദൈവാലയം വീഴുന്നതിന് മുൻപ് എബ്രായ ലേഖനം എഴുതിയ സമയത്ത് **പുരോഹിതന്മാർ** അവിടെ ശുശ്രൂഷ അർപ്പിച്ചിരുന്നു, ദൈവാലയം നശിപ്പിക്കപ്പെട്ടപ്പോൾ, യാഗം കഴിക്കലും നിന്നുപോയി. മഹാപുരോഹിതനായിരുന്ന അഹരോന്റെ കാലത്ത് നടന്ന യാഗങ്ങൾ ആയിരിക്കാം ലേഖകന്റെ മനസിൽ ഉണ്ടായിരുന്നത്. അതായിരിക്കാം എബ്രായ ലേഖനത്തിൽ ദൈവാലയത്തെ കുറിച്ച് പ്രത്യേകമായി പറയാതിരിക്കുവാനുള്ള കാരണം.

**മരണം** മൂലമോ അല്ലെങ്കിൽ അവരുടെ ഔദ്യോഗികകാല പരിമിതി മൂലമോ, ന്യായപ്രമാണത്തിൻ കീഴിൽ **അസംഖ്യം** അല്ലെങ്കിൽ വളരെ അധികം പുരോഹിതന്മാർ ശുശ്രൂഷ ചെയ്യേണ്ടി വന്നു, എന്നാൽ നമുക്ക് ഇപ്പോൾ എക്കാലത്തേക്കും ഒരു മഹാപുരോഹിതനാണ് സഭയിൽ ഉള്ളത്, ജോസഫസ് പറഞ്ഞത് അനുസരിച്ച്, യെരുശലേം വീഴ്ചയ്ക്ക് മുൻപ് എൺപത്തി-മൂന്ന് മഹാപുരോഹിതന്മാരാണ് ഉണ്ടായിരുന്നത്.[39] സേവനം ചെയ്ത മൊത്തം പുരോഹിതന്മാർ, ഒരു സമയത്ത് ആയിരത്തി അഞ്ഞൂറ് ആയി കണക്കാക്കപ്പെട്ടിരിക്കുന്നു.[40] ഓരോ പുരോഹിതന്റെയും വിവരണം അവസാനിപ്പിക്കുന്നത് "അവൻ മരിച്ച് പോയി" എന്ന പ്രയോഗത്തോട് കൂടിയാണ്. മോശെ, അഹരോനെയും അവന്റെ പുത്രൻ എലയാസറിനെയും ഹോർ പർവ്വതത്തിലേക്ക് കൊണ്ടു പോയി, അഹരോന്റെ പുരോഹിത വസ്ത്രങ്ങൾ ഊരി അവന്റെ മകന് നല്കി. അഹരോൻ പിന്നെ മലയിൽ വച്ച് മരിച്ചു പോയി. അത് അങ്ങനെ തുടർന്നു, മഹാപുരോഹിതനിൽ നിന്ന് മഹാപുരോഹിതനിലേക്ക് മാറി കൊണ്ടിരുന്നു. ക്രിസ്തുവിന്റെ ശ്രേഷ്ഠ പൗരോഹിത്യ സ്വഭാവം **എന്നേക്കും** ഉള്ളതാകുന്നു എന്ന വാക്കുകളിൽ കാണാം (വാ. 24); അവന്റെ പൗരോഹിത്യത്തിന് അവസാനമില്ല എന്ന് ആ വാക്കുകൾ വ്യക്തമാക്കുന്നു. സങ്കീർത്തനങ്ങൾ 110:4 ലെ പ്രവചനം എബ്രായർ 7:21 ൽ കാണാം: "നീ എന്നേക്കും ഉള്ള പുരോഹിതൻ. ..." ഒരു യഹൂദ പുരോഹിതനും എന്നേക്കും പുരോഹിതനായിരിപ്പാൻ കഴിഞ്ഞില്ല-എന്നാൽ ക്രിസ്തുവിന് കഴിഞ്ഞു കാരണം അവൻ വീണ്ടും മരിക്കാതിരിക്കേണ്ടതിന്, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റവൻ ആകുന്നു.

വാക്യം 16 രണ്ട് പൗരോഹിത്യം തമ്മിലുള്ള വ്യത്യാസം എടുത്ത് കാണിച്ചത്, ഒന്ന് ഭൗമീകവും അല്ലെങ്കിൽ "ഭൗതീകവും," മറ്റൊന്ന്, "നശിപ്പിക്കാൻ ആകാത്ത ശക്തിയുള്ളത്." വാക്യം 23 മറ്റൊരു അന്തരത്തെ എടുത്തു കാണിക്കുന്നു: അനേകം പേർ ഒന്നിലും മറ്റൊന്നിൽ ഏകനും ആണ് ഉള്ളത്. അവൻ ഭൂമിയിലായിരുന്നപ്പോൾ ചെയ്ത അത്ഭുത ശക്തി, സുവിശേഷം പൂർണ്ണമായതോടെ അതിന്റെ ആവശ്യം ഉദിക്കുന്നില്ല (2:1-4 നോക്കുക). യേശു ക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ ചെയ്ത അത്ഭുതങ്ങൾ, പ്രാരംഭ ക്രിസ്തീയ വിശ്വാസത്തെ ശക്തിപ്പെടുത്തി, എന്നാൽ അത് മാത്രം മതിയായിരുന്നില്ല, "അതുമുതൽ ക്രിസ്തു എന്താണ് ചെയ്ത് കൊണ്ടിരുന്നത്?" എന്ന് ഒരാൾ അതിശയിച്ചേക്കാം. അവന്റെ ഇപ്പോഴത്തെ പ്രവൃത്തിയായ പക്ഷവാദം ചെയ്യൽ അവർ അറിയേണ്ടിയിരിക്കുന്നു (വാ. 25) അത് അവൻ മുൻപ് ചെയ്ത അത്ഭുതം പോലെ വിലയുള്ളതാണ്.

ക്രിസ്തു **തന്റെ പൗരോഹിത്യം സ്ഥിരമാക്കി** വെച്ചിരിക്കുന്നു (വാ. 24). "സ്ഥിരം," *അപരബെറ്റോസ്*, അർത്ഥം "മാറ്റപ്പെടാൻ-കഴിയാത്ത," എന്നത്

സൂചിപ്പിക്കുന്നത് അവന്റെ പൗരോഹിത്യം മറ്റൊരാൾക്ക് കൈമാറുകയില്ല എന്നാണ്.[41] ഈ പ്രസ്താവന അനുസരിച്ച് ക്രിസ്തുവിന്റെ സ്ഥാനം മറ്റൊരു സ്ഥാപകനോ അല്ലെങ്കിൽ "പ്രവാചകനോ," ചില നാമധേയക്കാർ ചിന്തിക്കുന്നതു പോലെ കൈമാറുകയില്ല.

**വാക്യം 25.** യെരുശലേമിലെ അവസാന മഹാപുരോഹിതന്റെ സ്ഥാനം മതഭ്രാന്തന്മാർ പരിഹാസ്യമാക്കി. മഹാപുരോഹിതൻ എന്നാൽ എന്താണ് എന്ന് അറിയാതിരുന്ന അയോഗ്യനായിരുന്നു അയാൾ.[42] ക്രിസ്തുവിന്റെ **എന്നേക്കും രക്ഷിക്കുവാനുള്ള** കഴിവുമായി താരതമ്യം ചെയ്യുമ്പോൾ, ആ പൗരോഹിത്യം ബാലിശമായിരുന്നു എന്ന് കാണാം. അവന്റെ മരണം മഹാപുരോഹിതനാകുവാൻ തടസ്സമായിരുന്നില്ല, കാരണം അവൻ ഉയിർത്തെഴുന്നേറ്റ് എന്നേക്കും ജീവിക്കുന്നു. "മരണത്തിന് ഒരിക്കലും അവനെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞില്ല" (റോമ. 6:9). യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യം എന്നേക്കും ഉള്ളതാണ്, അതിനു ശേഷം മറ്റാരും ഉണ്ടാവുകയില്ല.

ക്രിസ്തു എന്നേക്കും മഹാപുരോഹിതനായി തീർന്നതു കൊണ്ട്, അവൻ നമ്മെ രക്ഷിക്കുവാൻ പ്രാപ്തനാകുന്നു. അവന്റെ കഴിഞ്ഞകാല ശക്തി പ്രകടനം ഇപ്പോൾ അദൃശ്യമാണ്, എന്നാൽ ഇപ്പോൾ അവൻ ചെയ്ത് കൊണ്ടിരിക്കുന്ന ശക്തിക്ക് സമയത്തിനോ നിത്യതയ്ക്കോ പരിമിതിയില്ലാത്തവ ആകുന്നു. കഴിവുള്ള, ശക്തിയുള്ള ഒരു രക്ഷകനാണ് നമുക്ക് ആവശ്യം. നിത്യമായ മരണത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാനാവശ്യമായ ശക്തി ക്രിസ്തുവിനുണ്ട്. കാൽവരിയിലെ അവന്റെ യാഗത്താൽ പാപത്തിന്റെ പിഴ കൊടുക്കാതിരിക്കേണ്ടതിന് അനുസരണത്താൽ അവൻ നമ്മെ രക്ഷിക്കുന്നു (5:8, 9).

"രക്ഷിക്കുക" എന്ന വാക്ക് ഭൂതകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്; മറ്റൊരു വാക്കിൽ പറഞ്ഞാൽ, തുടർച്ചയായി അവൻ നമ്മെ രക്ഷിക്കുന്നു. അതുപോലെ, 1 കൊരിന്ത്യർ 10:13 ൽ പൗലൊസ് പറഞ്ഞിരിക്കുന്നത് നമ്മെ സകല പരീക്ഷണങ്ങളിൽ നിന്നും മാറ്റി നിർത്തുവാനുള്ള ("രക്ഷിക്കുവാൻ") ശക്തി അവനുണ്ട്. അവനൊരുപക്ഷെ അത് ദൂതന്മാരിൽ കൂടെ ആകാം ചെയ്യുന്നത് (1:14), എന്നാൽ അവരിൽ പ്രവർത്തിക്കുന്നത് ക്രിസ്തുവാണ്. അവന്റെ ജീവിതത്തിന്റെ നിത്യതയും പൗരോഹിത്യത്തിന്റെ സ്വഭാവവും, അവനോട് വിശ്വസ്തത പുലർത്തി ജീവിക്കുന്നവരെ, അവൻ പാപത്തിന്റെ ശക്തിയിൽ നിന്ന് തുടർച്ചയായി രക്ഷിക്കും. ഊഹിക്കുവാൻ കഴിയാത്ത വിധത്തിൽ ക്രിസ്തു നമ്മെ പിതാവിൽ ഭരമേല്പിക്കുന്നു. ക്രിസ്ത്യാനികൾക്ക് ഇപ്പോഴും "രക്ഷിക്കൽ" ആവശ്യമാണ്.[43] "ഇടറാതെ നമ്മെ സൂക്ഷിക്കുവാൻ അവൻ പ്രാപ്തനാണ്, തന്റെ മഹത്വത്തിൽ കുറ്റമില്ലാത്തവരായി ദൈവമുൻപാകെ നമ്മെ നിർത്തുവാൻ അവന് കഴിയും" (യൂദാ. 24). അവന്റെ നിരന്തരമായ സഹായമാണ് നമുക്ക് വേണ്ടിയുള്ള പക്ഷവാദം.

"എന്നേക്കും" (*പാന്റലസ്*) എന്ന വാക്കാണ് എൻഎഎസ്ബി തർജ്ജിമക്കാർ, നാം രക്ഷിക്കപ്പെട്ടു എന്നതിന് ഉപയോഗിച്ചിരിക്കുന്നത്, എൻകെജെവിയിലും എഎസ്‌വിയിലും "അവസാനത്തോളം" എന്നാണ്. ക്രിസ്തു തന്റെ പ്രവൃത്തി പകുതിയിൽ വച്ച് ഉപേക്ഷിക്കുന്നില്ല, അവന്റെ ശക്തി നമുക്ക് ആവശ്യമുള്ളിടത്തോളം അത് ഉപയോഗിച്ച് കൊണ്ടിരിക്കുന്നു. അക്കാരണത്താലാണ് അവൻ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നത്. അവന്റെ പക്ഷവാദ പ്രവൃത്തികൾ പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു (റോമ. 8:33, 34). അപ്രകാരമുള്ള മഹാപുരോഹിതനാണ് നമുക്ക് ആവശ്യം, കാരണം അവൻ പറഞ്ഞു,

"... ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6). ക്രിസ്തു നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നവൻ എന്നത് തിരുവെഴുത്തിലെ പ്രസ്താവനകളിൽ വെച്ച് ഏറ്റവും വലിയതാണ്.

റോമർ 8:33, 34 ലെ വാക്കുകൾ "പ്രാരംഭ ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റു പറച്ചിൽ ആണ് സൂചിപ്പിക്കുന്നത്" എന്നാണ് ബ്രൂസ് കരുതിയത്. യേശുവിന്റെ മരണം, ഉയിർപ്പ്, സിംഹാസന ആരോഹണം, പക്ഷവാദം എന്നിവ സാക്ഷീകരിക്കപ്പെട്ടിരിക്കുന്നു.[44] തീർച്ചയായും, ക്രിസ്ത്യാനികൾക്ക് സ്വർഗ്ഗത്തിൽ തേജസ്സിലെടുക്കപ്പെടുവാനാണ് അവൻ വഴിയൊരുക്കിയത്. ആ പ്രവൃത്തി യെശയ്യാവ് 53:12 ൽ മുന്നറിയിച്ചിരുന്നു. ക്രിസ്തുവിൽ ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി വലിയ അനുഗ്രഹങ്ങൾ അത്ഭുതകരമായി സൂക്ഷിച്ചിരിക്കുന്നു. ലേവ്യാ പുരോഹിതന്മാർക്ക് അത്തരം സാധ്യത ചിന്തിക്കുവാൻ പോലും കഴിയുമായിരുന്നില്ല. ക്ഷീണിക്കുന്നവർക്ക് വിശ്രമവും (മത്താ. 11:28–30), പിതാവിങ്കലേക്ക് ഉള്ള വഴി തുറന്നതിനാൽ ധൈര്യവും ലഭിച്ചിരിക്കുന്നു (യോഹ. 14:6). മറ്റൊരു വഴി നൽകപ്പെട്ടിട്ടില്ല.

**പക്ഷവാദം** എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത്, *എന്റുഗ്കാനു*, ഈ ലേഖനത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്; എന്നാൽ ക്രിസ്തുവിനാലും ആത്മാവിനാലും പക്ഷവാദം നടക്കുന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു (റോമ. 8:26, 34). യോഹന്നാൻ 17:6–26 ൽ യേശു അപ്പൊസ്തലന്മാർക്ക് ചെയ്തത് നമുക്കും തുടർച്ചയായി ചെയ്തേക്കാം. പറഞ്ഞുകൂടാത്ത ഞരക്കങ്ങളിൽ നിന്ന് സന്ദേശത്താൽ, ആത്മാവ് നമ്മെ രൂപാന്തരപ്പെടുത്തുന്നത്, അല്പ വ്യത്യാസം ഉളവാക്കുന്നു, അതുവഴി ദൈവത്തിന്റെ പ്രതികരണം നമ്മെ ഉറപ്പിക്കുകയാണ്. അത് പഴയനിയമകാലത്തെ മഹാപുരോഹിതൻ ആരാധകർക്ക് വഴിപാടും യാഗവും അവരുടെ പാപങ്ങൾ "നീട്ടിവെയ്ക്കുവാൻ" അർപ്പിക്കുന്നത്, തന്റെ തന്നെ പക്ഷവാദം ചെയ്യുന്നത് പോലെയാണ്.[45]

സങ്കീർത്തനങ്ങൾ 110 ലെ പക്ഷവാദമായ ക്രിസ്തുവിന്റെ പ്രവൃത്തിയെ എബ്രായ ലേഖകനും പൗലൊസും ഒരേ രീതിയിൽ പറയുന്നു. യെശയ്യാവ് 53:12 ഉം ഇതേ ആശയത്തിന്റെ അടിസ്ഥാനമാണെന്ന് തോന്നുന്നു. അതിക്രമക്കാർക്ക് വേണ്ടി പക്ഷവാദം ചെയ്യുന്ന ക്രിസ്തുവിനെയാണ് അവിടെ തിരിച്ചറിയിക്കുന്നത്.

**വാക്യങ്ങൾ 26, 27.** പാപത്തിൽ നിന്ന് പൂർണ്ണമായി ഒഴിവായ, സാഹചര്യത്തിന് അനുസരിച്ച് യോജിച്ച ഒരു **മഹാപുരോഹിതനെ**യാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. അവൻ **വിശുദ്ധൻ** (*ഹോസിയോസ്*), അർത്ഥം "ഭക്തിയുള്ള, ധ്യാനമുള്ള, ദൈവത്തിന് പ്രസാദകരമായ" എന്നാണ്.[46] ആ വാക്ക് "വിശ്വസ്തതയോടെയും സൂക്ഷ്മതയോടെയും ദൈവത്തിന്റെ കടമ നിർവ്വഹിക്കുന്നതിനാണ് ആ വാക്ക് എല്ലായ്പ്പോഴും ഉപയോഗിക്കുന്നത്."[47] പഴയനിയമ പുരോഹിതന്മാരെ മാത്രമെ ദൈവാലയത്തിൽ പ്രവേശിക്കുവാൻ അനുവദിച്ചിരുന്നുള്ളു എന്നതിനാൽ അവർ വിശുദ്ധരാകേണ്ടിയിരുന്നു. ആരാധനാക്രമങ്ങൾ വെറുതേ അനുഷ്ഠിക്കുക മാത്രമല്ല, അവൻ നിർമല ഹൃദയമുള്ളവൻ ആകണമായിരുന്നു. യേശു പാപത്താലുള്ള കറ പുരളാത്തവനായിരുന്നു, നാമും അതുപോലെ ആകണം. യേശു "വിശുദ്ധൻ" എന്ന് സങ്കീർത്തനങ്ങൾ 16:10 ഉദ്ധരിച്ച് പത്രൊസും പൗലൊസും പറഞ്ഞിരിക്കുന്നു (പ്രവൃ. 2:27; 13:35). നമുക്ക് ആവശ്യമുള്ള എല്ലാ യോഗ്യതകളും തികഞ്ഞവൻ അവൻ മാത്രമായിരുന്നു, എന്നാൽ നമുക്ക് അത് കൈവരിക്കുവാൻ ക്രിസ്തു മുഖാന്തരം

മാത്രമാണ് കഴിയുന്നത്, കാരണം അവൻ നമ്മെ "വിശുദ്ധീകരിച്ച്" (എബ്രാ. 2:11), വിശുദ്ധരാക്കുന്നു.

നമ്മുടെ കർത്താവ് **നിഷ്കളങ്കനും** ആയിരുന്നു (*അകാക്കോസ്*) ആണ്, അല്ലെങ്കിൽ മനുഷ്യരോടുള്ള എല്ലാ ഇടപാടുകളും ഉപദ്രവരഹിതമാണ്. അഴുക്കിൽ നിന്നും വെറുപ്പിൽ നിന്നും മോചിപ്പിക്കുന്ന ഒരു ജീവിതമാണ് യേശു കാണിച്ചത്; അവൻ എല്ലാവരോടും ധർമ്മോപകാരവും ദയയും കാണിച്ചു. അവൻ നല്ലത് മാത്രമാണ് ചെയ്തത്. പൊൻവാണിഭക്കാരെ ദൈവാലയത്തിൽ നിന്ന് ഓടിച്ചത്, "ശുദ്ധീകരിക്കൽ" ആയിരുന്നു, അത് തീർച്ചയായും നല്ലതായിരുന്നു. അവരുടെ കവർച്ച വെളിപ്പെടുത്തുന്നതായിരുന്നു അവന്റെ ശക്തമായ പ്രവൃത്തി (യോഹ. 2:14, 15). ഒരുപക്ഷെ അത് ചിലരെ ദുഃഖിപ്പിച്ചിരിക്കാം.

**നിർദ്ദോഷൻ** (*അമിആൻറ്റോസ്*) എന്ന വാക്ക് യേശുക്രിസ്തു ധാർമ്മികമായി അശുദ്ധിയില്ലാത്തവൻ എന്ന് തെളിയിക്കുന്നു. ഭൗതീകമായ നിർമ്മലതയ്ക്കും ആ വാക്ക് ഉപയോഗിക്കാം. പുരോഹിതന്മാർ പുറമേ കുറ്റമില്ലാത്തവർ ആകേണ്ടിയിരുന്നു. അപ്പോൾ ധാർമ്മികമായ എത്ര ആവശ്യമാണ്! നിർദ്ദോഷൻ എന്ന വാക്ക് കൊണ്ട് അവന് ആഘോഷപരമായ അശുദ്ധി ഒഴിവാക്കി എന്ന് അർത്ഥമാക്കരുത്. ലേവ്യാ പുരോഹിതന്മാർ അങ്ങനെ ചെയ്യണമായിരുന്നു, എന്നാൽ യേശു മുഴുവനായും ധാർമ്മിക അശുദ്ധിയില്ലാത്തവനായിരുന്നു. പുരോഹിതന്മാർ പാപക്കറ ഉള്ളവരായിരുന്നതിനാൽ, ദോഷമുള്ളവരായിരുന്നു, എന്നാൽ നമ്മുടെ രക്ഷകൻ നിർദ്ദോഷവാനായി ജീവിക്കുന്നത് **ഉചിത**മായിരുന്നു. നമ്മുടെയും ജീവിതം പാപികളുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കണം; ചിലപ്പോൾ സ്ഥലസംബന്ധമായും ധാർമ്മികമായും നാം വേർപ്പെട്ടിരിക്കണം (2 കൊ. 6:14–7:1).

യേശു **പാപികളിൽ നിന്നും** വേർപെട്ടിരുന്നു, എന്നാൽ അതേ സമയം അവന്റെ "സഹോദരന്മാരോട്" കൂടെ നിലനിന്നതായി അറിയപ്പെട്ടു (2:11–18). അവൻ നമ്മോട് അടുത്തുള്ളവനാണ്, എന്നാൽ ദുഷ്ട ലോകത്തിൽ നിന്ന് അകലെയുമാണ്. അവൻ ഭൂമിയിലെ എല്ലാ വിധത്തിലുള്ള ആളുകളുമായും സഹോദരബന്ധം സ്ഥാപിച്ചു, എങ്കിലും "ഇരുട്ടിന്റെ" ജീവിതം നയിച്ചവരിൽ നിന്ന് അവൻ "വേർപ്പെട്ടിരുന്നു."[48]

അവനിൽ നിന്ന് വ്യത്യസ്തമായി, നാം ചിലപ്പോൾ ഇരുട്ടിന് ഇരയായി തീരും. നാം പാപം ചെയ്തപ്പോൾ ദൈവത്തോട് അത് ഏറ്റു പറയുകയും കർത്താവിന്റെ കരുണ നിമിത്തം പാപക്ഷമാപണം യാചിക്കുകയും ചെയ്തു. ഇത്തരത്തിൽ നമുക്ക്, തുടർച്ചയായി "വെളിച്ചത്തിൽ നടക്കുവാൻ" കഴിയും (1 യോഹ. 1:7–10 നോക്കുക), നിരന്തരമായി യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കുകയും വേണം.

വാക്യം 27 പറയുന്നത് **മഹാപുരോഹിതന്മാർ** [തങ്ങളുടെ] **സ്വന്തപാപങ്ങൾ**ക്ക് വേണ്ടി ... അവർ **യാഗങ്ങൾ അർപ്പിക്കണമായി** [രുന്നു], അത് ക്രിസ്തുവിന്റെ കാര്യത്തിൽ ബാധകമല്ല. പ്രായശ്ചിത്ത ദിവസത്തിൽ മഹാപുരോഹിതൻ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു,

> ദൈവമേ, മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നത് പോലെ, ഞാനും എന്റെ കുടുംബവും അതിക്രമം ചെയ്ത് ലംഘനത്തിൽ അകപ്പെടുകയും നിന്റെ മുൻപിൽ പാപം ചെയ്തിരിക്കുന്നു. ദൈവമേ, എന്റെ പാപങ്ങളും അതിക്രമങ്ങളും ലംഘനങ്ങളും നിന്റെ മുൻപാകെ

ചെയ്ത പാപങ്ങളും, ഞാനും എന്റെ കുടുംബവും ചെയ്ത അപരാധവും ക്ഷമിക്കേണമേ. ...[49]

അവൻ പാപം ഇല്ലാത്തവനായത് കൊണ്ട് യേശു അങ്ങനെ ഒരിക്കലും പറയുന്നില്ല.

ക്രിസ്തു തീർച്ചയായും "കുറ്റമില്ലാത്തതും ഊനമില്ലാത്തതുമായ കുഞ്ഞാട്" ആയിരുന്നു (1 പത്രൊ. 1:19). അവൻ മുഖാന്തരമുള്ള നമ്മുടെ വീണ്ടെടുപ്പ് മാഹാത്മ്യവും അത്ഭുതകരവും ആകയാൽ, നാമും, പാപത്തിന്റെ കറ ഇല്ലാത്തവർ ആകണം. അവൻ "പാപികളിൽ നിന്ന് വേർപെട്ടവൻ" ആയിരുന്നു (വാ. 26) കാരണം അവൻ പാപം ഇല്ലാത്തവൻ (4:15). അതു കൊണ്ട് അവൻ ഏതൊരു മനുഷ്യനേക്കാളും വലിയവനും സ്വർഗ്ഗത്തേക്കാൾ ഉയർന്നവനും ആണ് (വാ. 26). സ്വർഗ്ഗീയ വാസികൾ ആയ, ദൂതന്മാരേക്കാളും അവൻ ഉയർന്നവൻ, അത് സ്വാഭാവികമായും സത്യമാണ് കാരണം സകലതും അവന്റെ കാൽക്കീഴിൽ ആക്കി വച്ചിരിക്കുന്നു (എഫെ. 1:22, 23). അവന്റെ ഉയർച്ചയിൽ, ഉയിർത്തെഴുന്നേൽപ്പും, സ്വർഗ്ഗാരോഹണവും, തേജസ്കരണവും ഉൾപ്പെടുന്നു. "ഏറ്റവും ഉയർന്ന വിശുദ്ധ സ്ഥലത്ത് വസിക്കുന്ന എന്നേക്കുമുള്ള മഹാപുരോഹിതന്റെ ഉയർന്ന പൂർണ്ണതയാണ് അത് കാണിക്കുന്നത്."[50] അവൻ സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടെ വാഴുന്നതിനാൽ, തീർച്ചയായും "സ്വർഗ്ഗത്തേക്കാൾ" ഉയർന്നവൻ തന്നെ. അവന്റെ സ്ഥാനം ഇപ്പോൾ ഇന്ദ്രിയങ്ങൾക്ക് അതീതമാണ്; അതായത്, "ഇന്ദ്രിയ" നിരീക്ഷണത്താലോ, ഭൗതിക ജീവിതാനുഭവത്താലോ അല്ല, വിശ്വാസത്താലാണ് നാം അത് മനസ്സിലാക്കുന്നത്.

പ്രായശ്ചിത്ത ദിനത്തിൽ മാത്രം മഹാപുരോഹിതന്റെ ശുശ്രൂഷയെ നമുക്ക് ചിന്തിക്കുവാൻ കഴിയുന്നുള്ളു (വാ. 27), എന്നാൽ ഫിലൊ പറഞ്ഞത് മഹാപുരോഹിതൻ "സർവ്വദേശത്തിനുമായി ദിനംതോറും യാഗങ്ങളും പ്രാർത്ഥനകളും അർപ്പിച്ചി[രിന്നു]. ..."[51] തോമസ് ഹെവെറ്റ് ശരിയായി ഈ വാക്യത്തെ കുറിച്ച് പറഞ്ഞു, "പുരോഹിതന്മാരുടെ ദിനംപ്രതിയുള്ള യാഗങ്ങളും മഹാപുരോഹിതന്റെ വാർഷിക യാഗവും ഒത്തു ചേരുന്നതിനെയാണ് എഴുത്തുകാരൻ പരാമർശിക്കുന്നത്."[52] യേശു നമുക്കായി ചെയ്ത യാഗ ശുശ്രൂഷ ആവർത്തിക്കേണ്ട ആവശ്യമില്ല; അത് **ഒരിക്കൽ എന്നേക്കുമായി**ട്ടുള്ളതാകുന്നു (*എഫാപാസ്*; 9:12; 10:10) "ഒരിക്കൽ" (എ, *പാക്സ്, ഹപാക്സ്*; 9:28). ഇവ എബ്രായ ലേഖനത്തിലെ മുഖ്യ വാക്കുകളാണ്. ക്രിസ്തുവിന്റെ തുടർച്ചയായ യാഗം എന്ന ആശയം പുതിയ നിയമത്തിന് എതിരും ലംഘനവുമാണ്. പഴയനിയമ മഹാപുരോഹിതൻ അവരുടെ സ്വന്ത പാപങ്ങൾക്കും ജനത്തിന്റെ പാപങ്ങൾക്കും ആവർത്തിച്ച് യാഗം അർപ്പിച്ചിരുന്നു (ലേവ്യ. 16:6, 11); എന്നാൽ ക്രിസ്തുവിന്റെ യാഗം "ഒരിക്കൽ എന്നേക്കുമുള്ളതുമാണ്." മറ്റുള്ളവർക്കു വേണ്ടി ആരെങ്കിലും മരിക്കുക എന്ന ആശയം, യെഹൂദന്മാർ സ്വീകരിച്ചു കഴിഞ്ഞിരുന്നു കാരണം, "മക്കാബിയൻ നാളുകളിലെ രക്തസാക്ഷികളുടെ വീരമൃത്യു സഹ യിസ്രായേല്യർക്കായി അതിനെ സ്വീകരിച്ചിരുന്നു. ..."[53] യേശു തന്നെത്താൻ എൽപിച്ചു കൊടുത്തത്, ലേവ്യാപുരോഹിതന്മാരിൽനിന്ന് അവനെ വ്യത്യസ്തമാക്കുകയാണ്, ആ ഒരു അന്തരം ആദ്യമായി 7:27 ൽ കാണിച്ചിരിക്കുന്നു, എന്നാൽ അത് പിന്നീട് എബ്രായ ലേഖനത്തിൽ വിപുലമാക്കിയിരിക്കുകയാണ്.

**വാക്യം 28.** പഴയനിയമ പുരോഹിതന്മാർക്ക് ബലഹീനതകൾ അല്ലെങ്കിൽ പോരായ്മകൾ ഉണ്ടായിരുന്നു (5:2). ക്രിസ്തുവിൽ നമുക്ക് ഒരു മാതൃകാ പൗരോഹിത്യം ഉണ്ട്. മുൻപിലത്തെ രണ്ട് വാക്യങ്ങളുടെ ചുരുക്കമാണ് വാക്യം 28. പഴയ നിയമത്തിലെ പുരോഹിതന്മാർ, **ബലഹീനരും**, പാപികളും മരിക്കുന്നവരും ആയിരുന്നു. ചിലർ വെറുതെ നിഗളമുള്ളവരുമായിരുന്നു. അത്തരം സ്വഭാവങ്ങളൊന്നും ക്രിസ്തുവിൽ ഇല്ലായിരുന്നു; എല്ലാ മാനുഷിക ബലഹീനതകളെയും അവൻ അതിജീവിച്ചുകൊണ്ട്, ഭൂമിയിൽ ജീവിച്ചപ്പോൾ നമ്മെ പോലെയാണ് അവൻ ജീവിച്ചത്. ബലഹീനതയിൽ ചെയ്യുന്ന പാപവും, മനപ്പൂർവ്വമായി ചെയ്യുന്ന പാപവും തമ്മിൽ വേർതിരിക്കുന്നതാണ് "ബലഹീനം" എന്ന വാക്ക്. "മനഃപ്പൂർവ്വമായി പാപം ചെയ്യുന്ന മഹാപുരോഹിതനെ ആ സ്ഥാനത്ത് തുടരുവാൻ അനുവദിച്ചിരുന്നില്ല."[54]

സങ്കീർത്തനങ്ങൾ 2:7 ലേയും 110:4 ലേയും പ്രവചനചിന്തകൾ ഇവിടെ യോജിപ്പിച്ചിരിക്കുകയാണ്, കാരണം ക്രിസ്തുവാണ് നമ്മുടെ സമ്പൂർണ്ണതയുള്ളവൻ. മോശെയുടെ ന്യായപ്രമാണം എഴുതപ്പെട്ടശേഷം, സങ്കീർത്തനങ്ങൾ 110:4 പറയുന്നു, "നീ 'മൽക്കിസെദേക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ' എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കയുമില്ല.'' പഴയ പൗരോഹിത്യ വ്യവസ്ഥ മാറുമെന്ന് ഈ വേദഭാഗം ഊന്നി പറയുന്നു. ന്യായപ്രമാണവും പൗരോഹിത്യവും ഒരുമിച്ച് ചേർന്നിരിക്കുകയാൽ ഒന്ന് മാറുമ്പോൾ മറ്റേതും മാറുമെന്ന് വീണ്ടും തറപ്പിച്ചു പറയുന്നു. **ന്യായപ്രമാണത്തിനു ... ശേഷമുള്ള ആണ** എന്നു പറഞ്ഞിരിക്കുന്നത് ഒരുവിധത്തിൽ അത് ന്യായപ്രമാണത്തിന്റെ ഭാഗം അല്ല എന്നു കണക്കാക്കാം. അതുകൊണ്ട് സങ്കീർത്തനങ്ങൾ 110:4 ലെ ആണ, ക്രിസ്തുവിന്റെ പുതിയ നിയമത്തിലേക്ക് വഴി ഒരുക്കുന്നതാകാം. "മോശെയുടെ ന്യായപ്രമാണം സ്ഥാപിച്ചു നൽകിയപ്പോൾ തന്നെ അതിന്റെ യോഗ്യതാ കുറവ് അല്ലെങ്കിൽ പോരായ്മ മുൻകൂട്ടി അറിയിച്ചിരുന്നു."[55]

ലേഖനത്തിൽ, ഇതുവരെയും പറഞ്ഞതിന്റെ ചുരുക്കമാണ് വാക്യങ്ങൾ 26 മുതൽ 28 വരെ വിവരിക്കുന്നത്: പുതിയ നിയമത്തിലെ **ദൈവപുത്രൻ** ആയ മഹാപുരോഹിതന്റെ സ്ഥാനത്തിന് പകരം ഇല്ലാത്തവണ്ണം, ന്യായപ്രമാണത്തിൻ കീഴിലുള്ള പൗരോഹിത്യത്തിന് മാറ്റം വരുത്തിയിരിക്കുകയാണ്. ഇന്ന് നമുക്ക് അസാധാരണത്വം തോന്നുന്നതായിരിക്കാം അദ്ധ്യായം 7 ലെ ഒരു ഭാഗത്തിലെ വിവേചനം. എന്നാൽ ലേഖകൻ എഴുതുന്നത് അഹരോന്റെ പൗരോഹിത്യം എന്നേക്കുമുള്ളതാണ് എന്ന് അറിയാവുന്ന എബ്രായരോട് ആണ് എന്ന കാര്യം നാം മറക്കരുത്. ഭക്തരായ എബ്രായർക്ക് അത്തരം സന്ദേശം എഴുതുന്നതിന് ധൈര്യം ആവശ്യമാണ്.

## പ്രായോഗികത

### തിരുവെഴുത്ത് വ്യാഖ്യാനം (7:1, 2)

ഉല്പത്തി 14:18 പറയുന്നത് മൽക്കിസെദേക്ക് അപ്പവും വീഞ്ഞുമായി അബ്രഹാമിനെ സ്വീകരിച്ചു എന്നാണ്. ഇതിനെ പല പ്രാരംഭ വ്യാഖ്യാതാക്കളും കർത്തൃമേശയുടെ മാതൃകയായിട്ടാണ് കാണുന്നത്. ഫിലോയുടെ ചിന്തയിലും അലെക്സാൺട്രിയൻ സ്കൂൾ ചിന്തയിലും-എല്ലാം തിരുവെഴുത്തിലെ അലങ്കാരമായി കാണുന്നു. ദൈവ വചനത്തെ അത്തരത്തിൽ ഉപയോഗിക്കുന്നത്

ശരിയല്ല. തീർച്ചയായും ചില നിഴലും പൊരുളുമുണ്ട് എന്നു സമ്മതിക്കുന്നു. ആലങ്കാരികമായി പറഞ്ഞത് പിൽക്കാലത്ത് ചില വ്യക്തികളുടെ ജീവിതത്തിൽ നിറവേറിയിട്ടുണ്ട്. എങ്ങനെയായാലും, തിരുവെഴുത്തിൽ അങ്ങനെ കാണുന്ന തിനെ ദൃഷ്ടാന്തപരമെന്ന് പറയാം. നോഹയുടെ വെള്ളത്താലുള്ള രക്ഷയെ പ ത്രൊസ് സ്നാനത്തിന്റെ ഒരു മുൻ നിഴലായി പറഞ്ഞിരിക്കുന്നു (1 പത്രൊ. 3:20, 21). കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ പഠിപ്പിക്കുവാൻ പൗലൊസ് യിസ്രായേ ലിന്റെ പ്രാരംഭ ചരിത്രം എടുത്തു കാണിച്ചിരിക്കുന്നു (1 കൊ. 10:1–12). പഴയ നിയമത്തിൽ യാഗം അർപ്പിച്ച ഓരോ കുഞ്ഞാടും ക്രിസ്തുവിന്റെ പ്രതീകങ്ങ ളായിരുന്നു (യോഹ. 1:29 നോക്കുക). യേശു ഇപ്പോൾ മഹാപുരോഹിതനായി ശുശ്രൂഷ ചെയ്യുന്ന സ്വർഗത്തിന്റെ പ്രതീകമായിരുന്നു ഭൂമിയിലുണ്ടായിരുന്ന വിശുദ്ധ സ്ഥലം എന്ന് എബ്രായർ 8:2, 5 വ്യക്തമാക്കുന്നു.

എങ്ങനെയായാലും, തിരുവെഴുത്തിലെ ഓരോ വാക്കും, ചിന്തയും, സംഭ വവും പ്രതീകമായി എടുക്കുന്നത് വിഡ്ഢിത്തമാകും. “ബൈബിൾ എടുത്ത് നിങ്ങൾക്ക് എന്തും തെളിയിക്കാം” എന്ന് ചിലർ പറയുന്നത് അതുകൊണ്ടാണ്. നാം പ്രസംഗിക്കുമ്പോഴും, ഉപദേശിക്കുമ്പോഴും, വാക്യത്തിൽ ഉദ്ദേശിക്കാത്ത അർത്ഥം കൊടുക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

അതേ സമയം, ദൈവം വെളിപ്പെടുത്തിയ വചനത്തിലെ ഓരോ വാക്കും പ്രാധാന്യമുള്ളതാണ് എന്ന കാര്യം മറക്കരുത്. ഒരു വാക്കും അർത്ഥമില്ലാ ത്തതായിട്ടില്ല. തിരുവെഴുത്ത് തരം തിരിക്കുന്നതിൽ ഓരോ ക്രിസ്ത്യാനി യും ശ്രദ്ധിക്കണം. മൂല ഭാഷകളിൽ ഉപയോഗിച്ച വാക്കുകളുടെ കൃത്യ മായ അർത്ഥം മനസിലാക്കുന്നത് സഹായകരമാകും. സ്വാഭാവികമായും, പല പ്രയോഗങ്ങൾക്കും വാക്കുകൾക്കും വ്യാഖ്യാനം ആവശ്യമാണ്. ചില പ്പോൾ ലേഖകന്മാർ ഉപയോഗിച്ച വാക്കുകൾ ശ്രദ്ധിക്കുക, ഉദാഹരണമായി, “എഫഥാ” അർത്ഥം “തുറന്നു വരിക” (മത്താ. 27:46; മർ. 7:34 നോക്കുക).

**ഒരു വലിയ കണ്ടുമുട്ടൽ (7:1–10)**

പൂർവ്വ ദേശത്തിലെ അഞ്ചു രാജാക്കന്മാരെ തോൽപിച്ച് സോദോമിൽനി ന്നുള്ള കഷ്ടനഷ്ടങ്ങളെല്ലാം തിരിച്ചു പിടിച്ചെടുത്തു വന്നപ്പോൾ സോദോം രാജാവിന് സമ്മാനങ്ങളുമായി അവനെ സ്വീകരിക്കാമായിരുന്നു, അവന് പട്ടണത്തിലെ പ്രമുഖ സ്ഥാനവും, സമ്പത്തും നൽകി ആദരിക്കാമായിരുന്നു. എന്നാൽ ക്ഷീണിതനായ അബ്രഹാം യെരുശലേമിന്നടുത്ത് എത്തിയപ്പോൾ, അവന് നവോന്മേഷം പകരുന്ന വിധത്തിൽ നീതിമാനായ ഒരു രാജാവ് അവനെ ഏറ്റവും മാന്യമായ രീതിയിൽ അബ്രഹാമിനേയും അവന്റെ 318 ഭൃത്യന്മാ രെയും പിടിച്ചുകൊണ്ടു പോയ പ്രവാസികളേയും വരവേറ്റു. മൽക്കിസെദേക്ക് വിചാരിച്ചതിനേക്കാൾ കാര്യങ്ങൾ നേടി.

ആധുനിക കാലഘട്ടവുമായി അതിനെ പ്രായോഗികമാക്കുവാൻ നോക്കുക. നിങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന ശമ്പളത്തേക്കാൾ കൂടുതലുള്ള ജോലിയോ സ്ഥാനക്കയറ്റമോ വാഗ്ദാനം ചെയ്തേക്കാം. നിങ്ങളെ ജോലിക്ക് ആക്കിയ വ്യക്തി ജോലി നിങ്ങളുടേതാണെന്നും, എന്നാൽ ഒരു നിബന്ധനയുണ്ടെന്നും പറയുന്നു: “നിങ്ങളുടെ ജീവിതം ഒരു ക്രിസ്ത്യാനിയായി അറിയപ്പെട്ടതാണ്, നി ങ്ങളുടെ തത്വങ്ങൾ ബിസിനസിന്റെ വിജയത്തിനായി അല്പം വഴങ്ങി കൊടു ക്കേണ്ടി വരും.” ഇപ്പോൾ നിങ്ങൾ പരീക്ഷിക്കപ്പെട്ടിരിക്കയാണ്, നിങ്ങൾക്ക് ഒരു പ്രചോദകന്റെ ആവശ്യം നേരിട്ടിരിക്കുന്നു. പിന്നെ ഒരു ശ്രേഷ്ഠവും

അംഗീകരിക്കത്തക്കതുമായ സ്വഭാവം നിങ്ങളുടെ ഭാഗത്തുണ്ട്; നിങ്ങൾക്ക് പ്രത്യാശിക്കുവാൻ കഴിയാത്ത ഒന്നാണ് അയാളുടേത്. അയാൾ നീതിമാനും ശരിയായി പ്രവർത്തിക്കുന്നവനുമാണ്; അവൻ വ്യക്തിപരമായി നുണ പറയാത്തവനുമാണ്. ഒരു കമ്പനിയിൽ അവന്റെ കൂട്ടായ്മയ്ക്ക് അംഗീകാരം ലഭിക്കുവാൻ പരീക്ഷിക്കപ്പെടുമ്പോൾ നഷ്ടമാകുന്നത് എന്തെന്ന് ഓർക്കണം. നിങ്ങൾ ശരിയായതു ചെയ്താൽ ശക്തിപ്പെടുമെന്ന് അറിയുക കൊണ്ട് ആ ജോലി നിങ്ങൾ നിരസിക്കും.

നമ്മിൽ എത്രപേർക്ക് അത് ചെയ്യുവാൻ കഴിയും? മൽക്കിസെദേക്കിനെ പോലെയുള്ള ഒരു സ്നേഹിതനെ നമുക്ക് ആവശ്യമാണ്. അവന് അബ്രഹാമിന് നവോന്മേഷവും ഉത്തേജനവും നല്കി, യേശു നമ്മോടു ചെയ്യുന്നത് അതാണ് (എബ്രാ. 4:16).

### പ്രാധാന്യമുള്ള രണ്ട് പേരുകൾ (7:1–10)

പേരുകൾ യഹൂദന്മാർക്ക് പ്രത്യേക പ്രാധാന്യമുള്ളവ ആയിരുന്നു. ഒരാളുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും വെളിപ്പെടുത്തുന്നതാണ് അയാളുടെ പേർ. “മൽക്കിസെദേക്ക്” എന്ന വാക്കിന്റെ അർത്ഥം “നീതിയുടെ രാജാവ്,” എന്നത് പ്രത്യേകിച്ച് മശിഹയുടെ അടയാളമാണ്. യേശു “നീതി ഇഷ്ടപ്പെടുകയും” (1:9; സങ്കീ. 45:6), അവൻ സമാധാന പ്രഭുവും ആയിരുന്നു (യെശ. 9:6). ക്രിസ്തു നമ്മുടെ സമാധാനം (എഫെ. 2:14); എല്ലാ ശരിയായ സമാധാനവും അവനിൽ നിന്നാണ് വരുന്നത് നമ്മുടെ വിചാരങ്ങളെല്ലാം അവനിൽ ഇട്ടു കൊണ്ടാൽ നമുക്ക് സമാധാനം ലഭിക്കും (ഫിലി. 4:4–8). ആ സമാധാനത്തിന് മുൻപ് വിശ്വാസത്താൽ നീതീകരിക്കപ്പെടുമ്പോഴാണ് ആ സമാധാനം വരുന്നത് എന്ന് റോമർ. 5:1, 2 പറയുന്നത്.

യേശുവും മൽക്കിസെദേക്കും ഒരേ സമയത്ത് രാജാക്കൻമാരും പുരോഹിതന്മാരും ആണ്. ദൈവജനത്തിന്റെ രാജാക്കന്മാർ പഴയനിയമകാലത്ത് യാഗങ്ങൾ അർപ്പിച്ച് ആരാധനയിൽ പങ്കു ചേർന്നിരുന്നു, എന്നാൽ പുരോഹിതന്മാരുടെ അവകാശം അവർക്ക് ഇല്ലായിരുന്നു. ഉസിയാ രാജാവ് തന്നെത്താൻ പുരോഹിത പ്രവൃത്തി ചെയ്തതിനാൽ ശിക്ഷിക്കപ്പെട്ടിരുന്നു (2 ദിന. 26:16–21). അവൻ ശൗലിൽ നിന്ന് പാഠം പഠിക്കേണ്ടതായിരുന്നു (1 ശമു. 13:2–14; 15:10–35). മൽക്കിസെദേക്ക് മാത്രമാണ് അതിന് ഒഴികഴിവ് ഉണ്ടായിരുന്നത്. യേശുവിന് മുൻപ് “മറ്റൊരു രാജാവും പുരോഹിതൻ ആയിരുന്നില്ല.” തീർച്ചയായും പിതാക്കന്മാരുടെ കാലത്ത് ഉണ്ടായിരുന്ന പലരുടെയും പേരുകൾ പറഞ്ഞിട്ടില്ല എന്ന് നമുക്ക് അറിയാം. ക്രിസ്തുവിന്റെ നിഴലായിട്ടാണ് മൽക്കിസെദേക്കിനെ എബ്രായ ലേഖകൻ പറയുന്നത്. അവൻ മുഖാന്തരം നമുക്ക് മൽക്കിസെദേക്കിനെ അത്ഭുതത്തോടെ ബഹുമാനിക്കുവാൻ കഴിയും. ഭൂമിയിലായിരുന്ന യേശുവിനെ മൽക്കിസെദേക്കിനോട് താരതമ്യം ചെയ്യുന്നില്ല, എന്നാൽ സ്വർഗ്ഗത്തിലേക്ക് ഏറ്റവും ഉന്നതമായ രീതിയിൽ നിത്യനായ ദൈവപുത്രനുമായിട്ടാണ് താരതമ്യം ചെയ്യുന്നത്. അവനേക്കാൾ ഉയർന്ന പുരോഹിത/രാജാവ് ആയിരുന്നവനുമായി തീർച്ചയായും താരത്മ്യം ചെയ്യാം.

മൽക്കിസെദേക്ക് അബ്രഹാമിനെ അനുഗ്രഹിച്ചു, യേശു ലോകത്തെ അനുഗ്രഹിച്ചു. ദൈവശക്തിക്ക് മാത്രമേ അനുഗ്രഹിക്കുവാൻ കഴിയു, എന്നാൽ ദൈവം പിതാക്കന്മാരെ തങ്ങളുടെ മക്കളെ അനുഗ്രഹിക്കുവാൻ അനുവദിച്ചിരുന്നു (ഉല്. 9:24–27; 48:15) പുരോഹിതന്മാർ ജനത്തേയും (സംഖ്യ. 6:24–26).

യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന ശിശുക്കളെ അവൻ അനുഗ്രഹിച്ചത് എത്രമാത്രം അത്ഭുതകരമാണ് (മർ. 10:13-16)! തങ്ങളുടെ മക്കളെ കർത്താവ് അനുഗ്രഹിച്ചത് ആ അമ്മമാർക്ക് അവരുടെ ആയുഷ്ക്കാലം മുഴുവൻ ഓർമ്മിക്കത്തക്കതായിരുന്നു. അത്തരം അനുഗ്രഹത്തിൽ ജീവിക്കുക എന്നത് എത്ര ഉത്തരവാദിത്വമുള്ളതാണ്! അളവ് കൂടാതെ നമ്മെയും കർത്താവ് അനുഗ്രഹിക്കുന്ന ജീവിതവുമായി സന്തോഷത്തോടെ നിത്യതയിലേക്ക് പോകാം. തന്റെ അനുയായികളെ അനുഗ്രഹിക്കുന്നതിന് വേണ്ടി ആയിരുന്നു ഭൂമിയിൽ യേശു അവസാനം ചെയ്ത പ്രവൃത്തി (ലൂക്കൊ. 24:50). സ്വർഗ്ഗത്തിൽ ഇരുന്ന് അവൻ ഇപ്പോഴും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു.

**പുരോഹിതൻ, ഒരു പാലം-പണിയുന്നവനാണ്**

ഒരു പുരോഹിതന്റെ ഉദ്ദേശം എന്താണ്? "പുരോഹിതൻ" എന്ന ലാറ്റിൻ വാക്കാണ് *പോൺടിഫെക്സ്,* അക്ഷരീകമായ അർത്ഥം "പാലം-പണിയുന്നവൻ." ഈ ലോകത്തിൽ നിന്ന് ദൈവസന്നിധിയിലേക്ക് പ്രവേശിക്കാനുള്ള പാലം പണിയുന്നവനാണ് യേശു. അവൻ ഒരു ജീവനുള്ള പുതുവഴി തുറന്നിരിക്കുന്നു (എബ്രാ. 10:20). നമ്മുടെ പിതാവ്, ഒരിക്കൽ ദൂരസ്ഥനായിരുന്നു, ഇപ്പോൾ സമീപസ്ഥനാണ്. യേശു നമ്മെ വീണ്ടെടുത്തു, ആത്മാവിനാൽ നമുക്ക് ദൈവസന്നിധിയിലേക്ക് പ്രവേശിക്കുവാൻ കഴിയുന്നു. അവനെ സമീപിക്കുവാൻ നമുക്ക് ഭയപ്പെടേണ്ടതില്ല (എബ്രാ. 4:15, 16) അങ്ങനെ അവനോടും അവന്റെ പുത്രനോടും നമുക്ക് കൂട്ടായ്മ ആസ്വദിക്കുവാൻ കഴിയുന്നു (1 യോഹ. 1:3).

**"അത്യുന്നതനായ ദൈവം" (7:1)**

പുരാതന ലോകത്ത് വിവിധ ഭാഗത്തുള്ള ആളുകൾ പല ദേവന്മാരെയും നമസ്ക്കരിച്ചു. പ്രാദേശിക ദേവന്മാർ ആളുകളെ സംരക്ഷിക്കുകയും, ആ പ്രദേശത്തുള്ള പട്ടണത്തേയും സമ്പത്തിനെയും കാത്ത് അവരെ അനുഗ്രഹിക്കുകയും ചെയ്യുമെന്ന് അവർ കരുതി. എന്നാൽ യഹോവ മാത്രമാണ് "അത്യുന്നതനായ ദൈവം" എന്ന് വിളിക്കപ്പെട്ടത് (ഉല്. 14:18; ആവ. 32:8 നോക്കുക). ആ പ്രയോഗം അപൂർവ്വമാണെങ്കിലും, ആശയം തിരുവെഴുത്തിൽ നിറഞ്ഞ് നില്ക്കുന്നു. അവനാണ് സകലത്തേയും സൃഷ്ടിച്ചത്. യോനാ, ദൈവത്തിൽ നിന്ന് ഓടിപ്പോയെങ്കിലും നിനെവയിൽ പോയി അവരെ സഹായിക്കുവാൻ അവനോട് കല്പിച്ചു. കപ്പലിൽ ഉണ്ടായിരുന്ന അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ ഏറ്റ് പറഞ്ഞത് സകലതും സൃഷ്ടിച്ചത് യഹോവയായ ദൈവം ആണെന്നത്രെ (യോന. 1:9).

ഒരു രാജാവ് പ്രത്യേകിച്ച് ശക്തനായി തീരുമ്പോൾ, "രാജാധിരാജാവ്" എന്ന് വിളിക്കപ്പെടുവാൻ ആഗ്രഹിച്ചിരുന്നു. ദൈവത്തെ "രാജാധിരാജാവ്" എന്ന് വിളിക്കണമെന്ന് യിസ്രായേൽ അറിഞ്ഞിരുന്നു. യിസ്രായേൽ ജനം തങ്ങളുടെ നല്ല കാലത്ത് അവനേക്കാൾ ഉയർന്നവൻ ഇല്ല എന്ന് ഓർമ്മിച്ചിരുന്നു. ഏക സത്യ ദൈവത്തെ മറികടക്കുവാൻ മറ്റാർക്കും കഴിയുകയില്ല.

**മാഹാത്മ്യം തരംതിരിച്ചു (7:4)**

മൽക്കിസെദേക്ക് അബ്രഹാമിനേക്കാൾ വലിയവനായതു കൊണ്ട്, അബ്രഹാമിനെ വിശ്വാസികളുടെ പിതാവായി കണക്കാക്കുവാൻ കാരണമെന്ത്?

അബ്രഹാമിന് തന്റെ ബലഹീനതകൾ ഉണ്ടായിരുന്നു, എന്നാൽ അവന്റെ വിശ്വാസം-ദൈവത്തിലും അവന്റെ വചനത്തിലും അവനുണ്ടായിരുന്ന ഒഴിച്ചുകൂടാനാവാത്ത ആശ്രയം-അവന്റെ സ്വഭാവത്തിന്റെ ഔന്നത്യത്തെ കാണിക്കുന്നു. “അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ” എന്ന് ഉയർന്ന പദവിയിലായിരുന്ന മൽക്കിസെദേക്കിനും അതേ വിശ്വാസം ഉണ്ടായി കാണണം.

അബ്രഹാമിന്റെ മറ്റൊരു സവിശേഷത അവന്റെ ധാർമ്മിക സ്വഭാവമായിരുന്നു. തന്റെ മക്കളോട് “കല്പിക്കുവാൻ” അവന് കഴിഞ്ഞു (ഉല്. 18:19). പല പുരുഷന്മാരും ആഗ്രഹിച്ച ശക്തമായ സ്വഭാവമായിരുന്നു അത്, എങ്കിലും വളരെ കുറച്ച് പേർക്കേ അതു ഉണ്ടായിരുന്നുള്ളു. അവന്റെ സ്വാധീനം, ചുരുങ്ങിയത് ദൈവത്തെ സ്നേഹിച്ച നാല് തലമുറകളോളം നീണ്ടു നിന്നു (യോസെഫിന്റെ മാതൃക നോക്കുക). മൽക്കിസെദേക്കിന്റെ വംശാവലിയെയോ, അവന്റെ മക്കളെയോ കുറിച്ച് രേഖകളില്ല. അതുകൊണ്ട് അബ്രഹാമിന് തന്റെ മക്കളെ സ്വാധീനിക്കുവാൻ കഴിഞ്ഞത് പോലെ അവന് കഴിഞ്ഞില്ല.

**പത്തിലൊന്ന് (7:4–8)**

അബ്രഹാം മൽക്കിസെദേക്കിന് ദാനമായി കൊടുത്ത പത്തിലൊന്ന് പുതിയ നിയമ സഭയ്ക്കുള്ളതല്ല. എങ്ങനെയായാലും വിശ്വസ്തനായ ക്രിസ്ത്യാനി, തനിക്ക് ലഭിച്ച പാപത്തിൽ നിന്നുള്ള മോചനവും, നിത്യജീവനും ഓർക്കുമ്പോൾ ദൈവവേലയ്ക്കായി ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും തനിക്ക് ഉള്ളത് നൽകുവാൻ കടപ്പെട്ടിരിക്കുന്നു.

ക്രിസ്ത്യാനി തന്റെ “പ്രാപ്തിക്ക് [ഒത്തവണ്ണം]” നൽകണം (1 കൊ. 16:2). തീർച്ചയായും, ചുരുങ്ങിയത് പത്തിലൊന്ന് കൊടുത്തില്ലെങ്കിൽ അയാൾ ഉദാരമായി കൊടുക്കുന്നവൻ ആകുന്നില്ല. സുവിശേഷവിവരണങ്ങൾക്ക് ശേഷം പത്തിലൊന്ന് നല്കുവാൻ പുതിയ നിയമത്തിൽ പറയുന്നില്ലെങ്കിലും ചിലരോട് ത്യാഗപൂർണ്ണമായി നല്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു (2 കൊ. 8:1–5 നോക്കുക). ന്യായപ്രമാണത്തിലെ മറ്റ് കല്പനകൾ ലംഘിച്ചിരുന്നു എങ്കിലും യഹൂദന്മാർ പത്തിലൊന്ന് നൽകുന്നതിൽ മുടക്കം വരുത്തിയിരുന്നില്ല എന്ന് യേശു പറഞ്ഞു (മത്താ. 23:23). തീർച്ചയായും, അത് ക്രൂശിനും പരിശുദ്ധാത്മാവ് വന്ന് സഭയെ സ്ഥാപിക്കുന്നതിന് മുൻപ് ആയിരുന്നു. എന്നിരുന്നാലും, ആ വേദഭാഗങ്ങൾ തെളിയിക്കുന്നത് ദശാംശം നല്കൽ ശരിയായ നടപടി ആയിരുന്നു എന്നാണ്.

ദൈവത്തിന്റെ അനുസരണ തത്വങ്ങൾ ഒരിക്കലും മാറുന്നില്ല. ദശാംശം ഇന്ന് ഒരു കല്പന അല്ലെങ്കിലും, ഒരു “തത്വം” ആയി കണക്കാക്കാം. അനുസരണത്തിൽ പഴയ നിയമ മാതൃക നാം ഇന്നും പിൻതുടരണം (റോമ. 15:4; 1 കൊ. 10:1–13 നോക്കുക). നാം ദൈവത്തെ ആരാധിക്കണം എന്നതിന് യേശു പഴയനിയമം ഉദ്ധരിച്ച് പഠിപ്പിച്ചിരിന്നു (മത്താ. 4:10; ആവ. 6:13 നോക്കുക), “മാത്രം” എന്ന് ഉപയോഗിച്ചിരിക്കുന്നത് ആ വേദഭാഗത്തിന്റെ ശരിയായ തർജ്ജിമയാണ്. സഭകൾ തനിക്ക് സാമ്പത്തിക പിന്തുണ നൽകിയതിനെ ന്യായീകരിക്കുവാനായി പൗലൊസ് പഴയ നിയമത്തെ ഉപയോഗിച്ചിരുന്നു (1 കൊ. 9:8–10; ആവ. 25:4 നോക്കുക) എങ്ങനെയായാലും, പഴയനിയമത്തിലെ കല്പനകൾ പുതിയനിയമം അനുസരിച്ച് അതേപടി അനുസരിക്കുവാൻ നമുക്ക് ബാധ്യതയില്ല.

**വലിയവൻ ആദ്യം വന്നു (7:9, 10)**

അബ്രഹാം ആദ്യം വന്നത് കൊണ്ട് പിന്നീട് അവന്റെ പിൻഗാമികളെക്കാൾ യെഹൂദന്മാർ അബ്രഹാമിനെ വലിയവനായി കണ്ടു. ലേവി അബ്രഹാമിന് ശേഷം വന്നതിനാൽ, അവർ തങ്ങളുടെ വലിയ-വല്യപ്പനെയാണ് പ്രാധാന്യമുള്ളവനായി കണക്കാക്കിയത്. ഇന്ന് നാം ആ രീതിയിൽ ചിന്തിക്കുന്നില്ല; വാസ്തവത്തിൽ, മുൻപുള്ള തലമുറയേക്കാൾ ഇന്നത്തെ തലമുറ കൂടുതൽ ബുദ്ധിയുള്ളവരാണെന്നാണ് നാം കരുതുന്നത്. സാങ്കേതിക വിദ്യ, എങ്ങനെയായാലും നമ്മെ ധാർമ്മികമായോ ആത്മീകമായോ വളർത്തുന്നില്ല. ആളുകളെ പ്രധാന്യമുള്ളവരാക്കുന്നത് ഉയർന്ന ധാർമ്മികതയും, ജീവിതത്തെ മനസ്സിലാക്കുന്നതുമാണ്. ആധുനികലോകത്തെ കുറിച്ച് ശരിയായി നോക്കി കാണുമ്പോഴാണ്, പഴയ നിയമത്തെ നാം ബഹുമാനത്തോടെ കാണുന്നത്.

ആധുനിക തത്വശാസ്ത്രങ്ങളെക്കാൾ സത്യത്തിന്റെ മൂല്യം ഉള്ളത് തിരുവെഴുത്തുകൾക്കാണ്. ദൈവത്തിന്റെ നിയമാവലികളുടെ വില ദാവീദ് തിരിച്ചറിഞ്ഞ് പറയുന്നു, "അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ; തേനിലും തേങ്കട്ടയിലും മധുരമുള്ളവ" (സങ്കീ. 19:10). സങ്കീർത്തനക്കാരൻ പറഞ്ഞു, "ആയിരം ആയിരം പൊൻവെള്ളി നാണ്യത്തേക്കാൾ നിന്റെ വായിൽനിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം" (സങ്കീ. 119:72). ഈ സുപ്രധാന വസ്തുത മനസ്സിലാക്കിയാൽ നമ്മുടെ ലോകം ശ്രേഷ്ഠമായ ഒന്നാണെന്ന് തിരിച്ചറിയും.

**ദൈവത്തിന്റെ നിശബ്ദതയെ ബഹുമാനിക്കൽ (7:12-14)**

പലപ്പോഴും, "ഇത് അധികാരപ്പെടുത്തിയിട്ടില്ലെങ്കിലും, ചെയ്യരുത് എന്ന് പറയാത്തതിനാൽ നമുക്ക് സഭയിൽ ഇത് ചെയ്യാം" എന്ന് ചിന്തിക്കുകയോ പറയുകയോ ചെയ്തേക്കാം. താൻ അംഗീകരിക്കാത്ത കാര്യങ്ങളുടെയെല്ലാം ഒരു ലിസ്റ്റ് ദൈവം തരുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതി? നമ്മുടെ കുട്ടികൾക്ക് വേണ്ടി നാം അത്തരം ഒരു ലിസ്റ്റ് തയ്യാറാക്കിയാലോ? അങ്ങനെയുള്ള ലിസ്റ്റ് ആർക്കെങ്കിലും വായിച്ച് തീർക്കുവാൻ പറ്റാത്ത വിധത്തിൽ സുദീർഘമാകും. ഇത്തരത്തിൽ ചിന്തിക്കുന്നവർ ബൈബിൾ അധികാരത്തെ ശരിയായി മാനിക്കാത്തവരാണ്; അവരുടെ വിവേചനം ഊഹത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. പ്രത്യേകമായി തിരുവെഴുത്തിൽ പറഞ്ഞിട്ടില്ല എന്ന കാരണത്താൽ നമുക്ക് എന്തെങ്കിലും സ്വീകരിക്കാം എന്നു പറയുന്നത് ദൈവത്തിന്റെ അധികാരത്തിൽ കടന്നു കയറലാണ്. "ഈ പ്രത്യേക കാര്യം ദൈവവചനം എല്ലാ സൽപ്രവർത്തികൾക്കുമായി അധികാരപ്പെടുത്തുന്നുണ്ടോ?" എന്ന് നാം ചോദിക്കുന്നു (2 തിമൊ. 3:16, 17 നോക്കുക). പ്രത്യേക പ്രസ്താവനയാൽ എന്തെങ്കിലും സൂചനയായിട്ടോ, അല്ലെങ്കിൽ കല്പനയായിട്ടോ നല്കിയിട്ടില്ലെങ്കിൽ, അത് ചെയ്യുമ്പോൾ മാനുഷിക കണ്ടുപിടിത്തം ആയി മാറും.

മനുഷ്യ-നിർമ്മിത കണ്ടുപിടിത്തങ്ങൾ, ആരാധനയിലേക്ക് ആളുകൾ കൊണ്ടു വന്നിട്ടുണ്ട്, ഓരോ പരിശീലനത്തിനും ബൈബിൾ അധികാരത്തെ മാനിക്കേണ്ട സമയത്താണ് ഇതു ചെയ്യുന്നത് എന്ന് ഓർക്കണം. സഭയുടെ ആരാധനയിൽ ഉപകരണസംഗീതം ഉപയോഗിക്കുന്ന കാര്യം അത്തരത്തിലുള്ള ഒന്നാണ്. പുതിയ നിയമ പ്രകാരം സഭയുടെ ആരാധനയുമായുള്ള ബന്ധത്തിൽ യാന്ത്രിക ഉപകരണങ്ങൾ പാട്ടു പാടുന്നതിന് ഉപയോഗിക്കുവാൻ നമ്മെ

അധികാരപ്പെടുത്തിയിട്ടില്ല. പഴയ നിയമത്തിൽ അത് കല്പിച്ചിരുന്നു (2 ദിന. 29:25), എന്നാൽ പൊതുവായ പുതിയനിയമ ആരാധനയിൽ ഒരിക്കലും അവ ഉപയോഗിച്ചിട്ടില്ല എന്ന് ചരിത്രകാരൻമാർ സാക്ഷ്യപ്പെടുത്തുന്നു.

ആരാധനയിൽ ഉപകരണസംഗീതം ഉപയോഗിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിൽ മിക്കവാറും എല്ലാ പ്രൊട്ടസ്റ്റന്റ് സഭകളിലും തർക്കിക്കപ്പെട്ട വിഷയമായിരുന്നു, എന്നാൽ പിന്നീട് അത് പല നാമധേയ വിഭാഗങ്ങളിലും പരിശീലനമായി ശീലിപ്പിച്ചു. നമുക്ക് ചുറ്റുമുള്ള ദേശങ്ങളെപ്പോലെ ആകാതിരിക്കാൻ നമുക്ക് ശ്രമിക്കാം (1 ശമു. 8:5)! ദൈവം കല്പിച്ചിട്ടുള്ള സംഗീതത്തെ പലപ്പോഴും മറികടക്കുന്നതാണ് ഉപകരണങ്ങൾ. സഭ കൂടി വരുമ്പോൾ പാട്ടിൽ കൂടെ ഉപദേശിക്കുകയും ആത്മീകവർദ്ധനവ് വരുത്തുന്ന കല്പനയാണ് നാം അനുസരിക്കുന്നത് (എഫെ. 5:19; കൊലൊ. 3:16).

7:12-14 ലെ പോയിന്റ് എന്താണ്? "ദൈവം പ്രത്യേകമായി പറഞ്ഞ ഗോത്രമല്ലാതെ, മറ്റൊരു ഗോത്രം സ്വീകരിക്കുന്നത് അനധികൃതമായിരുന്നു." ബൈബിൾ നിശബ്ദമായിരിക്കുന്നിടത്ത് നമുക്ക് നിശബ്ദമായിരിക്കാം. നിശബ്ദതയുടെ തത്വം, അല്ലെങ്കിൽ അധികാരം-ഇല്ലായ്മ എന്ന നിയമം ദൈവത്തിന്റെ വചനത്തിൽ നിറയെ കാണാം. യെഹൂദന്മാർ ജാതികളിൽ നിന്ന് ക്രിസ്ത്യാനികളായവരെ പരിച്ഛേദന കഴിപ്പിക്കരുതായിരുന്നു. കാരണം അപ്പൊസ്തലന്മാർ അത്തരത്തിലുള്ള ഉപദേശത്തിന് "നിർദ്ദേശം" കൊടുത്തിരുന്നില്ല (പ്രവൃ. 15:24). വിലക്കുവാൻ അപ്പൊസ്തലന്മാരുടെ നിശബ്ദത മതി.

താഴെ കൊടുത്തിരിക്കുന്ന വേദഭാഗത്തിന്റെ പ്രായോഗികത നോക്കുക. ദൈവം നോഹയോട് ഗോഫർ തടി കൊണ്ട് പെട്ടകം ഉണ്ടാക്കുവാൻ ആവശ്യപ്പെട്ടു: മറ്റൊന്നും അധികാരപ്പെടുത്തിയിരുന്നില്ല, അതുകൊണ്ട് അവൻ മറ്റൊന്നും ഉപയോഗിച്ചതും ഇല്ല. ഇന്ന് ബൈബിൾ അധികാരം എടുക്കുവാൻ അതേ നടപടിയാണ് നാം സ്വീകരിക്കേണ്ടത്. ദൈവം പൊതുവായി "മരം" എന്നു മാത്രമാണ് പറഞ്ഞിരുന്നത് എങ്കിൽ, നോഹയ്ക്ക് ഏത് തരത്തിലുള്ള മരവും ഉപയോഗിക്കാമായിരുന്നു. ഇത്തരം വിവേചനത്തെ ചിലർ എതിർത്തേക്കാം, എന്നാൽ എബ്രായ ലേഖകൻ നൽകുന്ന തത്വം അതാണ്. ദൈവത്തിന്റെ നിശബ്ദതയെ ബഹുമാനിക്കുന്നവർ ആ തത്വം കൈക്കൊള്ളും. "അവർ സഭയിൽ ഉപകരണസംഗീതം ഉപയോഗിച്ചു," എന്ന് ഒരു കല്പനയാലോ മാതൃകയാലോ പുതിയ നിയമത്തിൽ കാണാമെങ്കിൽ നമുക്ക് ഏത് തരത്തിലുള്ള സംഗീതവും ഉപയോഗിക്കാമായിരുന്നു. എങ്ങനെയായാലും, ആരാധനയിൽ പാടുന്നതിനെ കുറിച്ചുള്ള ഒൻപത് വേദഭാഗങ്ങളിലും പാട്ട് പാടിയതായി മാത്രമാണ് പറഞ്ഞിരിക്കുന്നത്.[56] നമ്മെ അധികാരപ്പെടുത്തിയിരിക്കുന്ന ഗീതം ഒരു *കാപ്പെല്ലാ* ആണ്-ഇറ്റാലിയൻ വാക്ക് അക്ഷരീകമായി അർത്ഥമാക്കുന്നത് "ചാപ്പലിന്റെ ശൈലിയിൽ" എന്നാണ്. നമ്മോട് ദൈവം "പാടുവാൻ" (*സാലോ*) പറഞ്ഞിരിക്കുന്ന ഏക ഉപകരണം ഹൃദയം ആണ് (എഫെ. 5:19).

### "നമ്മുടെ കർത്താവ്" (7:14)

വാക്യം 14 ൽ പറഞ്ഞിരിക്കുന്ന "നമ്മുടെ കർത്താവ്" യേശു ക്രിസ്തു തന്നെയാണ്. പത്രൊസ് സങ്കീർത്തനങ്ങൾ 110:1 ൽ പ്രവചിച്ച രണ്ടാമത്തെ "കർത്താവ്" യേശു തന്നെയാണെന്ന് (ഉദ്ധരിച്ച് പ്രവൃ 2:34, 35 ൽ ധീരമായി പറഞ്ഞിരിക്കുന്നു), അവനെ നാം നമ്മുടെ ജീവിതത്തിന്റെ കർത്താവായി അംഗീകരിക്കണം. എങ്ങനെയായാലും, നാം ആ "കർത്താവ്" മുഖാന്തരം പി

താവിനോട് പ്രാർത്ഥിക്കുന്നു, അവൻ പഴയനിയമത്തിലെ "കർത്താവ്" ആണ്. യേശു പുതിയനിയമത്തിന്റെ കർത്താവാണ്.[57]

നാം ഈ ലോകത്തിന് അനുരൂപപെടാതിരിക്കുവാൻ യേശുവിനെ നാം നമ്മുടെ കർത്താവായി സ്വീകരിക്കണം (റോമ. 12:1, 2). നാം അങ്ങനെ ചെയ്യുമ്പോൾ, "ദൈവേഷ്ടം" എന്തെന്ന് തെളിയിക്കുകയാണ് (റോമ. 12:2). നമ്മുടെ കർത്താവിനെ സേവിക്കുന്നതിലുള്ള സന്തോഷം നാം തെളിയിക്കുകയും മറ്റുള്ളവർക്ക് ബോധ്യമാക്കുകയും ചെയ്യുന്നു. അവൻ നിങ്ങളുടെ ജീവിതത്തിൽ കർത്താവായി തീർന്നിട്ടുണ്ടോ? നിങ്ങൾ അത് തെളിയിച്ചിട്ടുണ്ടോ? മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുവാൻ വിശ്വാസത്തിൽ ശരിയായ പ്രതിരോധം നടത്തി ... "ക്രിസ്തുവിനെ [നമ്മുടെ] ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിച്ച്, [നമ്മിലുള്ള] പ്രത്യാശയെകുറിച്ചു [നമ്മോട്]ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (1 പത്രൊ. 3:15). ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിന്റെ കർത്താവാക്കുമ്പോൾ, നമുക്ക് അവനിൽനിന്നു സമാധാനം ലഭിക്കും. നമ്മുടെ വിശ്വാസം ബലഹീനമാകുമ്പോൾ, ധൈര്യത്തോടെ അതിനെ അതിജീവിക്കുവാൻ അവൻ നമുക്ക് ശക്തി പകരും. ക്രിസ്തു വിശുദ്ധീകരിക്കപ്പെട്ടവനായി നമ്മുടെ ഹൃദയങ്ങളിൽ വസിച്ചാൽ, നാം ആഗ്രഹിക്കുന്ന "സമൃദ്ധമായ കൃപ" നമ്മുടേതായി തീരും (പ്രവൃ. 4:33). അളവില്ലാത്ത കൃപ ഇപ്പോഴും നമ്മുടെ നിധിയാണ്.

**ദൈവത്തോട് അടുക്കൽ (7:19)**

ദൈവത്തോട് അടുത്തു ചെല്ലുവാനാണ് ദൈവം നമ്മോട് കൽപിച്ചിരിക്കുന്നത് (യാക്കൊ. 4:8). അവൻ നമ്മോട് അടുത്തു വന്നു കഴിഞ്ഞു; നമ്മുടെ ഭാഗം ചെയ്യുവാൻ നാം ഒരിക്കലും മടിക്കരുത്. നാം അവനോട് പ്രതികരിച്ചാൽ, ദൈവം നമ്മോട് കൂടുതൽ അടുത്തു വരും എന്നാണ് യാക്കൊബ് പറഞ്ഞത്. ക്രിസ്തു മുഖാന്തരം അടുത്തു ചെല്ലുവാൻ, ദൈവത്തിൽനിന്നുള്ള വലിയ ക്ഷണമാണ് മത്തായി 11:28–30. വെളിപ്പാട് 22:17 ലെ: "ദാഹിക്കുന്നവൻ വരട്ടെ ..." എന്ന കൽപന നാം അനുസരിക്കണം.

ചുരുങ്ങിയത് രണ്ട് കാര്യങ്ങളാണ്, ഒരാളെ ദൈവത്തിൽ നിന്നും അകറ്റുന്നത്. ആദ്യത്തേത് *പാപം* ആണ്. ദൈവത്തിന്റെ പരിശുദ്ധമായ സ്വഭാവമാണ് പാപികളെ അവന്റെ സന്നിധിയിൽനിന്നും അകറ്റുന്നതിന്റെ കാരണം (യെശ. 59:1, 2; വെളി. 21:27). മനുഷ്യർ അത് അറിയണം. രണ്ടാമത്തേത് *ഭയം* ആണ്. ദൈവ ദൃഷ്ടിയിൽ ജന്മനാ ഉള്ള കുറ്റബോധം നിമിത്തമാണ് നാം ഭയപ്പെടുന്നത്. യഹോവയുടെ തേജസ് സാക്ഷീകരിക്കുമ്പോൾ, പാപിയെ കുറിച്ച് യെശയ്യാവ് പറയുന്നത് "അശുദ്ധമായ അധരം ഉള്ളവൻ" എന്നാണ് (യെശ. 6:5). വചനത്തിൽനിന്ന് പാപമോചനം ലഭിക്കുമെന്ന് മനസിലാക്കി പ്രവർത്തിക്കുന്നവർ മരണത്തെ ഭയം കൂടാതെ നേരിടും (എബ്രാ. 2:14, 15). സ്വർഗീയ പിതാവ് തന്റെ അടുത്തുണ്ടെന്ന അറിവ് ഒരാളെ പൂർണ്ണവിശ്വാസത്തിലേക്ക് നയിക്കുകയും സ്വന്തം ഭവനത്തിലേക്ക് പ്രവേശിക്കുവാൻ ആവശ്യമായത് ചെയ്യുകയും വേണം, അങ്ങനെ അയാൾക്ക് ഭയത്തെ അതിജീവിക്കുവാൻ കഴിയും.

**പരിഛേദന ബാധകമാക്കൽ (7:21)**

യെഹൂദ മതക്കാർ ജാതികളിൽനിന്ന് ക്രിസ്ത്യാനികളായവരെ പരിഛേദന കഴിപ്പിക്കുവാൻ ശ്രമിച്ചു എന്നാണ് ഗലാത്യർ 5:1–5 ഉം റോമർ 2:25–28 ഉം പറയുന്നത്. ന്യായപ്രമാണത്തിലെ ഒരു ഭാഗം അനുസരിപ്പിക്കുവാൻ ശ്രമിക്കുന്നവർ മനസിലാക്കേണ്ടത് ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ന്യായപ്രമാണം മുഴുവൻ അനുസരിക്കണമെന്നായിരുന്നു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത്. അതുപോലെ ന്യായപ്രമാണത്തിൽ ഒരു ഭാഗം നിറവേറിയെങ്കിൽ, എല്ലാ ഭാഗവും നിറവേറി എന്ന്, താത്വികമായി നമുക്ക് പറയാം. എബ്രായ ലേഖനം യെഹൂദന്മാരിൽനിന്നു ക്രിസ്ത്യാനികളായവർക്ക് എഴുതിയിരിക്കയാൽ പരിഛേദനയെ കുറിച്ച് പറയേണ്ട ആവശ്യമില്ല. ജാതികളിൽനിന്നുള്ള ക്രിസ്ത്യാനികൾക്ക് എഴുതിയപ്പോൾ ആ വിഷയം ചർച്ച ചെയ്തതാണ്.

**എന്നേക്കുമുള്ള പൗരോഹിത്യം (7:21)**

പുതിയ നിയമ പൗരോഹിത്യത്തെ സംബന്ധിച്ച് ദൈവം തന്റെ മനസ് മാറ്റുകയില്ല എന്ന് ആണയിട്ടു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ക്രിസ്തുവിന് ശേഷം, പിന്നീട് ഒരു "പ്രവാചകന്റെ" ആവശ്യം ഉദിക്കുന്നില്ല. അഹരോന്റെയോ അല്ലെങ്കിൽ മൽക്കിസെദേക്കിന്റെ പൗരോഹിത്യമോ നവീകരിക്കുവാൻ ആർക്കും കഴിയുകയുമില്ല. തിരുവെഴുത്തിലെ ഉപദേശം രണ്ടായിരം വർഷം കഴിഞ്ഞിട്ടും മാറിയിട്ടില്ല.

ഇതിനെ സംബന്ധിച്ച് ദൈവം തന്റെ മനസ് മാറ്റുകയില്ല എന്ന് പറഞ്ഞിരിക്കുന്നതിനാൽ, ഒരർത്ഥത്തിൽ അബ്രഹാമിനെ അനുഗ്രഹിച്ചുകൊണ്ടിരിക്കുകയാണ് എന്നു പറയാം. ഭൗതികമായ അനുഗ്രഹങ്ങളും ഉദ്ദേശിച്ചിരുന്നു എങ്കിലും ഏറ്റവും വലുത് ആത്മിയമായിരുന്നു. വിശ്വാസികളുടെ പിതാവായതുകൊണ്ട് (റോമ. 4:16 നോക്കുക), സഭ മുഖാന്തരം അബ്രഹാമിന് തുടർച്ചയായി ദൈവാനുഗ്രഹം ലഭിച്ചുകൊണ്ടിരിക്കുന്നു. അതിൽനിന്നു വ്യത്യസ്തമായി, യിസ്രായേലിന്ന് ബാബേൽ പ്രവാസത്തിന് മുൻപ് എല്ലാ ദേശീയ വാഗ്ദാനവും നൽകിയിരുന്നു. ദൈവം യിസ്രായേലിന്ന് വാഗ്ദാനം ചെയ്തിട്ട് നിറവേറാതെ പോയ ഒരു വാഗ്ദാനവും ഇല്ല. വർഗീയമായും ദേശീയമായും അവർക്ക് അവരുടെ ദേശം യഥാസ്ഥാനപ്പെടുത്തി കൊടുത്തിരുന്നു.

**മറ്റൊന്നിനുള്ള ഒരു ഉറപ്പ് (7:20–22)**

പുതിയതും ശ്രേഷ്ടവുമായ ഒരു നിയമത്തിന്റെ ഉറപ്പാണ് യേശുവിനെ 7:22 പറയുന്നത്. ഒരാൾക്ക് കടം കൊടുക്കുമ്പോൾ, മറ്റൊരാൾ ജാമ്യം നിൽക്കുന്നത് റോമൻ സമ്പ്രദായം ആയിരുന്നു. അയാൾക്ക് കടം കൊടുത്തു തീർക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതിന് ഉത്തരവാദി ജാമ്മ്യം നിന്ന ആൾആയിരിക്കും. ദൈവത്തോടുള്ള നമ്മുടെ കടപ്പാട് തീർത്തുകൊള്ളാമെന്നതിന് യേശു ദൈവത്തിന് ഉറപ്പ് നൽകി.

ദൈവം നമുക്ക് നൽകിയ വാഗ്ദാനത്തിൽ നിന്നു പുറകോട്ട് പോകയില്ല എന്നതിനും യേശു ഉറപ്പ് നൽകിയിരിക്കുന്നു. ദൈവം അങ്ങനെ ചെയ്യുകയില്ല എന്ന വിശ്വാസം നമ്മിൽ നേരിടുമ്പോൾ, യേശുവിലേക്ക് നോക്കുക, കാരണം

ക്രിസ്തു ദൈവിക വാഗ്ദാനങ്ങൾ എല്ലാം നിവർത്തിയാക്കുമെന്നതിന് യേശു ഉറപ്പ് നൽകിയിരിക്കുകയാണ്. എങ്ങനെയായാലും ദൈവം തന്റെ അനുഗ്രഹ ങ്ങളെല്ലാം നൽകുക തന്നെ ചെയ്യുമെന്ന് നമുക്ക് ഉറപ്പിക്കാം.

**നിയമത്തിനുള്ള ഒരു ഉറപ്പ് (7:22)**

ഒരു ശ്രേഷ്ഠ നിയമത്തിനുള്ള ഉറപ്പാണ് യേശു. ഹൃദയ സ്പർശിയായ ഒരു ഉറപ്പ് അല്ലെങ്കിൽ തീർച്ച തിരുവെഴുത്തിൽ നൽകിയിരിക്കുന്നു. യെഹൂദാ ബെന്യാമീനു വേണ്ടി ജാമ്യം നിന്നിരുന്നു, ബെന്യാമീനെ മിസ്രയിമിൽനിന്നു സുരക്ഷിതമായി എത്തിക്കാമെന്ന് അവൻ പിതാവിന്ന് ഉറപ്പ് കൊടുത്തു (ഉല്. 43:8, 9). യെഹൂദാ പറഞ്ഞു, "ഞാൻ അവനെ നിന്റെ അടുക്കൽ കൊണ്ടു വന്ന്, അവനെ നിന്റെ മുമ്പിൽ നിർത്തുന്നില്ലെങ്കിൽ, ഞാൻ സദാകാലത്തും നിനക്ക് കുറ്റക്കാരനായി ഇരുന്നുകൊള്ളാം." യേശു വാഗ്ദാനം ചെയ്തതിന് എന്തുമാത്രം യോജിക്കുന്നതാണ് ആ ഉറപ്പ്! ഫലത്തിൽ യേശു പിതാവി നോട് പറഞ്ഞു, "നീ സ്നേഹിക്കുന്ന ആത്മാക്കൾ നഷ്ടപ്പെട്ടുപോകാതിരി പ്പാൻ, ഞാൻ ഭൂമിയിൽ പോയി ക്രൂശിൽ ഏറ്റവും ലജ്ജാകരവും വേദനാകര വുമായ മരണം സ്വയം ഏറ്റെടുക്കുവാൻ പോകാം. കുറ്റവാളികൾക്ക് വേണ്ടി നിരപരാധിയായി മരണത്താൽ, ഞാൻ ഒരു വീണ്ടെടുപ്പ് വഴി ഒരുക്കാമെന്ന് ഉറപ്പ് നൽകുന്നു. അങ്ങനെ നീതിയോടെ അവരെ രക്ഷിക്കാം. അവരുടെ കുറ്റം ഞാൻ എന്നേക്കും ഏറ്റെടുക്കാം" (റോമ. 3:23–26 നോക്കുക). നമുക്ക് ഒരിക്കലും ദൈവത്തിന്റെ നീതി ആവശ്യപ്പെടുന്നത് ചെയ്യുവാൻ സാധ്യമല്ല. എന്നാൽ യേശുവിന് ചെയ്യുവാൻ കഴിഞ്ഞതിനാൽ, അവൻ അത് ചെയ്തു. ഇപ്പോൾ, നമ്മെ രക്ഷിച്ചുകൊണ്ട് അവന് നീതിമാനായിരിപ്പാൻ കഴിയുന്നു, നമ്മോടുള്ള സ്നേഹം നിമിത്തമാണ് അവൻ അത് ചെയ്തത് (യോഹ. 3:16). ദൈവം ചെയ്യുന്നതെല്ലാം നീതിയുള്ളതാണ് എന്നതാണ് ഇതിലെ അത്ഭുതം. അവന് അനീതി പ്രവർത്തിക്കുവാൻ സാധ്യമല്ല.

**സേവനത്തിൽനിന്നും അയോഗ്യനാക്കി (7:24, 25)**

മൽക്കിസെദേക്കിന്റെ ക്രമപ്രകാരം യേശുവിന് മഹാപുരോഹിതനാകു വാൻ ഏറ്റവും ഉയർന്ന ആത്മിയ നിലവാരമായിരുന്നു ആവശ്യം. യെഹൂദ പാരമ്പര്യപ്രകാരം ശരിയായ വംശാവലിയിലാണെങ്കിലും, പുരോഹിതൻ ആകാതിരിക്കുന്നതിന് 142 കാരണങ്ങൾ ഉണ്ടായിരുന്നു. അവ തികച്ചും ഭൗതീ കവും, ആന്തരീകമായി ബന്ധം ഇല്ലാത്തവയും ആയിരുന്നു. അവൻ എങ്ങനെ കാണപ്പെട്ടു എങ്ങനെ വസ്ത്രം ധരിച്ചു, എങ്ങനെ തലമുടി വെട്ടി എന്നതെല്ലാം പ്രാധാന്യമുള്ള കാര്യങ്ങളായിരുന്നു. ഒരാളെ പുരോഹിതൻ ആക്കുന്നതിന് ധാരാളം ആഘോഷങ്ങൾ നടന്നിരുന്നു.

ബാഹ്യമായ അത്തരം നിയമാവലികൾ ന്യായപ്രമാണം മനുഷ്യരെ പാപം പോക്കി ദൈവത്തോട് അടുപ്പിച്ചില്ല എന്ന് വ്യക്തമാക്കുന്നു. ന്യായ പ്രമാണത്തിലെ നിയമാവലികളും ആരാധനയും ബാഹ്യമായിരുന്നു, അവ ഭൗതികമായ കാഴ്ചയും, ഗന്ധവും, കേൾവിയും, സ്പർശനവും ആയിരുന്നു. കാഹളം ഊതുന്നതും മഹാപുരോഹിതന്റെ മനോഹരമായ വസ്ത്രവും മനു ഷ്യഹൃദയത്തിനോ ആത്മാവിനോ ഒരു ചലനവും ഉണ്ടാക്കിയില്ല.

ചില യഹൂദ ക്രിസ്ത്യാനികൾ യഥാർത്ഥത്തിലുള്ളവ വിട്ടുകളഞ്ഞ് നിഴലിലേക്ക് പോകുവാൻ ആഗ്രഹിച്ചു (എബ്രാ. 10:1), എന്നാൽ നിഴൽ ഒരി

ക്കലും ആരാധകനെ ദൈവത്തോട് അടുപ്പിക്കുന്നില്ല. മനുഷ്യന്റെ ആവശ്യ ങ്ങൾ നിറവേറ്റത്തക്കവണ്ണം ആത്മീയമാകുവാൻ ന്യായപ്രമാണത്തിന് പല ഭൗതികമായ പരിമിതികളും ഉണ്ടായിരുന്നു. നിഴലും യാഥാർത്ഥ്യവും തമ്മിൽ തിരിച്ചറിയാൻ കഴിയാതിരിക്കുന്നത് എത്ര അപകടകരമാണ്.[58] ന്യായപ്രമാണ ത്തിന് മനുഷ്യന്റെ പാപങ്ങളെയും പരാജയത്തെയും എടുത്തു കാണിപ്പാൻ കഴിഞ്ഞു, എന്നാൽ യേശു ചെയ്ത ഉയർന്ന അവസ്ഥയിലേക്ക് ആളുകളെ ഉയർത്തുവാൻ കഴിഞ്ഞില്ല.

**യേശുവും നമ്മുടെ പ്രശ്നങ്ങളും (7:25)**

നമ്മുടെ പ്രശ്നങ്ങളായ പാപം, മരണം, സാത്താന്റെ പരീക്ഷണങ്ങൾ എന്നിവയെ യേശു വിസ്മയമായി കൈകാര്യം ചെയ്തു. നാം അവനെ അനു വദിച്ചാൽ സാത്താൻ നമ്മെ തുടർച്ചയായി പരീക്ഷിച്ചു കൊണ്ടിരിക്കും. ദിവ സവും ഉള്ള വിഷമ സന്ധികൾ നാം യേശുവിൽ ഭരമേല്പിക്കണം (ഫിലി. 4:4–8), നമുക്ക് വേണ്ടി അവൻ പക്ഷവാദം ചെയ്യുന്നുണ്ട്. എത്ര നല്ല സഖിയാണ് യേശു! ദിവസം തോറും ഉള്ള പ്രാർത്ഥനയാലും അനുസരണത്താലും അവനു മായി നമുക്ക് നല്ല സ്നേഹ ബന്ധം വാസ്തവത്തിൽ വളർത്തിയെടുക്കുവാൻ കഴിയുമെന്ന് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുമോ? നമുക്ക് ഊഹിക്കുവാൻ കഴിയുന്നതിന് അപ്പുറമായ മഹത്തായ ചിന്തയാണ് അത്, എങ്കിലും വിശ്വാസം മൂലം അവനുമായി സഹകരിക്കുമ്പോൾ അത് സാധ്യമായി തീരും (1 പത്രൊ. 1:3–5). ഇപ്പോഴും അവസാനവും രക്ഷ നമ്മിൽ ഉറപ്പിക്കുവാൻ ക്രിസ്തീയ മനോഗുണങ്ങൾ സഹായകരമാകും (2 പത്രൊ. 1:5–11). ക്രിസ്തു ഇപ്പോൾ ജീവിക്കുന്നില്ലെങ്കിൽ, നമ്മുടെ മഹാപുരോഹിതനായോ മദ്ധ്യസ്ഥനായോ സേവിക്കുവാൻ സാധ്യമല്ല.

നമുക്ക് വിശ്വാസത്തിലും പരിജ്ഞാനത്തിലും വളരുവാൻ കഴിയുന്നില്ലെ ങ്കിൽ പാപത്തെ അതിജീവിക്കുവാൻ സാധ്യമല്ല, നാം സഹകരിച്ചാൽ മാത്രമേ നമ്മുടെ പാപ പ്രശ്നം യേശു പരിഹരിക്കുകയുള്ളു (1 പത്രൊ. 2:1–3; 2 പത്രൊ. 3:18). പ്രാർത്ഥന മുഖാന്തരം "ആവശ്യമുള്ള സമയത്ത് സഹായത്തിനുള്ള കൃപ" ലഭിക്കുന്നു (എബ്രാ. 4:16), എന്നാൽ പരീക്ഷണത്തിൽ നിന്ന് ഒഴിഞ്ഞു മാറുവാനുള്ള ഉത്തരവാദിത്വം നമ്മിൽ നിന്ന് നീങ്ങുന്നില്ല (1 കൊ. 10:13).

ചിലർ തങ്ങളുടെ പാപ ശൈലികളെകുറിച്ച് പറയുന്നത്, "അത് എന്റെ സ്വഭാവമാണ്. എനിക്ക് മാറുവാൻ കഴിയുകയില്ല." ഏറ്റവും മോശമായ ദുർന്ന ടപ്പിൽ ജീവിച്ച ആളുകൾക്ക് പോലും മാറുവാൻ കഴിഞ്ഞതായി പൗലൊസ് പറയുന്നു (1 കൊ. 6:9–11). കൊരിന്തിലുള്ള തലതിരിഞ്ഞ ലൈംഗീക ദുർന്നട പ്പിൽ നിന്നും അത്യാഗ്രഹത്തിൽ നിന്നും ആളുകൾക്ക് തിരിയുവാൻ കഴിഞ്ഞു എങ്കിൽ, ചിലർക്ക് മാറുവാൻ കഴിയുകയില്ല എന്ന് എങ്ങനെ പറയുവാൻ കഴിയും? സാത്താൻ പഠിപ്പിക്കുന്നത് ഭോഷ്ക് ആണ്, അങ്ങനെ ആളുകളെ നിരാശയിലേക്ക് തള്ളിവിടുന്നു. ആ നിരാശയിൽ നിന്ന് യേശു ആളുകളെ രക്ഷിച്ച് പ്രത്യാശ നല്കുന്നു.

നാം വീണ്ടും പാപം ചെയ്തേക്കാം, എന്നാൽ യേശു വാഗ്ദാനം ചെയ്തി രിക്കുന്നത് ക്രൂശിൽ അവൻ അനുഭവിച്ച ത്യാഗത്തോട് ബന്ധപ്പെടുന്നവരെ അവന്റെ രക്തം ശുദ്ധീകരിക്കും. "ഭൂരിപക്ഷം" ആളുകൾ വിചാരിക്കുന്നത് ക്രിസ്തുവിന്റെ യാഗം മറ്റൊന്നും ചെയ്യാതെ എല്ലാവരെയും രക്ഷിക്കും എന്നാ ണ്, എന്നാൽ അത് ബൈബിളിൽ പറയുന്നതല്ല. യേശുവിന്റെ സ്വയം-ത്യജി

ക്കലും അവന്റെ മരിക്കുവാനുള്ള മനസ്സും ഒരിക്കൽ-എല്ലാ-കാലത്തേക്കുമുള്ള പ്രവൃത്തിയാണ് (എബ്രാ. 9:27, 28). പിതാവിനോടുള്ള അവന്റെ ബന്ധം നേരിട്ടുള്ളതായിരുന്നു, എന്നാൽ മനുഷ്യർ ചെയ്യുന്നത് പോലെ യേശുവിന്റെ യാഗത്തെ ഓർക്കുവാൻ ദൈവം ആവശ്യപ്പെടുന്നു.

**പാപം ഇല്ലാത്ത ഒരു പുരോഹിതൻ (7:26)**

ആളുകൾ തങ്ങളുടെ പാപങ്ങളെ ദൈവത്തോട് പ്രത്യേക പുരോഹിതന്മാർ മുഖേന ഏറ്റുപറയണമെന്ന് പാരമ്പര്യ സഭകൾ പഠിപ്പിക്കുന്നു. നാം പാപം ചെയ്താൽ അപൂർണ്ണനായ ഒരു മനുഷ്യ പുരോഹിതനോട് പാപം ഏറ്റുപറയേണ്ട ആവശ്യമില്ല. ക്രിസ്തുവിലായ നാം അവൻ മുഖാന്തരം ദൈവത്തിന്റെ അടുക്കലേക്ക് പോകുവാൻ നമ്മുടെ മഹാപുരോഹിതൻ സംശയരഹിതമായ ആശ്രയത്തിന് ഉത്തേജനം നല്കിയിരിക്കുന്നു. അവൻ നിർമ്മലനും വിശുദ്ധനുമാണ്. നമ്മുടെ ആശ്രയത്തിനും ധൈര്യത്തിനും അവൻ യോഗ്യനായതിനാൽ നമ്മെ പൂർണ്ണമായും വീണ്ടെടുക്കുവാൻ ശക്തനാണ്. ആ പ്രവൃത്തി ചെയ്യുവാൻ മതിയായ ഒരു മനുഷ്യനും ഇല്ല.

ക്രിസ്തു "കുറ്റമില്ലാത്തവൻ" ആണ്. അവന്റെ വിചാരണ എത്രമാത്രം അനീതിയുള്ളതായിരുന്നു! ദൈവദൂഷണം എന്ന കുറ്റമായിരുന്നു ന്യായാധിപൻമാർ അവനിൽ ചുമത്തിയത്. എന്നാൽ പീലാത്തോസ് അവന്റെ നിരപരാധിത്വം അംഗീകരിച്ചിരുന്നു (ലൂക്കൊ. 23:4, 13–16, 22); എന്നാൽ അവൻ രാഷ്ട്രീയമായ പ്രായോഗികതയ്ക്ക് വഴങ്ങി. യേശു നമ്മുടെ കുറ്റം വഹിച്ച് ആത്മീയ സൗഖ്യത്തിനായി നമുക്ക് വേണ്ടി മരിച്ചു (1 പത്രൊ. 2:22–24; 3:18). അത് "അനീതിയുള്ളവർക്ക്," "നീതിയുള്ളവൻ" മരിക്കുന്നതായിരുന്നു. അവന്റെ സ്വഭാവം എല്ലാ നിലയിലും വിശുദ്ധമാണ്.

**വേർപെട്ടവനാണെങ്കിലും, ഒരു സ്നേഹിതൻ ആണ് (7:26)**

"പാപികളിൽ നിന്ന് വേർപെട്ട" പൂർണ്ണമായും വ്യത്യസ്തമായ ജീവിതവും സ്വഭാവവും ആണ് യേശുവിന്റേത്. അതേ സമയം, അവൻ തന്റെ ശക്തി തെളിയിച്ചു പ്രവർത്തിക്കുന്നതെല്ലാം പാപികളുടെ സ്നേഹിതൻ ആയിട്ടാണ്. അവൻ "പാപികളോടും ചുങ്കക്കാരോടും കൂടെ തിന്നു കുടിക്കുന്നു" എന്ന അവഹേളനം ആയിരുന്നു അവനിൽ ഉന്നയിച്ചത് (മത്താ. 9:11), അത് അവന്റെ എതിരാളികൾക്ക് അസംഖ്യം ആയിരുന്നു. ആ കുറ്റം യേശു നിഷേധിച്ചില്ല; താൻ ലോകത്തിലേക്ക് വന്നത് വാസ്തവത്തിൽ ആ ഉദ്ദേശത്തിന് വേണ്ടി ആയിരുന്നു എന്നാണ് യേശു പറഞ്ഞത് (മത്താ. 9:12, 13). അവന്റെ ആ ബന്ധം നിമിത്തം അവൻ മദ്യപന്മാരെ പോലെയും ആയിരുന്നു എന്നാണ് അവരുടെ ആരോപണം (മത്താ. 11:19).

നാമും, പാപികളുടെ സ്നേഹിതന്മാർ ആകണം-അതേസമയം അവരുടെ ദുഷ്പ്രവർത്തികൾക്ക് കൂട്ടാളികൾ ആകുകയും അരുത്. നാം യേശുവിനെ പോലെ അല്ല; നാം ദുഷ്പ്രവർത്തിക്കാരോട് കൂട്ട് ചേർന്നാൽ അവരുടെ ദുഷ്പ്രവർത്തികളിൽ അകപ്പെട്ടു പോകും. ക്രിസ്തു സ്വാധീനിച്ചത് പോലെ, ദുഷ്ട ലോകത്തെ സ്വാധീനിക്കുവാൻ നമുക്ക് കഴിഞ്ഞെന്ന് വരികയില്ല. ഒരു യുവാവ് ഒരു ക്രിസ്തീയ കോളേജിൽ ശുശ്രൂഷ പരിശീലനത്തിന് പോയത് എനിക്കറിയാം. അയാൾ പ്രഗത്ഭനായ ഒരു പ്രാസംഗികൻ ആയി തീർന്നു. പിന്നീട് അയാൾ തന്റെ വാക്കുകൾ വിദ്യാർത്ഥികളെ കൂടുതൽ ആനന്ദിപ്പിക്കുന്ന

തായി തോന്നി. അയാൾ രാത്രിയിൽ പുറത്ത് പോയി വ്യഭിചാരിണികളുമായി ചേർന്ന് കാപ്പികുടിച്ച് അവരെ ക്രിസ്തുവിലേക്ക് നടത്തുവാൻ ഉള്ള ശ്രമത്തി ലായിരുന്നു. അത് കേട്ട് എനിക്ക് തോന്നി, "നിങ്ങൾ അത്തരം പ്രവൃത്തിക്ക് ഒരു ശിശുവാണ്. നിങ്ങൾ നിങ്ങളുടെ കുടുംബത്തെയും ആത്മാവിനെയും സാഹസത്തിൽ ആക്കുകയാണ്." പിന്നെ ഞാൻ കേട്ടത്, അയാളും അയാ ളുടെ ഭാര്യയും തമ്മിൽ വേർപിരിഞ്ഞു എന്നാണ്. അയാൾ "പാപികളുടെ സ്നേഹിതൻ," ആകുവാൻ ശ്രമിച്ചതാണ്, പക്ഷെ അയാൾ ഹാമിന്റെ വഴിയി ലായിരുന്നു. നാം നല്ല തീരുമാനം എടുക്കണം. നാം "ദുർന്നടപ്പ് വിട്ട് അകലു കയും ചിലപ്പോൾ അത്തരം ആളുകളിൽ നിന്ന് ഓടി പോകുകയും വേണം (1 കൊ. 6:18). ദൈവം തീർച്ചയായും പരീക്ഷയിൽ നിന്ന് പോക്കു വഴി ഒരുക്കും (1 കൊ. 10:13), എന്നാൽ നാം അതിലേക്കല്ല ഓടിച്ചെല്ലേണ്ടത്, അതിൽ നിന്ന് ഓടിപ്പോകുകയാണ് വേണ്ടത്.

**നങ്കൂരം പിടിക്കുക**

നാം *വചനത്തിൽ നിന്ന് പിന്മാറിപ്പോകുവാൻ* തുടങ്ങിയാൽ (2:1-4), പിന്നെ നാം *വചനത്തെ സംശയിക്കുവാൻ* തുടങ്ങും (3:7-4:13). അധികം താമ സിക്കാതെ, *വചനത്തിൽ മാന്ദ്യമുള്ളവരാകുകയും* (5:11-6:20) അലസതയുള്ള വിശ്വാസികളായി തീരുകയും ചെയ്യും. വചനത്തിൽ നിന്ന് അകന്ന് പോകാതി രിക്കുന്നതിനുള്ള ഏറ്റവും നല്ല *വഴി നങ്കൂരം മുറുകെ പിടിക്കുക* എന്നതാണ്!

---

കുറിപ്പുകൾ

[1]റെയിമണ് ബ്രൗൺ, *ദ മെസ്സേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബൗ ആൾ*, ദ ബൈബിൾ സ്പീക്ക്സ് റ്റുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്സ്, 1982), 129. [2]ഇബിഡ്., 127. [3]ആർതർ ഡബ്ളിയൂ. പിൻക്, *ആൻ എക്സ്പൊസിഷൻ ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 356. [4]കെന്നത്ത് സാമുവൽ വൂവെസ്റ്റ്, *ഹീബ്രൂസ് ഇൻ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1951), 127. [5]ഗെരെത്ത് എൽ. റീസ് പറഞ്ഞത് ഇവിടെ ഒരു ദൃഷ്ടാന്തം ഉൾപ്പെ ടുത്തിയിരിക്കുന്നു എന്നാണ്. (ഗെരെത്ത് എൽ. റീസ്, *എ ക്രിട്ടിക്കൽ ആന്റ് എക്സെ ജെറ്റിക്കൽ കമന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* [മൊബെർലി, മോ.: സ്ക്രി പ്ച്ചർ എക്സ്പൊസിഷൻ ബുക്ക്സ്, 1992], 104.) [6]"പിതാവ്" (*പാട്രിയർകെസ്*; വാ. 4 നോക്കുക) സൂചിപ്പിക്കുന്നത് ഒരിക്കൽ ദൈവം തന്റെ അനുയായികൾക്ക് വേണ്ട നിർദ്ദേശം നൽകുവാൻ പിതാക്കന്മാരെ ഉപയോഗിച്ചിരുന്നു, തങ്ങളുടെ കുടുംബത്തിന് വേണ്ടി യാഗം അർപ്പിക്കുവാനും അവരെ പ്രാപ്തരാക്കിയിരുന്നു. പല നീതിമാന്മാരായ പിതാക്കന്മാരേയും, അല്ലെങ്കിൽ നീതിമാന്മാരാകാൻ ആഗ്ര ഹിച്ചവരേയും തന്റെ ഉദ്ദേശ നിവൃത്തിക്കായി ഉപയോഗിച്ചിരുന്നു. [7]ഫിലൊ *ഓൺ ഡ്രൺകെൻനെസ്* 14. [8]റോബർട്ട് മിലിഗൺ, *എ കമന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയ്സ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്വില്ലേ: ഗോസ്പൽ അഡ്വകേറ്റ് കമ്പനി., 1975), 249. [9]ജോസഫസ് *ലൈഫ്* 1. [10]മോസെസ് സ്റ്റുവെർട്ട്, *എ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ലണ്ടൻ: വില്യം റ്റെഗ്ഗ് & കമ്പനി., 1856), 391.

[11]മറ്റൊരു കുറഞ്ഞ ദൈവം ഇല്ല എന്ന് സൂചിപ്പിച്ച് കൊണ്ടാണ് ദൈവത്തെ

“അത്യുന്നതൻ” എന്ന് വിളിച്ചത്. [12]വിവിധ ദേശങ്ങൾ തങ്ങളുടെ യുദ്ധത്തിൽ പിടിച്ചെടുത്തവയിൽ നിന്ന് പത്തിലൊന്ന് കൊടുത്തിരുന്നു. ദൈവത്തിന്റെ ആദ്യ കല്പനയിൽ നിന്ന് പുരാതന കാലം മുതൽ കൈമാറി കിട്ടിയതാണെന്ന് ഇതിനെ കുറിച്ച് റീസ് കരുതുന്നു. (റീസ്, 104, എൻ. 8.) എഫ്. എഫ്. ബ്രൂസ്, ഇതേരീതിയിലുള്ള പത്തിലൊന്നിനെ ചർച്ചചെയ്തിരിക്കുന്നു. *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ദ ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 140. ആന്റ് ക്രെയിഗ്. ആർ ക്വായിസ്റ്റർ, *ഹീബ്രൂസ്: ഏ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി,* ദ ആങ്കർ ബൈബിൾ, വാല്യം 36 (ന്യു യോർക്ക്: ഡബിൾഡേ, 2001), 343 –44. [13]യിസ്രായേൽ ജനം ലേവ്യർക്ക് പത്തിലൊന്ന് കൊടുത്തു, അവർ പുരോഹിതന്മാർക്ക് “പത്തിലൊന്നിന്റെ പത്തിലൊന്ന്” കൊടുത്തു (7:5). പഴയ നിയമത്തിൽ പത്തിലൊന്ന് കൊടുക്കുന്നതിനെ കുറിച്ച് ലേവ്യ പുസ്തകം 27:30–33; സംഖ്യാപുസ്തകം 18:21, 24, 26–29; ആവർത്തനപുസ്തകം 12:17–19; 14:22; 26:12–14 എന്നീ വാക്യങ്ങളിൽ കാണാം. പുരോഹിതന്മാരും ലേവ്യരും ഒരു പോലെയുള്ളവർ ആയിരുന്നില്ല (ലൂക്കൊ. 10:31, 32; യോഹ. 1:19). [14]ഫിലിപ്പ് വില്യം, *എ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 251, എൻ. 7. [15]“അനുഗ്രഹിക്കൽ” എന്ന വാക്ക് “വാഴ്ത്തൽ” എന്നും “സ്തോത്രം” എന്നും ഉള്ള വാക്കുകൾ യേശു കർത്തൃമേശ വിഭാഗിച്ച് കൊടുക്കുമ്പോൾ “സ്തോത്രം ചൊല്ലി” എന്ന് പറഞ്ഞതിൽ നിന്ന് അവ അനുഗ്രഹിക്കലായി കണക്കാക്കാം (മത്താ. 26:26: ലൂക്കൊ. 22:19). [16]ഡൊണാൾഡ് ഗത്രി, *ദ ലെറ്റർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി,* ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1983), 159. [17]ജെയിംസ് തോംസൺ, *ദ ലെറ്റർ ടു ദ ഹീബ്രൂസ്*, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1971), 99. [18]നീൽ ആർ. ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ: എ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 140. ആ പ്രയോഗം പുതിയ നിയമത്തിൽ മറ്റെവിടേയും ഉപയോഗിച്ചിട്ടില്ല. [19]സ്റ്റുവെർട്ട്, 396. [20]ആൽബർട്ട് ബാർണസ്, *നോട്ട്സ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ്; ഹീബ്രൂസ് ടു ജൂഡ്* (ലണ്ടൻ: ബ്ലാക്കി & സൺ, 1884–85; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1985), 159.

[21]കോയെസ്റ്റർ, 354. [22]“അവന്ന് [ലേഖകൻ] പൗരോഹിത്യം എല്ലാറ്റിന്റെയും അടിസ്ഥാനം ആയിരുന്നു” (നീൽ ആർ. ലൈറ്റ്ഫുട്, *എവരിവൺസ് ഗൈഡ് ടു ഹീബ്രൂസ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 2002], 95). [23]ബ്രൂസ്, 145. [24]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമന്ററി ഓൺ ഹീബ്രൂസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1971), 157. [25]ഈ പ്രയോഗത്തിന്റെ വിവിധ രൂപങ്ങൾക്ക് നോക്കുക, മത്തായി 1:1; 9:27; 12:23; 15:22; 20:30, 31; 21:9, 15 (മത്താ. 22:45; മർ. 10:47, 48; 12:35; ലൂക്കൊ. 1:32; 18:39). [26]ഹ്യൂഗ്സ്, 259. [27]ഡൊണാൾഡ് എ. ഹാഗ്നർ, *എൻകൗണ്ടറിങ്ങ് ദ ബുക്ക് ഓഫ് ഹീബ്രൂസ്: ആൻ എക്സ്പൊസിഷൻ*, എൻകൗണ്ടറിങ്ങ് ബിബ്ലിക്കൽ സ്റ്റഡീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കാഡമിക്, 2002), 102. [28]മില്ലിഗൺ, 260. [29]ഹ്യൂഗ്സ്, 264. [30]മില്ലിഗൺ, 261.

[31]ജെയിംസ് മാക്ക്നൈറ്റ്, *ഏ ന്യൂ ലിറ്ററൽ ട്രാൻസ്ലേഷൻ, ഫ്രം ദ ഒറിജിനൽ ഗ്രീക്ക് ഓഫ് ആൾ ദ അപ്പോസ്റ്റോലിക്കൽ എപ്പിസ്റ്റിൽസ് വിത്ത് എ കമന്ററി ആന്റ് നോട്ട്സ്* (എഡിൻബർഗ്: ബൈ ദ ആതർ, 1795; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:

ബേക്കർ ബുക്ക് ഹൗസ്, 1984), 539. [32]ബ്രൂസ്, 148. [33]"ഉപയോഗശൂന്യം" എന്ന് (7:18) എൻഎഎസ്ബിയിൽ ഏകദേശം പരുഷമായിട്ടാണ് കാണുന്നതെന്ന് തോന്നുന്നു, കാരണം ന്യായപ്രമാണം അതിന്റെ ഉദ്ദേശം നിറവേറി, അതായത് പാപത്തിന്റെ സ്വാഭാവത്തെയാണ് അത് കാണിച്ചിരുന്നത്. എങ്ങനെയായാലും, അത് "ഉപയോഗശൂന്യമാകുകയും" നിത്യ രക്ഷ നൽകുകയും ചെയ്തു. [34]റേ സി. സ്റ്റെഡ്മാൻ, *ഹീബ്രൂസ്*, ദ ഐവിപി ന്യൂ ടെസ്റ്റമെന്റ് കമെന്ററി സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്സ്, 1992), 82–83, എൻ. ആരാധകന്റെ ഹൃദയ മനോഭാവം യാഗത്തോളം ദൈവ പ്രസാദത്തിന് ഉപകാരപ്രദമായില്ല, പാപി നീതീകരിക്കപ്പെടേണ്ടതിന് ഉപകാരപ്പെട്ടില്ല. എന്നാൽ ക്രിസ്തുവിന്റെ മരണശേഷം ആണ് പാപത്തിനുള്ള പൂർണ്ണ പരിഹാരം ആയത്. [35]മാക്ക്നൈറ്റ്, 539. [36]ഗത്രി, 165. [37]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 145. [38]ബ്രൗൺ, 134. [39]ജോസെഫസ് *ആന്റികിറ്റീസ്* 20.10.1. [40]ജോസെഫസ് *എഗൻസ്റ്റ് അപ്പിയോൻ* 1.22.

[41]വില്യം ബാർക്ലെ, *ലെറ്റർ ടു ദ ഹീബ്രൂസ്*, 2ഡ് എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്സ്, 1957), 87. [42]ജോസെഫസ് *ആന്റികിറ്റീസ്* 20.10.1; *വാർസ്* 4.3.7–8. [43]റീസ്, 119. [44]ബ്രൂസ്, 154. [45]ഇവിടെ ഉപയോഗിച്ചിരിക്കുന്ന വർത്തമാനകാലം തെളിയിക്കുന്നത്, അവൻ പക്ഷവാദം തുടരുന്നു എന്നാണ്. (ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 146–47.) [46]വാൾട്ടർ ബൗർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 2ഡ് എഡി., റവ. വില്യം എഫ്. ആൺട് ആന്റ് എഫ്. വിലിബർ ഗിങ്ഗ്റിച്ച് (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്സ്, 1957), 589. [47]ബാർക്ലേ, 89. [48]"ഇരുട്ടിനെ" ബൈബിളിൽ ധാരാളം പ്രാവശ്യം പറഞ്ഞിരിക്കുന്നു (ലൂക്കൊ. 1:79; 22:53; യോഹ. 1:5; 3:19; 8:12; 12:35, 46; പ്രവൃ. 26:18; റോമർ. 2:19; 13:12; 2 കൊ. 6:14; എഫെ. 5:8, 11; 6:12; കൊലൊ. 1:13; 1 തെസ്സ. 5:4, 5; 1 പത്രൊ. 2:9; 1 യോഹ. 1:6; 2:8, 9, 11). [49]*മിഷ്നാ യോമ* 3.8. [50]ഹ്യൂഗ്സ്, 275.

[51]ഫിലൊ *സ്പെഷ്യൽ ലോസ്* 3.131. [52]തോമസ് ഹെവിറ്റ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി*, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960), 127. [53]ബ്രുസ്, 158–59. അത്തരം ഊഷ്മളത 2 മക്കാബീസ് 7:37–40; 4 മക്കാബീസ് 6:27–30; 17:22; 18:3, 4 എന്നീ ദൈവശ്വാസീയമല്ലാത്ത എഴുത്തുകളിൽ കാണാം. [54]സൈമൺ ജെ. കിസ്റ്റേമേക്കർ, *എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*, ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984), 208. [55]ഹ്യൂഗ്സ്, 279. [56]മത്താ. 26:30; മർ. 14:26; പ്രവൃ. 16:25; റോമർ. 15:9; 1 കൊ. 14:15; എഫെ. 5:19; കൊലൊ. 3:16; എബ്രാ. 2:12; യാക്കോ. 5:13. [57]പ്രവൃത്തികൾ 2 ന് ശേഷം "കർത്താവ്" എന്ന വാക്ക് സാധാരണ യേശുക്രിസ്തുവിനെയാണ് പറയുന്നത്. നമുക്ക് വാസ്തവമായും "ഏക കർത്താവ്" ആണ് ഉള്ളത് (എഫെ 4:5). [58]ഈ ചിന്ത പറഞ്ഞത് ജെയിംസ് റ്റി. ട്രാപ്പർ, ജൂനിയർ., *ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ്* (വീറ്റൺ, Ill.: ടിൽഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 194–96.